Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല." (യോഹ)

പുസ്തകം 26 || 1128 മീനം 5 — ബുധനാഴ്ചതോറും — പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1953 മാർച്ച് 18 || ലക്കം 30

## അത്യുന്നത കർദ്ദിനാൾസംഘത്തിലെ അംഗങ്ങൾ



ഗ്രിഗറി പീററർ അഗാഗിയാനിയൻ — അർമീനിയൻ പാത്രിയർക്കീസ്



ജോസഫ് ബ്രൂണോ കൗൺസിൽ തിരുസംഘം പ്രീഫെക്ട്



ജയിംസ് കോപ്പെല്ലോ ബ്യൂനോസ് അയേഴ്സ് ആർച്ചുബിഷപ്പ്



ഫ്രാൻസിസ് ബൊർഗോഞ്ഞിനി ഡ്യൂക്കാ ഇററലിയിലെ അപ്പസ്തോലിക് നുൺഷിയോ



തിയോഡോഷ്യസ് ദി ഗുവെയ്യാ ലോറൻകോ മാർക്വസ് ആർച്ചുബിഷപ്പ്.



വലേരിയൻ ഗ്രേഷ്യസ് ബോംബെ ആർച്ചുബിഷപ്പ്




അന്തോണി കോഗ്ഗിയാനോ — റൊസാരിയോ (അർജൻറീനാ) ആർച്ചുബിഷപ്പ്




ഏലിയാസ് ഡെല്ലാ കോസ്റ്റാ ഫ്ളോറൻസ് ആർച്ചുബിഷപ്പ്



ജോൺ ഡി ആംട്ടൺ അർമാഗ് ആർച്ചുബിഷപ്പ്



കാജെററൻ ചിഠക്കാഞ്ഞാനി സ്പെയിനിലെ അപ്പസ്തോലിക് നുൺഷിയോ



ബനഡിക്റ്റ് അലോയ്സി-മസെല്ലാ — കൂദാശകളുടെ തിരുസംഘത്തിൻെറ പ്രോപ്രിഫെക്ട്




നിക്കോളാസ് കനാലി — ഗ്രാൻഡ് പെനിറാൻഷ്യറി




ബെഞ്ചമിൻ ഡി അരിബാ ഈ കാസ്ട്രോ ടാറാഗോണാ ആർച്ചുബിഷപ്പ്




സെൽസസ് കോൺസ്റ്റന്തീനി പ്രോപ്പഗാന്താ തിരുസംഘം സിക്രട്ടറി



ചാറൽസ് ഡി വാസ്കോൻസല്ലോസ് മോട്ടോ — സാവോ പൗളോ (ബ്രസീൽ) ആർച്ചുബിഷപ്പ്




അഗസ്റ്റ് അൽവാരാ ദ സിൽവാ — ബാഹിയാ ആർച്ചുബിഷപ്പ്




എമ്മാനുവൽ ആർട്ടീഗാ ഈ ബെററാൻകോർട്ട — ഹാവനാ ആർച്ചുബിഷപ്പ്



ചാറൾസ് മേരി ഡി ലാ ടോറെ കിറ്റോ (ഇക്വഡോർ)യിലെ ആർച്ചുബിഷപ്പ്



പീററർ ഫ്യൂമസാണി ബിയോൻഡി - പ്രോപ്പഗാന്താ തിരുസംഘം പ്രീഫെക്ട്



ജയിംസ് ഡി ബാറോസ് കമാറാ റയോ ഡി ജനയീറോ ആർച്ചുബിഷപ്പ്

ചെറുകഥ

# ഐക്യമുന്നണി പൊളിഞ്ഞപ്പോൾ

(ജോസഫ് മററം)

കുഞ്ഞുപെണ്ണിനെ അവിടെ കല്യാണം കഴിച്ചുകൊണ്ടുവന്ന അന്നുതുടങ്ങി, അവൾക്കൊരു നിർബന്ധം. ലൂക്കാച്ചനെക്കൊണ്ടുകൂടെ ഒരു കല്യാണം കഴിപ്പിക്കുക. അതിനു് അവൾ ഒരു പെണ്ണിനെ കണ്ടുവച്ചിട്ടുണ്ടുപോലും. കുഞ്ഞുപെണ്ണിനു് അവിടെ ഒരു കൂട്ടില്ല. ആ വീട്ടിൽ പെണ്ണുങ്ങളേയില്ല, വല്ലതും ഒന്നു മിണ്ടാനോ പറയാനോ ആരുമില്ല. അമ്മായിയമ്മയുമായി എപ്പോഴുമങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുവാനും സാധിക്കുമോ. പിന്നെയുള്ള പോംവഴി ഇതാണു്. രണ്ടനുജന്മാരുള്ളവരിൽ മൂത്തയാളായ ലൂക്കാച്ചനെക്കൊണ്ടു് ഒരു കല്യാണംകഴിപ്പിക്കുക. എല്ലാവർക്കും മനസ്സാണെങ്കിൽ ആ മേക്കാട്ടെ തെയ്യാമ്മയെത്തന്നെ ആകട്ടെ. ആരായാലും വേണ്ടില്ല, അവൾക്കു് കൂട്ടായി ഒരാളുകൂടെ വേണം.

ഒരു നാത്തൂൻ ഉണ്ടായിരുന്നെങ്കിൽ! എന്നവൾ പലപ്പോഴും ആഗ്രഹിക്കാറുണ്ടു്. പക്ഷേ എന്തുഫലം? അവളുടെ ആഗ്രഹം അസ്ഥാനത്താണു്. നാത്തൂന്മാരുടേയും അമ്മായിയമ്മയുടേയും ശല്യത്തെ ഭയപ്പെട്ടു് വിവാഹത്തിലേപ്പെടാൻ മടിച്ചിരുന്ന ഒരു പെണ്ണായിരുന്നു അവൾ. പക്ഷേ ഇന്നവൾക്കു് ഇങ്ങനെ ഒരാഗ്രഹം. അതു നടക്കുകയില്ല എന്നവൾക്കു് അറിയാം. അതുകൊണ്ടു് ഒരു കല്യാണം നടത്താം, ലൂക്കാച്ചനെക്കൊണ്ടു്.

അവൾ അമ്മയോടു് ഈ കാര്യത്തെപ്പററി പറയാത്ത ഒരു ദിവസവുമില്ല. എന്തെങ്കിലും ഭാരമേറിയ ജോലികളുള്ളപ്പോൾ, ആർക്കെങ്കിലും രോഗമായിക്കിടക്കുമ്പോൾ, അവൾക്കൊന്നു വീട്ടിൽ പോകണമെന്നു തോന്നുമ്പോൾ, അപ്പോഴെല്ലാം അവൾ ആ വിവാഹക്കാര്യം എടുത്തിടും. അമ്മയോടു് രഹസ്യമായി പ്പറയും, അപ്പനോടൊന്നു പറയുവാൻ. അപ്പോഴൊക്കെ അവർ പറയും, "ആ, കുറേക്കൂടി കഴിയട്ടെ" എന്നു്.

അങ്ങനെ അങ്ങനെ, അതു് അവിടെ ഒരു ചിന്താവിഷയമായി. കുറേ തെക്കെവിടെയോ പോയി മാത്തുച്ചേട്ടൻ ഒരു പെണ്ണുകണ്ടു. മിക്കവാറും ഉറപ്പിച്ച വിധത്തിൽ തിരിച്ചുപോന്നു. വഴിക്കാരോ പറഞ്ഞു പെണ്ണിന്റെ വല്യപ്പനു് കിറുക്കായിരുന്നെന്നു്. അതുകൊണ്ടു് അതു വേണ്ടായെന്നു് തീരുമാനിച്ചു. വഴിക്കു് ഒരു വീട്ടിൽക്കൂടെ കയറി. കല്യാണ ഇടക്കാരനു് വീടൊക്കെ നല്ല നിശ്ചയമാണു്. അവിടത്തെ പെണ്ണിനു് ലൂക്കാച്ചനെക്കാൾ അല്പംകൂടി വിദ്യാഭ്യാസമുണ്ടു്. അതുകൊണ്ടു് അവർ സ്ത്രീധനം കുറയും. അങ്ങനെയാണെങ്കിൽ ആ കല്യാണം നടക്കാൻപോകുന്നില്ലെന്നു് മാത്തുച്ചേട്ടൻ നിശ്ചയിച്ചു. വീട്ടിൽ വന്നിരുന്നു് പോയ കാര്യങ്ങളെപ്പററിയൊക്കെ പറയുന്നതിനിടയ്ക്കു്, കുഞ്ഞുപെണ്ണു് ഒന്നുകൂടിപ്പറഞ്ഞു മേക്കാട്ടെ തെയ്യാമ്മയുടെ കാര്യം. ആ വീട്ടുകാരുമായി ആലോചിച്ചുപിടിച്ചുവന്നപ്പോൾ അവർക്കു് ഈ കല്യാണം അത്ര പിടുത്തമല്ല. അപ്പോൾ മാത്തുച്ചേട്ടൻ പറഞ്ഞു, "ലൂക്കാച്ചനധികം വയസ്സുമൊന്നുമായിട്ടില്ലല്ലോ!"

അങ്ങനെ ലൂക്കാച്ചന്റെ വിവാഹക്കാര്യം തല്ക്കാലത്തേക്കു് ഒന്നു തണുത്തുപോയി. ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, മാസങ്ങളുടെ മുകളിൽ പിന്നെയും മാസങ്ങൾ, അങ്ങനെ ഒരു വർഷം. അതും കടന്നുപോയി. ഇതിനകം ആ നാട്ടിൽ ചില വിവാഹങ്ങളൊക്കെ നടന്നു. ചിലതൊക്കെ ഉറപ്പിച്ചുകഴിഞ്ഞു; ലൂക്കാച്ചന്റെ തരക്കാർ പലരുടേയും.

എവിടുന്നൊക്കെയോ വിവാഹാലോചനകൾ മാത്തുച്ചേട്ടനെ സമീപിച്ചുതുടങ്ങി. അദ്ദേഹം ഇനി അന്വേഷിച്ചിറങ്ങേണ്ടതായിട്ടില്ല. ആലോചിച്ചു തീരുമാനിച്ചാൽമാത്രം മതി.

ആലോചനകൾ വളരെ നടന്നു. ചെറുക്കനെ കാണാൻ വരുന്നവർക്കൊക്കെ കാപ്പിയും ചോറും തയാറാക്കി കുഞ്ഞുപെണ്ണു മടുത്തു. മരണംവരെ, ജീവിതത്തിന്റെ പങ്കാളിയാകേണ്ട ഒരു വധുവിനെ തിരഞ്ഞെടുക്കുന്ന ശ്രമകരമായ പ്രവൃത്തി എളുപ്പം അങ്ങനെ നടത്താവുന്നതല്ലാ എന്നു ലൂക്കാച്ചനുമറിയാം. കുടുംബം നോക്കണം. കുലം നോക്കണം. നാടു നോക്കണം. സ്ത്രീധനം. നടപടി... അങ്ങനെ പലതും. ഇതൊക്കെ ശരിക്കു് നോക്കാതെ ഒരു വിവാഹം നടത്തുവാൻ മാത്തുച്ചേട്ടൻ തയാറായില്ല.

മാത്തുച്ചേട്ടൻ പെണ്ണിനെ പോയി കണ്ടു. ഇഷ്ടപ്പെടുകയും ചെയ്തു. ലൂക്കാച്ചനും കല്യാണ ഇടക്കാരനുംകൂടി, കോൺവെൻറു് സ്കൂളിനു സമീപം വണ്ടി കാത്തുനിന്നപ്പോൾ അവൾ ആ വഴിക്കു വന്നു. പച്ചസാരിയുമണിഞ്ഞു് സ്കൂളിൽനിന്നും പുറത്തേക്കിറങ്ങിവന്ന പെണ്ണമ്മയുടെ മുഖത്തിനു് വികസിച്ചുവരുന്ന ഒരുറോസാപുഷ്പത്തിന്റെ ലജ്ജയും നൈർമ്മല്യവുമുണ്ടായിരുന്നു.



ലൂക്കാച്ചനും കല്യാണഇടക്കാരനുംകൂടി കോൺവെൻറ്സ്കൂളിനു സമീപം വണ്ടി കാത്തുനിന്നപ്പോൾ അവൾ ആ വഴിക്കുവന്നു.

അങ്ങനെ അതു് ഉറപ്പിച്ചു അപ്പന്റെ ഇഷ്ടമായിരുന്നു അവന്റേയും ഇഷ്ടം. അപ്പനും അമ്മയുംകൂടി നിശ്ചയിച്ചുറപ്പിച്ച ഒരു വിവാഹത്തിനു് എതിരുപറയുവാൻ അവൻ ഇഷ്ടപ്പെട്ടില്ല. കുഞ്ഞുപെണ്ണിന്റെ ചിരന്തനമായ അഭിലാഷം പൂർത്തീകരിക്കപ്പെട്ടു.

നേർമ്മയേറിയ വെണ്മഞ്ഞുസാരിയിൽ പൊതിഞ്ഞു്, മധുരസ്വപ്നങ്ങളും കണ്ടുകൊണ്ടു് ഭൂമിദേവി നിദ്രയിൽ അമർന്നുകിടന്നപ്പോൾ പെണ്ണമ്മ, പ്രതീക്ഷകളുടെ വരണമാല്യവും കോർത്തുകൊണ്ടു് പള്ളിയിലേക്കു നടന്നു.

വിലയേറിയ കസവുവസ്ത്രങ്ങൾക്കോ അരക്കുനിറച്ച കാഞ്ചനക്കഷണങ്ങൾക്കോ അവൾ വില കല്പിച്ചിരുന്നില്ല. എങ്കിലും അവൾ അതിനു് കുറെയൊക്കെ അടിപ്പെടേണ്ടിവന്നു.

ബലിപീഠത്തിന്റെ മുമ്പിൽ നിന്നും, അലൗകികമായ ഒരു ചൈതന്യവിശേഷത്തോടു കൂടി അവർ പുറത്തേക്കിറങ്ങി.........

കുഞ്ഞുപെണ്ണും പെണ്ണമ്മയും. രണ്ടു വീടുകളിൽ ജനിച്ചു വളന്നവർ. രണ്ടു കൈത്തോടുകൾ ഒഴുകി ഒന്നിച്ചുചേരുന്നതുപോലെ അവർ ഒന്നായിത്തീർന്നു. അവൾക്കു വളരെയധികം സംസാരിക്കുവാനുണ്ടു്. വളരെനാൾ തടഞ്ഞുനിർത്തിയിരുന്ന ഒരു ചിറ പൊട്ടി ഒഴുകുന്നതുപോലെയായിരുന്നു അവരുടെസംസാരം. വീടുകളിലെകാര്യങ്ങൾ. പള്ളിക്കൂടങ്ങളിലെ അനുഭവങ്ങൾ. ഓർമ്മവച്ച നാൾതുടങ്ങി അവർ കണ്ടതും കേട്ടതുമായ സകല സംഗതികൾ. അങ്ങനെ ഒരു നൂറുനൂറു കാര്യങ്ങൾ അവർക്കു് പറയുവാനുണ്ടാകും. തങ്ങളുടെ വീടുകളെ അവർ അന്യോന്യം തട്ടിച്ചുനോക്കും. അതൊരവസരമായിരിക്കും തങ്ങളുടെ വീടുകളിലെ വിശേഷങ്ങളും പ്രതാപങ്ങളും ഓരോന്നോരോന്നായി പുറത്തെടുക്കുവാൻ. കുഞ്ഞുപെണ്ണിന്റെ കുടുംബത്തിൽ പഴയകാലത്തു് ഒരാനയുണ്ടായിരുന്നെങ്കിൽ പെണ്ണമ്മയുടെ വല്യപ്പന്റെ അനുജനു് ഒരു കുതിരവണ്ടിയുണ്ടായിരുന്നു. അവരുടെ കുടുംബത്തിന്റെ ആരംഭം കുറവിലങ്ങാട്ടായിരുന്നുപോലും!

അവർ ഒരുമിച്ചേ പള്ളിയിൽ പോവുകയുള്ളൂ. കുളിക്കാൻ പോവുകയുള്ളൂ. ഉണ്ണുന്നതും ഒരുമിച്ചുതന്നെ. എപ്പോഴും അവർ ഓരോരോ കാര്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കും. ആരെങ്കിലും ഒരാൾ വീട്ടിൽ പോകുന്നതു് അവർക്കു് പ്രാണൻ പോകുന്നതുപോലെയാണു്.

നീണ്ട വർഷങ്ങൾ, ചിറകുവിരിച്ചു് ശബ്ദമുണ്ടാക്കാതെ പറന്നുപോയി. മരങ്ങൾ പലപ്രാവശ്യം പൂക്കളണിഞ്ഞു. കായ്ച്ചു. ഫലങ്ങൾ പഴുത്തു കൊഴിഞ്ഞു. ഋതുക്കൾ ഒന്നിനെ ഒന്നനുഗമിച്ചു.........

ഇന്നവർക്കു് പ്രാരബ്ധങ്ങളുണ്ടു്. വീടു് വർദ്ധിച്ചു. ആവശ്യങ്ങൾ പെരുകി. ജോലികൾ പലതാണു്. കുട്ടികളെ സംരക്ഷിക്കണം. വാതരോഗിയായ മാത്തുച്ചേട്ടനെ ശുശ്രൂഷിക്കണം. അടുക്കളജോലികൾ എല്ലാം ചെയ്യണം.... പക്ഷേ ഇന്നും അവർ ഒന്നാണു്. സമയം കിട്ടുമ്പോഴൊക്കെ അവർ അട്ടഹസിക്കും. സംസാരിക്കാൻ വിഷയമില്ലെങ്കിൽ പറഞ്ഞവ തന്നെ പിന്നെയും പിന്നെയും പറയും. ആവർത്തനത്തിലും അവർ സുഖം കണ്ടു.



എപ്പോഴും അവർ ഓരോരോ കാര്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കും.

പലതും പറഞ്ഞു് രസിക്കുമ്പോൾ വീട്ടുജോലികൾ ചിലപ്പോൾ മറന്നുപോയെന്നു വരും. വിശന്നുകരയുന്ന കുഞ്ഞുങ്ങളെ കണ്ടില്ലെന്നും കേട്ടില്ലെന്നും വരും. അപ്പനു കഷായം ശരിപ്പെടുത്താൻ താമസം നേരിട്ടേക്കും. എപ്പോഴും അവർക്കൊരു അയഞ്ഞ സമ്പ്രദായം.

അപ്പോൾ അമ്മയവരെ ശകാരിക്കും. ജോലിചെയ്യാൻ ഓർമ്മിപ്പിക്കും. ചിലപ്പോൾ കുററപ്പെടുത്തും.

അതു് അവർക്കു് രസിക്കുകയില്ല. അവരുടെ സ്വാതന്ത്ര്യത്തിൽ അമ്മ കൈ കടത്തുന്നു. അവർ പിറുപിറുക്കും. കുറേക്കൂടി അലസത പ്രകടിപ്പിക്കും. മുഖം വീർപ്പിച്ചിരിക്കുകയായി, അമ്മായിയമ്മ പോരുതുടങ്ങിയെന്നും പറഞ്ഞു്.

അതു കേട്ടപ്പോൾ അവർക്കു പൊട്ടിച്ചിരിക്കാൻ തോന്നി. വയസ്സുകാലത്തു് തള്ള പോരുതുടങ്ങിയെന്നു്! അവർ പഴയ കാലങ്ങളെപ്പററി ഓർത്തു. അതിനവർക്കു് സാധിക്കുമായിരുന്ന ഒരു കാലമുണ്ടായിരുന്നു. കുഞ്ഞുപെണ്ണൊററയ്ക്കായിരുന്നപ്പോൾ. മൂന്നു വർഷം കഴിഞ്ഞാണു് പെണ്ണമ്മ വന്നതു്. ഇപ്പോൾ കൊല്ലങ്ങൾ മൂന്നുനാലുകൂടി കഴിഞ്ഞു. അപ്പോൾ അമ്മായിയമ്മ വഴക്കുതുടങ്ങിയിരിക്കുന്നെന്നു്! അവർ താടിക്കു് കൈയുംകൊടുത്തു് അവിടെയിരുന്നു.

ആ പെണ്ണുങ്ങൾ ഒരു ഐക്യമുന്നണി നിർമ്മിച്ചു, അമ്മയ്ക്കെതിരായി. അമ്മ എന്തുപറഞ്ഞാലും, ഗുണമായാലും ദോഷമായാലും, എതിർക്കുക. വീട്ടുജോലികൾ വിസ്മരിച്ചു് അലസരായിനടക്കുന്ന മക്കളെ അവർ കുററപ്പെടുത്തിയാൽ അവർ കുത്തുവാക്കുകൾ പറയുകയായി. തള്ള കുഞ്ഞുങ്ങളെ നോക്കിയില്ലെങ്കിൽ കാപ്പി താമസിച്ചു കാലമാക്കുക. അരിശം വരുമ്പോൾ കുട്ടികളെ തല്ലി വേദനിപ്പിക്കുക...... അങ്ങനെ അവർ ഒരു തിരിച്ചടി തുടങ്ങി. അവർ ആൺമക്കളെ വിളിച്ചു ഗുണദോഷിച്ചു. പെണ്ണുങ്ങളെ മര്യാദയ്ക്കു നിറുത്തുവാൻ അവരുടെ കൈക്കു് ഊരും നീരുമുണ്ടായിരുന്ന കാലത്തെപ്പററി അവർ വീണ്ടും ഓർമ്മിച്ചു ..പക്ഷേ അന്നവർ ഭൂമിയോളം ക്ഷമിച്ചു

കുറച്ചുദിവസംകൂടി കഴിഞ്ഞു. വാതരോഗിയായിരുന്ന മാത്തുച്ചേട്ടൻ മരിച്ചു. ആ വീട്ടിൽ ആ തള്ളയ്ക്കുള്ള സ്ഥാനത്തെപ്പോലും അവർ ചോദ്യംചെയ്തു. അവർ കൊഴിയാറായ ഒരു പുഷ്പമാണു്. പുതിയ പുഷ്പങ്ങൾക്കു് വികസിക്കുവാൻ അവർ സ്ഥലം വിട്ടുകൊടുക്കണം. ഇനി വീട്ടുകാര്യങ്ങൾ അന്വേഷിക്കേണ്ടതു് അവരാണു്. "അറയുടെ താക്കോൽ ഏൽപ്പിച്ചു" തള്ള പെൻഷൻപററേണ്ട അവധി കഴിഞ്ഞു എന്നാണവരുടെ ഭാവം.

ഒരു ദിവസം രാവിലെ അറയും താക്കോലും അവരെ ഏല്പിച്ചു്, അവരിറങ്ങി ഒരു നടകൊടുത്തു, അവരുടെ വീട്ടിലേക്കു്. അവർക്കിനി തീയിലും വെള്ളത്തിലും വീഴാതെ സൂക്ഷിക്കേണ്ട കുഞ്ഞുങ്ങളില്ല. അവരെ നിയന്ത്രിക്കുവാനും ഭരിക്കുവാനും തുടങ്ങുന്ന മക്കളേയുള്ളൂ. "ഇഷ്ടംപോലെയൊന്നു നടത്തട്ടെ, കാണാമല്ലോ." ഗൃഹഭരണമെല്ലാം മക്കളെ ഏല്പിച്ചു് അവർ അവരുടെ വീട്ടിലേക്കു പോയി.

ഒരാഴ്ചയായിട്ടും അമ്മയെ കാണുന്നില്ല. ലൂക്കാച്ചൻ അന്വേഷിച്ചു ചെന്നു. "നീ പൊയ്ക്കോ. ഞാൻ കുറച്ചുനാളുകൂടെ കഴിഞ്ഞിട്ടേയുള്ളൂ." അവർ പറഞ്ഞു.

വീട്ടുജോലികൾ മുഴുവൻ അവരുടെ തോളിലായി; കുഞ്ഞുപെണ്ണിന്റേയും പെണ്ണമ്മയുടേയും. അവർ ഭരണം തുടങ്ങി. ആ നിമിഷംവരെ അവർ ഭരിക്കപ്പെടുകയായിരുന്നു. ഇന്നവർ ഭരിക്കുന്നു. ഭർത്താക്കന്മാരെ...കുട്ടികളെ.... ജോലിക്കാരെ... പശുക്കളെ.. അങ്ങനെ.അവരുടെ നിർദ്ദേശങ്ങളും ശാസനകളുംകൊണ്ടു് ആ വീടു് മുഖരിതമായി.

അവരെ നിയന്ത്രിക്കാനാരുമില്ല. അക്കാര്യത്തിൽ ലൂക്കാച്ചനും മററും ഒരു പരാജയമായിരുന്നു. അവർ അല്പം സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു.

ഇന്നവർ സ്വതന്ത്രരാണു്. ഓരോരുത്തരും ഇഷ്ടാനുസരണം കൈകാര്യം തുടങ്ങി. അമ്മയുടെ ശിക്ഷണത്തിൻ കീഴിൽ കഴിഞ്ഞിരുന്ന അവർ സ്വതന്ത്രമായ ഭരണം തുടങ്ങിയപ്പോൾ മാത്സര്യം അവിടെ പതുക്കെ തലയുയർത്തി.

കുഞ്ഞുപെണ്ണു വിചാരിക്കും പെണ്ണമ്മ കറിക്കരയ്ക്കട്ടെ, എന്നു്. അവളുടെ കൈയിൽ കുഞ്ഞാണു്. അതു വല്ലാതെ കരയുന്നു. അതുകൊണ്ടു് അവൾക്കു് സാദ്ധ്യമല്ല. അതു് കുഞ്ഞുപെണ്ണിനുമറിയാം. "എനിക്കു വേറെ പണിയൊണ്ടു്." അവൾ കുറെ എണ്ണയും കോരി തലയിലൊഴിച്ചു് തോട്ടിലേക്കു് ഒരു നടപ്പു്.

മാത്സര്യം മൂത്താൽ ചിലപ്പോൾ ഉച്ചവരെ മുററമടിക്കാതെ കിടക്കും. അടുപ്പിൽ തീകത്തിക്കുവാൻ താമസിക്കും. ഉണന്നെഴുന്നേല്ക്കാൻ താമസംവരും. കുഞ്ഞുങ്ങൾ വിശന്നുകരയും. ഉച്ചയൂണു് നാലുമണിക്കായെന്നുംവരും. അവർ അന്യോന്യം ഭർത്താക്കന്മാരോടു് ആവലാതിപ്പെടും. മൂന്നുനാലു ജോലിക്കാരുള്ള ഒരു ദിവസം. അന്നു കാപ്പി താമസിച്ചുപോയതിനു് അയാൾ കുഞ്ഞുപെണ്ണിനെ ഒരു കാപ്പിവടികൊണ്ടു് മൂന്നുനാലു തല്ലി. അവൾ, വേദനകൊണ്ടു് വാവിട്ടു നിലവിളിച്ചു.

(ശേഷം 4-ാം പേജിൽ)



എമ്മാനുവൽ
ഗോൺസാൽവസ്
സെറിജീറാ — ലിസ്ബൺ
പാത്രിയാർക്കീസ്



നോർമൻ ഗിൽറോയി
സിഡ്നി ആർച്ചുബിഷപ്പ്



ജോസഫ് വാൻ റോയി
മലീൻസ് (ബെൽജിയം)
ആർച്ചുബിഷപ്പ്



എഡ്വേർഡ് മൂണി
ഡിട്രോയിററ്
ആർച്ചുബിഷപ്പ്



ഫ്രാൻസിസ് സ്പെൽമൻ
ന്യൂയോർക്ക് ആർച്ചുബിഷപ്പ്



ജോസഫ് ഫ്റിൻങ്സ്
കൊളോൺ ആർച്ചുബിഷപ്പ്



ജോൺ ഗ്വേവാരാ — ലിമാ
(പെറു) ആർച്ചുബിഷപ്പ്



വലേരിയസ് വലേരി
പൗരസ്ത്യസഭാ തിരുസംഘം
അസ്സസർ



ജയിംസ് മക്ഗിഗൻ
ടോറന്റോ ആർച്ചുബിഷപ്പ്



ജോസഫ് സിറി
ജിനോവാ ആർച്ചുബിഷപ്പ്



പീററർ ഗെർലിയെ
ലയൺസ് ആർച്ചുബിഷപ്പ്



അലക്സാണ്ടർ വെർഡെ
ലിബേരിയൻ ബസ്ലീക്കാ
ആർച്ചുപ്രീസ്റ്റ്



യൂജിൻ തിസ്സരാ
പൗരസ്ത്യസഭാ
തിരുസംഘം സെക്രട്ടറി



ഇഗ്നേഷ്യസ് ടപ്പൂണി
അന്ത്യോഖ്യാപാത്രിയർക്കീസ്



പീററർ സെഗ്ഗുരാ ഇ സേൻസ് — സെവില്ലെ (സ്പെയിൻ)
ആർച്ചുബിഷപ്പ്



ജോർജ്ജ് ഫ്രാൻസിസ്
എക്സ്. എം. ഗ്രെന്തെ
ലെമാൻസ് ആർച്ചുബിഷപ്പ്



ജോസഫ് വെൻഡൽ
മ്യൂനിച്ച് ആർച്ചുബിഷപ്പ്




തോമസ് ടീയെൻ കെൻ-
സിൻ ട്സീങ്ടോവിലെ
(ചൈനാ)
വികാരി അപ്പസ്തോലിക്ക



സാമുവൽ സ്ട്രിററ്ച്ച്
ചിക്കാഗോ ആർച്ചുബിഷപ്പ്



ഫെർഡിനാൻഡ് ക്വിറോഗാ
ഇ പലാസിയോസ്
സന്ത്യാഗോ ദെ കമ്പോസ്റ്റേലാ
ആർച്ചുബിഷപ്പ്



ബർണാർഡ് ഗ്രിഫിൻ
വെസ്റ്റ്മിനിസ്റ്റർ
ആർച്ചുബിഷപ്പ്



സ്റ്റീഫൻ വിഷ്യൻസ്കി
വാർസോ ആർച്ചുബിഷപ്പ്



ഫ്രഡറിക് ടെഡെഷീനി
പരിശുദ്ധപിതാവിന്റെ
ഡേററി



അലോഷ്യസ് സ്റ്റെപ്പിനാക്ക
സഗ്രെബ് ആർച്ചുബിഷപ്പ്



ആൻജെലോ ജോസഫ്
റോങ്കാല്ലി — ഫ്രാൻസിലെ
അപ്പസ്തോലിക് നൺഷിയോ

# അനന്തരകരണീയം

(ഫാദർ സെയിൽസ് ടി. ഒ. സി. ഡി.)

നമ്മുടെ ശതാബ്ദജൂബിലിയാഘോഷങ്ങൾ എല്ലാവരുടെയും പ്രതീക്ഷയിൽ കവിഞ്ഞ് വിജയമകുടം ചൂടിയെന്നു് ന്യായമായി അഭിമാനിക്കുന്നവരാണു് നാമെല്ലാവരും. നല്ലതുതന്നെ. എന്നാൽ ആഘോഷവിജയങ്ങൾ നമ്മെ ഇനിയും കർത്തവ്യനിരതരാക്കുന്നില്ലെങ്കിൽ, വ്യക്തിപരവും കുടുംബപരവും സാമൂഹ്യവും രാഷ്ട്രീയവുമായ നമ്മുടെ ജീവിതരംഗങ്ങളിൽ സാരമായ പരിവർത്തനം സംഭൃതമാക്കുന്നില്ലെങ്കിൽ, പത്തൊൻപതു നൂററാണ്ടുകളായി നമ്മുടേതെന്നു് നാം അഭിമാനിക്കുന്ന ക്രിസ്തീയപൗരാണികത്വവും ആഭിജാത്യവും സജീവമായ കത്തോലിക്കാപ്രവർത്തനങ്ങളിൽ പ്രകടമാക്കുന്നതിനു് നാം ഇനിയും അലസത പ്രദർശിപ്പിക്കുന്നെങ്കിൽ, നാം വ്യർത്ഥാഭിമാനികളാണെന്നു് പറയേണ്ടിവരികയില്ലേ? ആകയാൽ ജൂബിലിയാഘോഷങ്ങളുടെ ഫലമായി ഒരു അഭിനവകേരളം, അല്ലാ ഒരു നവഭാരതംതന്നെ സംവിധാനം ചെയ്യുന്നതിൽ കേരളീയകത്തോലിക്കരായ നാം സ്വീകരിക്കേണ്ട ഭാവിപരിപാടികളെപ്പററിയുള്ള ചില പരിചിന്തനങ്ങൾ വായനക്കാരുടെ മുമ്പിൽ വിനയപൂർവ്വം സമർപ്പിക്കുവാനാണു് ഈ വിനീതയത്നം.

### വിപത്ഘട്ടത്തെപ്പററിയുള്ള ബോദ്ധ്യം

1952 ഫെബ്രുവരിമാസം 10-ാംനു- നമ്മുടെ പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് റോമായിലെ മെത്രാൻ എന്ന നിലയിൽ റോമ്മിലെ കത്തോലിക്കരോടു ചെയ്ത ഉൽബോധനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. "ലോകം അതിൻെറ അസ്തിവാരംതൊട്ടു് പുനരുദ്ധരിക്കപ്പെടണം. അതു കിരാതത്വത്തിൽനിന്നു് മനുഷ്യത്വത്തിലേക്കും, മനുഷ്യത്വത്തിൽനിന്നു് ദൈവത്വത്തിലേക്കും രൂപാന്തരീകരിക്കപ്പെടണം....ആധുനികലോകത്തെ വലയംചെയ്തിരിക്കുന്ന വിപത്തുകൾ സാംക്രമികവ്യാധികളെക്കാൾ, പ്രകൃതിയുടെ പ്രകോപനങ്ങളെക്കാൾ, ഭയാനകങ്ങളാണു്. ആഗോളവ്യാപകമായ ഈ ദൗർഭാഗ്യത്തിൻെറ കാരണം ജനസാമാന്യത്തിൻെറ നിർഗ്ഗുണമനസ്ഥിതിയും, പരസ്യവും രഹസ്യവുമായ ജീവിതത്തിൽ മനുഷ്യൻ പ്രകടിപ്പിക്കുന്ന അധഃപതിച്ച ധാർമ്മികമായ മനോഭാവവുമാണു്. ഏവംവിധമായ ലോകത്തിൻെറ വഷളത്തത്തെ ദർശിച്ചുകൊണ്ടു നല്ലമനുഷ്യർക്കു നിശ്ശേഷ്ടമായി ഇരുന്നുകൂടാ."

ഭാരതവും, പ്രത്യേകിച്ച് കേരളവും പുനരുദ്ധരിക്കപ്പെടുകയും, ക്രിസ്തീയമായി രൂപാന്തരീകൃതമാവുകയും ചെയ്യുക അവശ്യാവശ്യമാണെന്നു് പരിഭ്രാന്തജനകമായ നമ്മുടെ ചില സ്ഥിതിഗതികൾ നമ്മെ വിളിച്ചറിയിക്കുന്നുണ്ടു്. ദൈനംദിനം സമുദായമദ്ധ്യേ സ്നേഹത്തിനുപകരം വെറുപ്പാണു് വളർന്നുവരുന്നതു്. സർവ്വലോകസ്രഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുകയോ, അവിടുത്തെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെ സ്നേഹിക്കുകയോ ചെയ്യുക മനുഷ്യനു് ഏതാണ്ടു് അസഹ്യമായിവരുന്നു. സ്നേഹം എന്ന സുന്ദരമായ ആശയത്തിനു് മനുഷ്യഹൃദയം സ്ഥാനംകൊടുക്കുന്നതു് വളരെ വിഷമിച്ചിട്ടാണെന്നു് തോന്നിപ്പോകുന്നു. അസ്തിവാരം തെററിയ ഈ പതനത്തിൽനിന്നുകൊണ്ടു് അവകാശവാദം ചെയ്യുന്ന മനുഷ്യവ്യക്തി, അവൻ ചെയ്യുവാനുള്ള ധർമ്മനിർവഹണത്തെപ്പററി വിസ്മരിക്കുന്നതിൽ അത്ഭുതമില്ല. നീതിയും സ്നേഹവും വെടിഞ്ഞു പെരുമാറുന്ന മുതലാളിമാരെ സ്വാഭാവികമായി തൊഴിലാളികൾ വെറുക്കുന്നു; അങ്ങനെതന്നെ നീതിനിപുണതയോടുകൂടി ചെയ്യാനുള്ള ജോലി ചെയ്യാതെ മുതലാളിമാരെ മടുപ്പിക്കുന്ന പണിമുടക്കിലും മററു സാഹസികകൃത്യങ്ങളിലും മററും ഏർപ്പെട്ടു് തൊഴിലാളികൾ മുതലാളികളെ ജന്മശത്രുക്കളായി പരിഗണിക്കുന്നു. വർഗ്ഗീയവൈരം മൂത്തു സാമുദായികഗാത്രം ശോഷിച്ചുവശാകുന്നു. ദമ്പതിമാർ ദാമ്പത്യനീതിയേയും സ്നേഹത്തേയും കുടുംബങ്ങളിൽനിന്നു് ഉച്ചാടനം ചെയ്തുകൊണ്ടിരിക്കുന്നതിൻെറ ദുരന്തഫലമായി കുടുംബജീവിതം ശിഥിലീഭവിച്ചുവരികയാണു്. പിതൃപുത്രബന്ധത്തിൻെറ പവിത്രതയും, ഗുരുശിഷ്യബന്ധത്തിൻെറ പരിപാവനതയും, ഇങ്ങിനിവരാതവണ്ണം കുടുംബങ്ങളിൽനിന്നും സമുദായങ്ങളിൽനിന്നും മറയുകയാണു്. യുവതീയുവാക്കന്മാർ ചാരിത്രശുദ്ധിയുടെയും നിഷ്കളങ്കതയുടെയും മാഹാത്മ്യം മറന്നു് മലീമസങ്ങളും ശാപഗ്രസ്തങ്ങളുമായ മാർഗ്ഗങ്ങളിലൂടെ യഥേഷ്ടം ചരിക്കുവാൻ പ്രേരണനൽകുന്ന ചലച്ചിത്രങ്ങളും ലക്ഷ്യംതെററിയ സുകുമാരകലകളും സമുദായരംഗത്തു നിർലജ്ജം പ്രദർശിപ്പിക്കപ്പെടുന്നു. പ്രതിദിനപ്പത്രങ്ങളും, വാരികകളും, മാസികകളും സമുദായഗാത്രത്തിൽ വ്യാജങ്ങളും വഞ്ചനയും വർഗ്ഗീയവൈരവും കുത്തിച്ചെലുത്തി സാമൂഹ്യജീവിതത്തെ അധഃപതിപ്പിക്കുവാനുള്ള ദൂഷിച്ച ഒരു വ്യവസായമായി രൂപമെടുത്തിരിക്കുകയാണു്. വിദ്യാലയങ്ങളും കലാലയങ്ങളും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ മാനസികവും കായികവുമായ കഴിവുകളെ സമ്യക്കായി വികസിപ്പിച്ചു് അവരുടെ വ്യക്തിത്വത്തെ പരിപുഷ്ടമാക്കി ജീവിതക്കളരിയിലേക്കു് അവരെ പരിശീലിപ്പിക്കുന്നതിനുപകരം ജീവിതത്തെ അവതാളപ്പെടുത്തുന്നതിനു് പ്രേരകമാകുന്ന അച്ചടക്കരാഹിത്യത്തിൻെറയും ദുസ്സ്വാതന്ത്ര്യപ്രകടനങ്ങളുടേയും നിർഭാഗ്യകരമായ രംഗമായിത്തീർന്നിരിക്കുന്നതു മാനവസമുദായത്തിൽ വിശ്വസിക്കുന്ന ഏതൊരു പൗരൻെറയും ഹൃദയത്തെ സ്പർശിക്കാതിരിക്കുകയില്ല. രാഷ്ട്രീയരംഗങ്ങളിൽ നാം കാണുന്ന ചില പേക്കൂത്തുകളും, ജനകീയഭരണത്തെ ജനങ്ങൾ പഴിക്കുന്നതിനിടയാകുന്ന അനുഭവങ്ങളും, സ്വതന്ത്രഭാരതത്തിലാണു് നാം ജീവിക്കുന്നതെന്നല്ല, യഥാർത്ഥരാഷ്ട്രീയസ്വാതന്ത്ര്യത്തിൽനിന്നു് നാം ഇനിയും വിദൂരത്താണു് എന്നുള്ള അനുമാനത്തിലേക്കാണു് നമ്മെ എത്തിക്കുന്നതു്.

ഏവംവിധം അപകടനിബിഡമായ ഒരു സന്ധിയിലാണു് നാം ജീവിക്കുന്നതെന്നുള്ള ബോദ്ധ്യം ആദ്യമായി നമുക്കുണ്ടാകണം. ആപത്തുകയെപ്പററി ബോദ്ധ്യമില്ലാതിരുന്നാൽ പ്രതിവിധികൾ നേടുക അസാദ്ധ്യമായി ഭവിക്കും. നമ്മുടെ കത്തോലിക്കാജീവിതം അഥവാ ക്രിസ്തീയ ചൈതന്യം എങ്ങനെയുള്ളതാണെന്നു് ഓരോ ക്രിസ്ത്യാനിയും ആത്മപരിശോധന നടത്തുകയും, നാശോന്മുഖമായ ലോകത്തെ സമുദ്ധരിക്കുന്നതിനു് വ്യക്തിപരമായി ഓരോരുത്തനും വല്ലതും ചെയ്യുവാനുണ്ടോ എന്നു് ചിന്തിക്കുകയും ചെയ്യുന്നതിനു് നമുക്കുണ്ടാകുന്ന പ്രബുദ്ധത അഥവാ ബോദ്ധ്യം നമ്മെ നിർബന്ധിക്കാതിരിക്കുകയില്ല.

പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നമ്മുടെ ജൂബിലിയാഘോഷങ്ങളുടെ സമാപനത്തിൽ ചെയ്ത പ്രക്ഷേപണത്തിൽ "നശീകരമായ നിരീശ്വരത്വത്തിൻെറ ഘടകങ്ങൾക്കു വിരോധമായി നിങ്ങൾ ഒരു സൈന്യവ്യൂഹത്തെ നിങ്ങളിൽനിന്നുതന്നെ രൂപവൽകരിക്കണ"മെന്നു് ഉൽബോധിപ്പിച്ചിരിക്കുന്നതു് കഴിയുന്നത്ര വേഗം നാം പ്രായോഗികമാക്കിത്തീർക്കേണ്ടതാണു്. അതാണു് നമ്മുടെ "അനന്തരകരണീയം."

——

(2-ാം പേജ് തുടർച്ച)

അവരവരുടെ കുഞ്ഞുങ്ങളെ കൂടുതൽ സംരക്ഷിക്കുവാനൊരു ശ്രമം. കൂടുതൽ ചോറുകൊടുക്കാൻ. കറികൊടുക്കാൻ. പാലും പഴവും പഞ്ചസാരയും നൽകാൻ. ഒളിവിലും മറവിലുംവച്ചു് ചില ചില്ലറ സംഭാവനകൾ. അതു കണ്ടുപിടിച്ച മുറേറക്കുഞ്ഞിൻെറ കരച്ചിൽ. അവർ തമ്മിലുള്ള കലഹം തള്ളമാരുടെ ബലപരീക്ഷണത്തിലവസാനിക്കും. അവരന്യോന്യം അസഭ്യംപറയും. കുട്ടികളെ പ്രഹരിക്കും. വീടിൻെറയും വീട്ടുകാരുടേയും പൂർവ്വചരിത്രങ്ങൾ അന്യോന്യം കെട്ടഴിച്ചു വിളമ്പും.

ഒരാൾ തവിയെടുക്കും. മറെറയാൾ തീക്കൊള്ളിയെടുക്കും. പശുക്കൾ കൂട്ടിൽ കുത്തുനടത്തുന്നതുപോലെ ഒരു ചെറിയ ബഹളം. കുറെക്കഴിയുമ്പോൾ എല്ലാം ശാന്തമാകും.

അണിയറയിലെ ഈ കോലാഹലങ്ങൾ ലൂക്കാച്ചനും മററും അറിഞ്ഞെന്നുവരികയില്ല. അഥവാ അറിഞ്ഞാലും അവരങ്ങു് കണ്ണടച്ചുകളയും. പുറത്തുവല്ലവരും അറിഞ്ഞാൽ അവർക്കല്ലേ അതിൻെറ ക്ഷീണം?

കുഞ്ഞുപെണ്ണിൻെറ അപ്പൻ അവിടെ വന്നപ്പോൾ അവൾ സകല വിവരവും തന്മയത്വമായി അയാളെ വിവരിച്ചുകേൾപ്പിച്ചു. "ഈ പിശാചിൻെറകൂടെ എനിക്കു് താമസിക്കാൻ മേലാ." അവൾ വിങ്ങിക്കരഞ്ഞു.


"ഉടനെ പോംവഴിയുണ്ടാക്കാം." അയാൾ ഇറങ്ങിനടന്നു.

പെണ്ണമ്മയുടെ അമ്മ, ഭരണങ്ങാനത്തിനുപോയിട്ടു് ആ വഴിക്കു വന്നപ്പോൾ അവൾ പറഞ്ഞു: "അമ്മേ! ഈ നരകത്തിൽ കെടക്കാൻ എന്നെക്കൊണ്ടൊക്കുകേലാ. ഞാനും പോരുന്നു അമ്മേടെകൂടെ."

"എടാ ലോക്കാച്ചാ. വേറെ ഒരു പെരവച്ചിട്ടു് നീയങ്ങു വന്നാമതി." അവർ പെണ്ണമ്മയുടെ



ഒരാൾ തവിയെടുക്കും. മറെറയാൾ തീക്കൊള്ളിയെടുക്കും.



ഒരു ദിവസം രാവിലെ അവരിറങ്ങി ഒരു നടകൊടുത്തു, അവരുടെ വീട്ടിലേക്ക്

കൈക്കുപിടിച്ചു് ഇറങ്ങിപ്പോയി. അയാൾക്കും അതു സമ്മതമായിരുന്നു.

ഈ സംഭവങ്ങളെല്ലാം കേട്ടപ്പോൾ ആ തള്ള പൊട്ടിച്ചിരിച്ചു. ഇതൊക്കെ അവർ പ്രതീക്ഷിച്ചിരുന്നതാണു്.

കുഞ്ഞുപെണ്ണു് തനിച്ചായി. അവൾ മൂന്നുപ്രാവശ്യം അമ്മയ്ക്കാളയച്ചു. അവർ വന്നില്ല. ഒരു ദിവസം പിള്ളേരെ വീട്ടിലാക്കിയിട്ടു് അവൾ അമ്മവീട്ടിലേക്കു നടന്നു. അവൾക്കിന്നു് ഒരമ്മയെ ആവശ്യമാണു്.

അവർ പിന്നെയും വീട്ടിലേക്കുവന്നു, ഒരു പരീക്ഷയിൽ ജയിച്ച വിദ്യാർത്ഥിയുടെ മുഖഭാവത്തോടെ. കുഞ്ഞുപെണ്ണിനോടുള്ള സ്നേഹംകൊണ്ടല്ല, ദയകൊണ്ടു്.

ആ വീടു് ആകപ്പാടെ ഒന്നു മാറിയതുപോലെ. തട്ടിലും മററും ചിലന്തിവലകൾ. തിണ്ണയിലെല്ലാം ചപ്പും ചവറും പൊടിയും. അടിയും വാരുമില്ലാത്തതുപോലെ. തള്ള അവരാരേയും ശകാരിച്ചില്ല. അവരുടെ ശുഷ്കിച്ച കൈകൾ ചുറുചുറുക്കോടെ നൂറുനൂറു കാര്യങ്ങൾ ചെയ്തുതീർത്തു. ഒരു വനം വെട്ടി നന്നാക്കിയതുപോലെയുള്ള സംതൃപ്തി ആ ചുളിവീണ മുഖത്തു കളിയാടി.

ഭാഗം ഒക്കെ നടന്നു. ലൂക്കാച്ചൻ ഒരു പുതിയ പുരവച്ചു. അങ്ങനെ ലൂക്കാച്ചനും പെണ്ണമ്മയുംകൂടി ഒരു വീടു് ആരംഭിച്ചു. ഭാഗം നടത്താനും, ലൂക്കാച്ചനെ വേറെയാക്കാനുമായി കുഞ്ഞുപെണ്ണിൻെറയും പെണ്ണമ്മയുടേയും വീട്ടുകാർ വന്നിട്ടുണ്ടായിരുന്നു.

പിള്ളേരെയെല്ലാം ഓരോ കുററിയിൽ കെട്ടി എന്ന ചാരിതാർത്ഥ്യത്തോടെ, ആ തള്ള അവരുടെ വീട്ടിലേക്കു് പോകാൻ ഒരുമ്പെട്ടു. പക്ഷെ അവർ വിട്ടില്ല. പ്രത്യേകിച്ചു് ആ പെണ്ണുങ്ങൾ.

കുഞ്ഞുപെണ്ണിനു് അമ്മയെ വലിയ കാര്യമാണു്. അവരെ സംരക്ഷിക്കുന്നതു് പോരാ എന്നുപോലും ചിലപ്പോൾ അവൾ ഭർത്താവിനോടു് പറയാറുണ്ടു്. അമ്മയവിടെയുണ്ടെങ്കിൽ കൊച്ചുങ്ങളെ നോക്കിക്കൊള്ളും. കറിക്കൊരുക്കിക്കൊടുക്കും. അങ്ങനെ ചെറിയ ജോലികളൊക്കെ അവർ ചെയ്തുകൊള്ളും. "അമ്മ പിള്ളേരെ നോക്കിയാമതി." അവൾ പലപ്പോഴും പറയും. പക്ഷെ ആ തള്ള അടങ്ങിയിരിക്കുകയില്ല. അവർ ജോലിചെയ്യാനു് ശീലിച്ചതു്. എന്തെങ്കിലും എടുക്കാതിരിക്കയില്ല.

ചിലപ്പോൾ പെണ്ണമ്മവന്നു് അമ്മയെ കൂട്ടിക്കൊണ്ടുപോകും. അവളുടെ കൈക്കുഞ്ഞിനെ അമ്മയുടെ സംരക്ഷണയിലാക്കിയിട്ടുവേണം അവൾക്കെന്തെങ്കിലും പണിയെടുക്കാൻ.

അവർ തമ്മിൽ പിന്നെയും സ്നേഹിച്ചു. പക്ഷെ ഒരു ഐക്യമുന്നണി നിർമ്മിക്കാൻമാത്രം ധൈര്യമില്ല; അതു് സാദ്ധ്യവുമല്ല. തള്ളയ്ക്കു് രണ്ടുപേരും ഒന്നുപോലെയാണു്. രണ്ടുവീട്ടിലുമായി അവർ ജീവിതം നയിക്കുന്നു.

പഴയ സംഭവങ്ങൾ പുളിച്ചുതികട്ടിവരുമ്പോൾ ആ തള്ള പൊട്ടിച്ചിരിച്ചുപോകാറുണ്ടു്.


## കാളൻ, നെല്ലായി

ഈ വിലാസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്കു് ആവശ്യമായ വൈദ്യോപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണു്.


### ഡിവലേരായുടെ നവവത്സരാശംസ

നേത്രചികിത്സയ്ക്കായി നാലുമാസക്കാലത്തോളം ഹോളൻറിൽ താമസിച്ചിരുന്ന ഐറിഷ് പ്രധാനമന്ത്രി മിക്കവാറും സുഖപ്പെട്ടു തിരിച്ചെത്തിയിരിക്കുന്നു. അത്യാഹ്ലാദപൂർവ്വകമായ ഒരു സ്വീകരണമാണു് ജനങ്ങൾ അദ്ദേഹത്തിനു നൽകിയതു്. ഐറിഷ് ജനതയ്ക്കായി നൽകിയ നവവത്സരാശംസയിൽ ആ കത്തോലിക്കാ രാജ്യതന്ത്രജ്ഞൻ ചെയ്ത പ്രസ്താവനകൾ സർവ്വദാ സ്മരണീയമാണു്: "പ്രായേണ പറഞ്ഞാൽ, നവവത്സരത്തെ നാം എന്താക്കിച്ചെയ്യുമോ അതായിരിക്കും—സ്വാർത്ഥതയെ കഴിയുന്നത്ര കുറയ്ക്കുകയും, അന്യരുടെ അഭിവൃദ്ധിയെ യഥാർത്ഥമായി കാംക്ഷിക്കുകയും, സേവനസന്നദ്ധരായി വർത്തിക്കയും ചെയ്യുന്ന പക്ഷം, രാജ്യശ്രേയസ്സിനെ വിപുലമാക്കുന്നതിലേക്കുള്ള അസ്തിവാരം നാം ഉറപ്പിക്കുന്നതായിരിക്കും — കാരുണ്യവാരിധിയായ ദൈവത്തിൻെറ അനുഗ്രഹം നമ്മുടെ എല്ലാ കുടുംബങ്ങളുടെമേലും ഉണ്ടായിരിക്കയും ചെയ്യും."

"ദൈവം നമ്മുടെ ഹൃദയത്തിലുള്ളപ്പോൾ രാത്രി നമുക്കു പകലാണു്; ദൈവം അവിടെ ഇല്ലെങ്കിൽ പകൽ നമുക്കു രാത്രിയാണു്." (വി. ഫ്രാൻസിസ് സെയിൽസ്.)

——



മൗരിചിയസ് ഫോസാത്തി
ടൂറിൻ ആർച്ചുബിഷപ്പ്




മൗരീസ് ഫെൽട്ടിൻ
പാരീസ് ആർച്ചുബിഷപ്പ്



ആൽഫ്റഡ് ഒട്ടാവിയാനി
ഹോളി ഓഫീസു തിരുസംഘം
അസ്സസർ



ജെ. ഫ്രാൻസിസ്
മക്‌ളൻറയർ — ലോസ്
ആൻജൽസ് ആർച്ചുബിഷപ്പ്



തെയഡോർ ഇന്നിററ്സർ
വീയെന്നാ ആർച്ചുബിഷപ്പ്




പിററർ ചിരിയാച്ചി
പോർട്ടുഗലിലെ
അപ്പസ്തോലിക് നുൺഷിയോ




ക്രിസാന്തോ ലൂക്കെ
ബൊഗോട്ടാ (കൊളംബിയാ)
ആർച്ചുബിഷപ്പ്



അഡിയോദാട്ടസ് പിയാസ്സാ
കൺസിസ്റ്ററി തിരുസംഘം
സിക്രട്ടറി



മാക്സിമസ് മസ്സിമി
പൗരസ്ത്യസഭാതിരുസംഘം



ഡോമിനിക്ക് ജോറിയോ
കൂദാശകളുടെ തിരുസംഘം
പ്രീഫെക്ട്




ജോസഫ്
കാരോ റൊഡറിഗ്സ്
സാന്തിയാഗോ (ചിലി)
ആർച്ചുബിഷപ്പ്




ജോസഫ് മിൻസെന്തി
സ്ത്രിഗോണിയാ (ഹംഗറി)
ആർച്ചുബിഷപ്പ്



ജോസഫ് പിസ്സാർഡോ
സെമ്മിനാരിസു തിരുസംഘം
പ്രീഫെക്ട്



ജോൺ മെർകാത്തി
വത്തിക്കാൻ ലൈബ്രേറിയനും
ആർക്കീവിസ്റ്ററും



പോൾ എമിൽ ലെജെർ
മോൺട്രീൽ ആർച്ചുബിഷപ്പ്




ജൂലിയസ് സലീജെ — ടൂലൂസ്
ആർച്ചുബിഷപ്പ്



ജോൺ ഡി ജോങ്ങ്
യൂട്രെക്റ്റ് ആർച്ചുബിഷപ്പ



ഹെൻറി പ്ലാ ഇ ഡെനീൽ
ടോലിഡോ (സ്പെയിൻ)
ആർച്ചുബിഷപ്പ്



ക്ലെമൻറ് മൈക്കാറാ
ബൽജിയത്തിലെ
നുൺഷിയോ




ജയിംസു ലെർകാരോ
ബൊളോഞ്ഞാ ആർച്ചുബിഷപ്പ്




ഏർണസ്റ്റ് റഫീനി
പലേർമോ ആർച്ചുബിഷപ്പ



ആൽഫ്രഡ് ഷൂസ്റ്റർ
മിലാൻ ആർച്ചുബിഷപ്പ്



എമിൽ റോക്കസ് — റെന്നസ്
ആർച്ചുബിഷപ്പ്



മാർസെല്ലസ് മിമ്മി
നേപ്പിൾസ് ആച്ചുബിഷപ്പ്



അക്കില്ലെസ്സ് ലീനാർട്ട
ലില്ലി ആർച്ചുബിഷപ്പ്

# സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM MARCH 18, 1953 | No. 30


# സ്റ്റാലിൻെറ മരണം—

## പ്രത്യാഘാതം—അനന്തരഗാമി

ആധുനികലോകത്തിലെ ഏററവും വലിയ സ്വേച്ഛാധിപതിയായിരുന്ന, ലോകമാസകലമുള്ള കമ്മ്യൂ: പാർട്ടികളെ സാർവ്വലൗകിക വിപ്ലവത്തിനുവേണ്ടി സ്വന്തം മുഷ്ടിക്കുള്ളിൽ ഒതുക്കിപ്പിടിച്ചുകൊണ്ടിരുന്ന മാർഷൽ സ്റ്റാലിൻ ഈ മാസം 5-ാംനു- പാതിരാകഴിഞ്ഞ് 73-ാമത്തെ വയസ്സിൽ മൃതിയടഞ്ഞു. ഒരു മഹാരാജ്യത്തിൻെറ ഭരണകർത്താവെന്ന നിലയിൽ അദ്ദേഹത്തിൻെറ നിര്യാണത്തിൽ ഞങ്ങൾക്കുള്ള അനുശോചനം ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രസ്തുതവാർത്ത സോവ്യററ് യൂണിയനിലെ പരമാധികാരികൾ ഔദ്യോഗികമായ ഒരു പ്രസ്താവന വഴിയായി ലോകത്തെ അറിയിച്ചു. 4 ദിവസമായി അദ്ദേഹത്തിൻെറ തലച്ചോറിന് ഗുരുതരമായ രോഗം പിടിപെട്ടിരുന്നുവെന്നും ജീവൻ നിലനിർത്തിക്കൊണ്ടുപോകുവാൻ ഏററവും വിദഗ്ദ്ധമായ വൈദ്യസഹായത്തോടുകൂടി അദ്ദേഹം സമരം ചെയ്തെന്നും ഒടുവിൽ പരാജിതനായി മരണത്തിന് അടിപെട്ടുപോയെന്നുമാണ് ആ പ്രസ്താവനയിൽ പറഞ്ഞിരുന്നത്. സകല ജീവജാലങ്ങളുടേയും നാഥൻ ദൈവമാണെന്നും അവിടുത്തെ നിയന്ത്രണത്തിലാണ് ഏററവും വലിയ സ്വേച്ഛാധിപതികളുടെ ജീവൻ പോലും വർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അതിന് അറുതിവരുവാൻ അവിടുന്ന് അനുവദിക്കുന്ന നിമിഷത്തിൽ മരണത്തിൻെറ പിടിയിൽ അവരും അകപ്പെട്ടേ കഴിയൂ എന്നും ഉള്ള അനിഷേദ്ധ്യമായ വസ്തുതയ്ക്ക് സർവ്വലോകരുടേയും ശ്രദ്ധയ്ക്കു വിഷയമായ ഒരു ദൃഷ്ടാന്തമാണ് നാം ഇവിടെ കാണുന്നത്.

### പ്രത്യാഘാതങ്ങൾ

മാർഷൽ സ്റ്റാലിൻെറ നിര്യാണം ലോകരാഷ്ട്രങ്ങളുടെ കേന്ദ്രങ്ങളിൽ അനുശോചനപരമായ പ്രത്യാഘാതങ്ങൾ ഉളവാക്കിയിട്ടുണ്ട്. രാഷ്ട്രപതികളുടെ നിര്യാണത്തിൽ ഔദ്യോഗികമായ അനുശോചനം രേഖപ്പെടുത്തുകയാണ രാഷ്ട്രങ്ങളുടെ ഇടയിലുള്ള വഴക്കം. മാർഷൽ സ്റ്റാലിൻ സോവ്യററ് യൂണിയനിൽ രാഷ്ട്രപതിയുടെ സ്ഥാനമല്ല, പ്രധാനമന്ത്രിയുടെ സ്ഥാനമാണ് വഹിച്ചിരുന്നത്. എന്നുവരികിലും അവിടത്തെ രാഷ്ട്രപതിപോലും മാർഷൽ സ്റ്റാലിൻെറ സൃഷ്ടിമാത്രമാണെന്ന് ബോദ്ധ്യമുള്ളതിനാൽ, സാമാന്യേന രാഷ്ട്രപതികൾക്കുമാത്രം നൽകപ്പെടുന്ന ആദരപ്രകാശനം രാഷ്ട്രങ്ങൾ അദ്ദേഹത്തിന് നൽകുകയാണുണ്ടായത്. ഈ ആശയം നമ്മുടെ പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽ അനുശോചനം രേഖപ്പെടുത്തിയപ്പോൾ സൂചിപ്പിക്കുകയുണ്ടായി. "മരിച്ചവരെക്കുറിച്ച് നല്ലതേ പറയാവൂ" എന്നൊരു പഴമൊല്ല് ലത്തീൻഭാഷയിലുണ്ട്. മനുഷ്യസഹജമായ ഈ നല്ല വികാരത്തെ അടിസ്ഥാനമാക്കിയും വിശിഷ്യ രാഷ്ട്രങ്ങൾക്കു പരസ്പരം ഉണ്ടായിരിക്കേണ്ട മര്യാദയെ ആദരിച്ചും മാർഷൽ സ്റ്റാലിൻെറ നിര്യാണത്തിൽ രാഷ്ട്രങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതം അദ്ദേഹത്തിനുണ്ടായിരുന്ന അനിതരസാധാരണങ്ങളായ ചില ഗുണങ്ങളെക്കുറിച്ചുള്ള പ്രശംസയും അങ്ങനെയുള്ള ഒരു മഹാപുരുഷൻെറ നഷ്ടത്തെ സ്പർശിക്കുന്ന അനുശോചനവുമാണ്.

### ഗുണവശത്തെപ്പററി നെഹ്റു

മാർഷൽ സ്റ്റാലിൻെറ ഗുണവശം നമ്മുടെ പ്രധാനമന്ത്രിനെഹ്റു ചെയ്ത അനുശോചനപ്രസംഗത്തിൽ ഇങ്ങനെ പ്രകാശിപ്പിച്ചിരുന്നു:- ഇക്കഴിഞ്ഞ 35 വർഷക്കാലങ്ങളിൽ ചരിത്രത്തിനു രൂപം കൊടുക്കുകയും അതിൽ സ്വാധീനം ചെലുത്തുകയുംചെയ്തിട്ടുള്ളവരിൽ മാർഷൽ സ്റ്റാലിനെ അതിശയിക്കുന്ന ഒററ വ്യക്തി വേറെ ഇല്ല. അദ്ദേഹം മിക്കവാറും ഒരു പുരാണപുരുഷനായിത്തീർന്നിരിക്കുകയാണ്. അദ്ദേഹം പ്രകടിപ്പിച്ച അപ്രതിരോധ്യമായ ഇച്ഛാശക്തിയും ധൈര്യവും ചുരുക്കംപേർക്കേ ഉണ്ടായിരുന്നിട്ടുള്ളു. ഏററവും ഉത്തുംഗമായ വ്യക്തിപ്രഭാവമുള്ള ആളായിരുന്നു അദ്ദേഹമെന്ന് എല്ലാവരും സമ്മതിക്കും. ഒരു മഹാരാജ്യത്തിൻെറ കെട്ടിപ്പടുക്കൽ അദ്ദേഹത്തിൻെറ ഗംഭീരമായ നേട്ടമാണ്. അസംഖ്യം മനുഷ്യജീവികളുടെ ഇടയിൽ സ്നേഹത്തിൻേറയും ബഹുമാനത്തിൻേറയും ബന്ധം തൻെറ ജീവിതത്തിൽ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. തൻെറ വ്യക്തിമാഹാത്മ്യം സമാധാനത്തിലും യുദ്ധത്തിലും അദ്ദേഹം തെളിയിച്ചു. ജനങ്ങളുടെ ബുദ്ധിയുടേയും ഹൃദയത്തിൻേറയും മേൽ അദ്ദേഹത്തിന് വലിയ പിടിപാടുണ്ടായിരുന്നു. മരിച്ചെങ്കിലും അദ്ദേഹത്തിൻെറ സ്വാധീനശക്തിയും സ്മരണയും ജനങ്ങളുടെ മനസ്സിൽ തുടർന്ന് പ്രവർത്തിക്കുകയും അവർക്കു പ്രചോദനം നൽകുകയും ചെയ്യും. തൻെറ സ്വാധീനശക്തിസമാധാനത്തിനു അനുകൂലമായി അദ്ദേഹം പ്രയോഗിച്ചിരുന്നുവെന്നാണ് എൻെറ വിശ്വാസം. എന്നാൽ യുദ്ധം വന്നപ്പോൾ താൻ ഒരു വലിയ യോദ്ധാവാണെന്ന് അദ്ദേഹം തെളിയിച്ചു. സ്റ്റാലിൻ പറഞ്ഞിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ കാര്യങ്ങളെപ്പററി അഭിപ്രായവ്യത്യാസങ്ങളുള്ള ആളുകളുണ്ടെന്ന് ഈ പ്രശംസാവചനങ്ങൾക്കിടയിൽ നെഹ്റു സൂചിപ്പിക്കാതിരുന്നില്ല. ലക്ഷ്യങ്ങൾ മാത്രമല്ല, അവ പ്രാപിക്കുവാൻ അവലംബിക്കുന്ന മാർഗ്ഗങ്ങളും സുബദ്ധങ്ങളായിരിക്കണമെന്ന മൗലികമായ സാന്മാർഗ്ഗികതത്വം സ്വീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന നെഹ്റുവിൻെറ ഈ സൂചനയിലടങ്ങിയ വിവക്ഷയെന്താണെന്ന് നമുക്കറിയാം.

### ദോഷവശത്തെപ്പററി "ഹിന്ദു"പത്രം

മാർഷൽ സ്റ്റാലിൻെറ നിര്യാണത്തെ അധികരിച്ച് മദ്രാസിലെ "ഹിന്ദു"പത്രം എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:- "സ്റ്റാലിൻെറ ഗംഭീരമായ ശക്തിയുടെ രഹസ്യം പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. അദ്ദേഹം പ്രശസ്യനായ യുദ്ധതന്ത്രജ്ഞനായിരുന്നു; മനുഷ്യരെ ഇച്ഛാനുസാരം വഴിപ്പെടുത്തി ഉപയോഗിക്കുവാനുള്ള കുർമ്മബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു; പ്രായോഗികരാജ്യതന്ത്രത്തിൽ അദ്ദേഹം വിരുതനായിരുന്നു—1928-നു ശേഷം യു. എസ്. എസ്. ആറിനു ഉണ്ടായ ആശ്ചര്യാവഹമായ നേട്ടങ്ങൾ പഠിച്ചറിയുന്നവരിൽ ചുരുക്കംപേരേ ഈ സംഗതികൾ നിഷേധിക്കുകയുള്ളു. എന്നാൽ തൻെറ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിൽ അദ്ദേഹം നിഷ്കരുണനായിരുന്നെന്നും, തൻെറ പ്രതിയോഗികൾക്ക് യാതൊരു നിൽക്കക്കള്ളിയും അദ്ദേഹം നൽകിയിരുന്നില്ലെന്നും തെളിയുന്നുണ്ട്. 1928-33 വത്സരങ്ങളിൽ കൂട്ടകൃഷിസമ്പ്രദായം നടപ്പിലാക്കുവാൻ സ്വീകരിച്ച നയത്തിൻെറ രീതിമാത്രമല്ല, ട്രോഡ്സ്കിയോടും അനുഗാമികളോടും വലതുപക്ഷബോൾഷെവിക്കുകാരായ ബുക്കറിൻ, സിനൊവീവ് മുതലായവരോടും അനുവർത്തിച്ച നിർദ്ദയമായ നടപടികളും അതിനു തെളിവാണ്. കുലാക്കുകളെ ഒരു വർഗ്ഗമെന്നനിലയിൽ ലിക്വിഡേററുചെയ്യാൻ അദ്ദേഹം സ്വീകരിച്ച രക്തപങ്കിലമായ നടപടികളെ നീതീകരിക്കുവാൻ ന്യായം അന്വേഷിക്കാതിരുന്നിട്ടില്ല. കൃഷിയുടെ രാഷ്ട്രസാൽക്കരണംമാത്രമേ സോവ്യററുയൂണിയനെ വേഗത്തിൽ വ്യവസായീകരിക്കുവാൻ സഹായകമാകയുള്ളുവെന്നും ക്യാപ്പിററലിസ്റ്റ് രാഷ്ട്രങ്ങളാൽ ചുററപ്പെട്ടിരിക്കുന്ന വലയത്തിനുള്ളിൽ സോവ്യററു യൂണിയൻ അതിജീവിക്കണമെങ്കിൽ ഈ വ്യവസായീകരണം അത്യന്താപേക്ഷിതമാണെന്നും ആയിരുന്നു ആ ന്യായം. ലൂയിഫിഷറിനെപ്പോലുള്ള നിരീക്ഷകന്മാർ യുക്തിവാദം ചെയ്തിട്ടുണ്ട്, സ്റ്റാലിനിസം അതിൻെറ യുദ്ധാനന്തരദശയിൽ പഴയ റഷ്യൻ ഇമ്പീരിയലിസം മാത്രമായിരുന്നെന്ന്; മാർക്സിസത്തിൻെറ പദാവലികളുടെ മൂടുപടങ്ങൾ ധരിച്ചുകൊണ്ട് ആ ഇമ്പീരിയലിസം പ്രവർത്തിച്ചുവെന്ന്. സോഷ്യലിസം ഒരു രാജ്യത്തിൽ കെട്ടിപ്പടുത്താൽ മതി എന്ന നയം അക്രമപ്രയോഗത്തോടുകൂടിസ്വീകരിച്ചിരുന്ന ആൾ ഏററവും വിപുലമായ ഒരു സോവ്യററ് സാമ്രാജ്യത്തിൻെറ അധിപതിയായി ചെന്നുപററിയത് ചരിത്രത്തിലെ ഏററവും വലിയ യുക്ത്യാഭാസമാകുന്നു." തൻെറ ലക്ഷ്യം പ്രാപിക്കുവാൻ ധാർമ്മികമായ ഗുണദോഷവിവേചനയൊന്നും കൂടാതെ ഏതുമാർഗ്ഗവും അവലംബിക്കുവാൻ മാർഷൽ സ്റ്റാലിനു മടിയില്ലായിരുന്നെന്നാണല്ലോ ഈ വാക്കുകളുടെ അർത്ഥം. പ്രസ്തുത നയം കമ്മ്യൂണിസത്തിൻെറ മൗലികപ്രമാണങ്ങളിൽ ഒന്നായതുകൊണ്ട്, കമ്മ്യൂണിസം ലോകമാസകലം വ്യാപിപ്പിക്കുവാനുള്ള ലക്ഷ്യത്തിനുവേണ്ടി ലക്ഷോപലക്ഷം പൗരന്മാരുടെ ജീവൻ മാത്രമല്ല, തന്നോടൊന്നിച്ച് ലെനിൻെറ വലംകൈയായിനിന്ന പ്രമുഖന്മാരായ സഹകാരികളുടെ ജീവനെപ്പോലും ഏററവും നിർദ്ദയമായി നശിപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനായതിൽ ആശ്ചര്യപ്പെടുവാനില്ല.

### രാധാകൃഷ്ണൻെറ പരാമർശനം

പ്രധാനമന്ത്രിയുടെ അനുശോചനപ്രകാശനത്തെ പിൻതാങ്ങിക്കൊണ്ട് കൗൺസിൽ ആഫ് സ്റ്റേയ്ററ്സിലെ ചെയർമനായ ഡോക്ടർ രാധാകൃഷ്ണൻ, രണ്ടരക്കൊല്ലത്തോളം സോവ്യററു യൂണിയനിൽ ഇന്ത്യയുടെ സ്ഥാനപത്യം വഹിച്ചിരുന്നതിനിടയിൽ തനിക്കുണ്ടായ അനുഭവത്തേയും സ്റ്റാലിനുമായി നടന്ന കൂടിക്കാഴ്ചയേയും ആധാരമാക്കി, ഇപ്രകാരം പ്രസ്താവിച്ചു:- "ഇപ്പോഴത്തെ സമരത്തിൽ ഇന്ത്യാക്കാരായ നാം സോവ്യററ് യൂണിയൻെറ ചേരിയിൽ നിൽക്കണമെന്ന് പരോക്ഷമായോ പ്രത്യക്ഷമായോ യാതൊരു സൂചനപോലും അദ്ദേഹം നൽകിയിട്ടില്ല. അദ്ദേഹം തൻെറ ഭരണം ആരംഭിച്ചപ്പോൾ റഷ്യ വളരെ പിന്നോക്കസ്ഥിതിയിലുള്ള രാജ്യമായിരുന്നു. അദ്ദേഹത്തിൻെറ ഗംഭീരമായ പ്രയത്നത്തിൻെറ ഫലമായിട്ടാണ് ആ രാജ്യം യൂറോപ്പിലെ ഏററവും വലിയ ശക്തിയും ലോകത്തിലെ രണ്ടു മഹാശക്തികളിൽ ഒന്നും എന്ന നിലയിലേക്കുയർത്തപ്പെട്ടത്." തദനന്തരം ആ രാജ്യത്തിലെ പൗരസ്വാതന്ത്ര്യങ്ങളുടെ അഭാവത്തെപ്പററി ഡോക്ടർ രാധാകൃഷ്ണൻ ഇങ്ങനെ തുടർന്നു:- "നാം പൗരസ്വാതന്ത്ര്യങ്ങൾ എന്നു വിളിക്കുന്നവ സോവ്യററുറഷ്യയിൽ ഇല്ലെന്നുള്ള സംഗതി അദ്ദേഹത്തിന് അജ്ഞാതമല്ലായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. അത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ ഏകമറുപടി ഇങ്ങനെയായിരുന്നു:- "ഞങ്ങളുടെ പല രീതിയിലുള്ള ചരിത്രത്തിലേക്കു നോക്കുക. ഞങ്ങൾ കടന്നുപോന്നിട്ടുള്ള ചരിത്രപരമായ സാഹചര്യങ്ങളിലേക്കു നോക്കുക. ഈ സ്വാതന്ത്ര്യങ്ങളുടെ അഭാവത്തിൻെറ കാരണം അവയിൽ കാണാം. മാത്രമല്ല, സമാധാനവും പുരോഗതിയും സുരക്ഷിതത്വവും നേടിക്കഴിഞ്ഞാൽ അക്കാര്യങ്ങൾ വീണ്ടും ഉണ്ടായിക്കൊള്ളും." ഇതിനു മറുപടിയായി ഞാൻ പറഞ്ഞു, മാർക്സിസവും പൗരസ്വാതന്ത്ര്യവും തമ്മിൽ വൈരുദ്ധ്യമുണ്ടല്ലോയെന്ന്. അദ്ദേഹം അതിനു മറുപടി പറഞ്ഞതിങ്ങനെയായിരുന്നു. "എൻെറ മാർക്സിസം വിശ്വാസപ്രമാണപരമായ ഒന്നല്ല, പ്രത്യുത അത് സൃഷ്ടിപരമായ മാർക്സിസമാണ്." സ്റ്റാലിൻെറ ഈ വാക്കുകൾ ഉദ്ധരിച്ചശേഷം ഡോക്ടർ രാധാകൃഷ്ണൻ ഇങ്ങനെ തുടർന്നു:- "സ്റ്റാലിനു പാശ്ചാത്യശക്തികളും തമ്മിൽ യുദ്ധകാലത്തുണ്ടായിരുന്ന സഖ്യം യുദ്ധാനന്തരവത്സരങ്ങളിലും തുടർന്നിരുന്നെങ്കിൽ ലോകം ഇന്നത്തെക്കാൾ കൂടുതൽ ആരോഗ്യകരമായ മനഃസ്ഥിതിയിൽ കഴിഞ്ഞുകൂടുമായിരുന്നു." സോവ്യററുറഷ്യയിൽ സ്ഥാനപതിയായിരുന്ന കാലത്തും അതിനു ശേഷവും അവിടത്തെ സ്ഥിതിഗതികളെപ്പററി എങ്ങും തൊടാത്ത രീതിയിലാണ് ഡോ. രാധാകൃഷ്ണൻ അഭിപ്രായം പ്രകടിപ്പിച്ചു കേട്ടിട്ടുള്ളത്. ആ രാജ്യത്തുള്ള പൗരസ്വാതന്ത്ര്യങ്ങളുടെ അഭാവത്തെപ്പററി സ്റ്റാലിൻെറ മരണശേഷമെങ്കിലും അദ്ദേഹം ഔദ്യോഗികമായി പ്രസ്താവിച്ചുകാണുന്നത് സന്തോഷകരംതന്നെ. എന്നാൽ അവയുടെ അഭാവത്തിന് സ്റ്റാലിൻ പറഞ്ഞ സമാധാനം ഡോക്ടർ രാധാകൃഷ്ണന് സ്വീകാര്യമായിരുന്നോ ആവോ? സാർ ചക്രവർത്തിമാരുടെ കാലങ്ങളിൽ റഷ്യയിൽ പൗരസ്വാതന്ത്ര്യങ്ങൾ ഉണ്ടായിരുന്നില്ലെന്നും, ആ പാരമ്പര്യം കമ്മ്യൂണിസ്റ്റ് വിപ്ലവത്തിനുശേഷവും അവിടെ നിലനിന്നുകൊണ്ടുപോരുന്നുവെന്നുമാണല്ലോ സ്റ്റാലിൻ പറഞ്ഞ സമാധാനം. ബോൾഷെവിക് പദാവലികളുടെ മൂടുപടത്തോടുകൂടി റഷ്യയിലെ പഴയ ഇമ്പീരിയലിസം ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് "ഹിന്ദു"പത്രം പ്രസ്താവിച്ചത് എത്ര വാസ്തവം.

### സ്റ്റാലിൻെറ അനന്തരഗാമി

മാർഷൽ സ്റ്റാലിൻെറ മരണശേഷം സോവ്യററുയൂണിയനിലെ സ്ഥിതിഗതികൾ എന്തായിരിക്കും എന്നുള്ളതിനെപ്പററി ആശങ്കകളും അഭ്യൂഹങ്ങളും രാഷ്ട്രീയലോകത്ത് ഉണ്ടാകാതിരുന്നിട്ടില്ല. അനന്തരാവകാശത്തിൻെറ നിർണ്ണയത്തിൽ വലിയ പിടിവാദങ്ങളും സമരങ്ങളും നടക്കുമെന്നും മററും ആശങ്കകളുണ്ടായിരുന്നു. അതെല്ലാം തല്ക്കാലം അയഥാർത്ഥമായിട്ടാണ് പരിണമിച്ചു കാണുന്നത്. മൂന്നു പ്രമുഖവ്യക്തികൾ തമ്മിൽ പിടിവാദങ്ങളും മത്സരങ്ങളും നടക്കുമെന്നായിരുന്നു അഭ്യൂഹങ്ങൾ. അവയും അടിസ്ഥാനരഹിതങ്ങളായിട്ടാണ് തല്ക്കാലം കണ്ടിരിക്കുന്നത്. ആ മൂന്നു വ്യക്തികളിൽ ഒരാളായ മി. മലങ്കോവ് സ്റ്റാലിൻെറ സ്ഥാനത്ത് പ്രധാനമന്ത്രിപദം 24 മണിക്കൂറുകൾക്കു ശേഷം സ്വീകരിച്ചുകഴിഞ്ഞു. മററു രണ്ടു വ്യക്തികളായ മെ. മൊളൊട്ടോവും ബെറിയായും ഡപ്യൂട്ടിപ്രധാനമന്ത്രിമാരിൽ രണ്ടുപേരായും നിയമിക്കപ്പെട്ടുകഴിഞ്ഞു. മൊളൊട്ടോവ് വിദേശമന്ത്രിയും ബെറിയ ആഭ്യന്തരമ

# തിരുനാൾമംഗളം



മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി വരാപ്പുഴ മെത്രാപ്പോലീത്ത



റൈററ് റവ. മാർ ജോസഫ് സെവേരിയോസ്, തിരുവല്ലാ മെത്രാൻ

ഇരുതിരുമേനിമാർക്കും, തിരുമേനിമാരുടെ നാമഹേതുകദിനമായ നാളെ സകലവിധ മംഗളങ്ങളുമാശംസിച്ചുകൊള്ളുന്നു.

ന്ത്രിയുംകൂടിയാണ്. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ മോസ്കോയിൽ സമ്മേളിച്ച അഖില റഷ്യൻകമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസിൽവച്ചു സോവ്യററ്യൂണിയനിലെ പരമാധികാരസഭയെ ഉടച്ചുവാർക്കുകയുണ്ടായി. ഭരണാധികാരം സ്ഥിതിചെയ്യുന്ന സൂച്യഗ്രസ്തംഭത്തിൻെറ ഉച്ചിയിലിരിക്കുന്ന പരമാധികാരസമിതിയിൽ 36 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നായിരുന്നു അന്നത്തെ നിശ്ചയം. എന്നാൽ ഇന്ന് അതു ഭേദപ്പെടുത്തി ആ സമിതിയിൽ 10 അംഗങ്ങൾമാത്രം മതിയെന്നു തീരുമാനം ചെയ്തു. മോസ്കോ റേഡിയോയുടെ വിജ്ഞാപനമനുസരിച്ച് ഈ പരമാധികാരസമിതിയേയും അതുവഴിയായി റഷ്യൻ ഭരണകൂടത്തേയും നിയന്ത്രിക്കുന്നതു് സ്റ്റാലിൻെറ അനുഗാമിയായ മലങ്കോവ് ആയിരിക്കും. "മലങ്കോവ് റഷ്യയുടെ ഇരുമ്പുഭരണകർത്താവായിത്തീന്നിരിക്കുന്നു. ഗവർമ്മെൻറും ഭരിക്കുന്ന കമ്മ്യൂ: പാർട്ടിയും അദ്ദേഹത്തിൻെറ നിയന്ത്രണത്തിലായിരിക്കും." അങ്ങനെ സോവ്യററ്യൂണിയനിലെ ഏററവും കടുത്ത സ്വേച്ഛാധിപത്യം അചഞ്ചലമായി തുടരുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

### ശവസംസ്കാരം

സ്റ്റാലിൻെറ മൃതശരീരം 72 മണിക്കൂർ നേരത്തേക്കു് പൊതുജനസന്ദർശനത്തിനായി ആഡംബരപൂർവ്വം കിടത്തിയിരുന്നു. തന്നേരം ഏററവും വലിയ ഘോഷയാത്രയായി കൊണ്ടുവന്നു്, ചെമന്നമാർബിളും ഗ്രനൈററുംകൊണ്ടു നിർമ്മിക്കപ്പെട്ട ബ്രഹ്മാണ്ഡമായ കെട്ടിടത്തിനുള്ളിൽ, ലെനിൻെറ ശവകുടീരത്തിനു സമീപം, സംസ്കരിക്കപ്പെട്ടു. സോവ്യററു ഗവർമ്മെൻറിലെ പ്രധാനികളും ശവസംസ്കാരകമ്മീഷനിലെ അംഗങ്ങൾ 7 പേരും കൂടിയാണു് ശവമഞ്ചം വഹിച്ചതു്. റഷ്യയിലെയും അതിൻെറ ഉപഗ്രഹരാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റു പ്രധാനികൾ സന്നിഹിതരായിരുന്നു. ചൈനയിലെ മാവോസെതുംഗിനുപകരം പ്രധാനമന്ത്രിയുൾപ്പെടെ 17 പേർ സംബന്ധിച്ചു. ചരമപ്രസംഗം ആദ്യമായി നടത്തിയതു് പുതിയ പ്രധാനമന്ത്രി മലങ്കോവ് ആണു്. അദ്ദേഹം പറഞ്ഞു: "സ്റ്റാലിൻ ഇക്കാലത്തെ ഏററവും വലിയ ചിന്തകനാണു്. മനുഷ്യനെ മനുഷ്യൻ അനേകായിരം കൊല്ലങ്ങളായി ചൂഷണംചെയ്തുകൊണ്ടിരുന്ന രീതി മാററി, റഷ്യക്കു് ആദ്യമായി സ്വാതന്ത്ര്യം നൽകിയതു് സ്റ്റാലിനാണു്. സ്റ്റാലിൻെറ പ്രവർത്തനങ്ങൾ നശിക്കുകയില്ല. മാർക്സു്, എങ്കൽസു്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ തത്വോപദേശങ്ങളെയാണു് ഞങ്ങളുടെ പാർട്ടി പിൻതുടരുവാനുദ്ദേശിക്കുന്നതു്." ഭാവിനയത്തെപ്പററിയും അദ്ദേഹം പ്രസ്താവിച്ചു: "ഞങ്ങളുടെ വിദേശനയം സമാധാനത്തിൻേറതാണു്. ലോകത്തിലുള്ള എല്ലാ ജനങ്ങളുമായി സമാധാനത്തിലും സൗഹൃദത്തിലും കഴിയണമെന്നാണു് ഞങ്ങളുടെ ആശ. സ്റ്റാലിൻെറ മരണശേഷം റഷ്യയിൽ കുഴപ്പവും ബഹളവും ഉണ്ടാകുമെന്നുള്ള പലരുടേയും പ്രതീക്ഷ ഫലിക്കാൻ പോകുന്നില്ല. അകത്തുനിന്നോ പുറത്തുനിന്നോ ഉള്ള ശത്രുക്കളെ സോവ്യററു് യൂണിയൻ ഭയപ്പെടുന്നില്ല. സ്റ്റാലിൻെറ നേതൃത്വത്തിൽ സോവ്യററു്സേന വളരെ ശക്തമായിട്ടുണ്ടു്. ചൈനയിലെ ജനങ്ങളുമായുള്ള കൂട്ടുകെട്ടു് ഉറപ്പിക്കണമെന്നതാണു് ഞങ്ങളുടെ നയം. വിഭിന്നവ്യവസ്ഥിതികളുമായ മുതലാളി-

ത്തത്തോടും സോഷ്യലിസത്തോടും സഹകരിക്കുന്നതായിരിക്കും ഞങ്ങളുടെ നയം. യുദ്ധക്കൊതിയന്മാർക്കെതിരാണു് ഞങ്ങളുടെ നയം. സമാധാനത്തിനായുള്ള സ്വജനങ്ങളുടെ ആഗ്രഹത്തെ വഞ്ചനയാൽ നശിപ്പിക്കുന്ന ഗവർമ്മെൻറുകൾ ശപിക്കപ്പെട്ടതായിരിക്കട്ടെ." മലങ്കോവിനെ തുടന്നു ബെറിയായും മൊളൊട്ടോവും ചരമപ്രസംഗങ്ങൾ നടത്തി. അവയിലെ ആശയങ്ങൾ മിക്കവാറും ഇതുതന്നെയായിരുന്നു. കുറച്ചുകൂടി സമരോദ്ദ്യുക്തങ്ങളെന്നുമാത്രം.

### പരി. പിതാവിൻെറ പ്രാർത്ഥന

മാർച്ച് 6-ാംനു- വത്തിക്കാൻ സിററിയിൽനിന്നു് പുറപ്പെട്ടതും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ഒരു വാർത്ത ഇങ്ങനെയാണു്:-

"12-ാം പീയൂസു് മാർപ്പാപ്പാ ഇന്നു് പ്രഭാതത്തിൽ തൻെറ പ്രൈവററു് ചാപ്പലിൽ ദിവ്യപൂജ അർപ്പിച്ചപ്പോൾ സ്റ്റാലിൻെറ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചു. നിര്യാതനായ റഷ്യൻ നേതാവിൻെറ ആത്മാവിൻെറമേൽ ദൈവത്തിനു് കരുണ തോന്നണമേ എന്നായിരുന്നു തിരുമനസ്സിലെ പ്രാർത്ഥന."

ശത്രുക്കളെ സ്നേഹിക്കുകയും തങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുകയും ചെയ്യണമെന്നാണല്ലോ നമ്മുടെ ദിവ്യരക്ഷകൻെറ തത്വോപദേശം. അവിടുത്തെ സ്ഥാനം ഇഹത്തിൽ വഹിക്കുന്ന മാർപ്പാപ്പാ ആ തത്വോപദേശം ഇവിടെ പ്രയോഗത്തിൽ വരുത്തിയിരിക്കുകയാണു്. ദൈവത്തേയും ക്രിസ്തുവിനേയും തിരുസ്സഭയേയും പരമശത്രുക്കളായി ഗണിച്ചുകൊണ്ടുള്ള ഭയങ്കരപീഡനങ്ങൾ സ്റ്റാലിൻെറ പിടിയിലുള്ള റഷ്യയിലും മററു കമ്മ്യൂണിസ്റ്റു് ഭരണകൂടങ്ങളിലും ബോൾഷെവിക് വിപ്ലവത്തിൻെറ ആരംഭംമുതൽ നടന്നുകൊണ്ടിരിക്കുകയാണു്. ദൈവത്തിലും, ക്രിസ്തുവിലും, റഷ്യൻ ഓർത്തഡോക്സ് (ശീശ്മ) സഭയിലും ബാല്യകാലത്തു് സ്റ്റാലിൻ വിശ്വസിച്ചിരുന്നുവെന്നുവേണം ഊഹിക്കുവാൻ. അതുകൊണ്ടായിരിക്കണമല്ലോ, സ്വമാതാവിൻെറ പ്രേരണയാലാണെങ്കിലും, വൈദികസ്ഥാനം സ്വീകരിക്കുന്നതിനുവേണ്ട പഠനം നടത്താൻ അദ്ദേഹം സെമ്മിനാരിയിൽ ചേർന്നതു്. പ്രസ്തുതവിശ്വാസം അനന്തരകാലത്തു് അദ്ദേഹത്തിൻെറ വിപ്ലവാസക്തമായ മാനസികപരിവർത്തനത്താൽ നഷ്ടപ്പെട്ടായിരിക്കാം. എന്നുവച്ചു് ദൈവവും ക്രിസ്തുവും സത്യസഭയും ഇല്ലാതായിട്ടില്ലല്ലോ. "മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നും അതിനുശേഷം വിധിക്കപ്പെടുമെന്നും നിശ്ചയിച്ചിട്ടുണ്ടു്" എന്ന പൗലോസ്ശ്ലീഹായുടെ വാക്യമനുസരിച്ചു് മാർഷൽ സ്റ്റാലിൻ മരിച്ചു. അദ്ദേഹം വിധിയാളനായ ക്രിസ്തുവിൻെറമുമ്പിൽ ഹാജരാകുകയുംചെയ്തുകഴിഞ്ഞു. ഒന്നൊഴിയാതെ സകല മനുഷ്യർക്കുംവേണ്ടി അവസാനത്തുള്ളിവരെ രക്തം ചിന്തി മരിച്ചതു് ഈ വിധികർത്താവുതന്നെയാകുന്നു. "പിതാവേ! അവരോടു ക്ഷമിക്കണമെ, എന്തുകൊണ്ടെന്നാൽ തങ്ങൾ ചെയ്യുന്നതെന്തെന്നു് അവരറിയുന്നില്ല" എന്നു പറഞ്ഞു് തൻെറ പീഡകന്മാർക്കുവേണ്ടി ഇഹത്തിൽവച്ചു് മാപ്പപേക്ഷിച്ച അവിടുന്നു്, തൻെറ പിതാവിൻേറയും തൻേറയും തൻെറ സഭയുടേയും നേരെ ലോകമാസകലം ഭയങ്കരപീഡനം അഴിച്ചുവിടാൻ ആജ്ഞാപിക്കുകയോ അനുവദിക്കുകയോ ചെയ്ത സ്റ്റാലിൻെറമേൽ കാ-

രുണ്യമുണ്ടാകണമേയെന്നാണു് പരി. പിതാവിൻെറ പ്രാർത്ഥനയുടെ ആന്തരം. പരി. പിതാവിൻെറ യഥാർത്ഥത്തിൽ ക്രിസ്തീയമായ ഈ പ്രവൃത്തി നമുക്കെല്ലാം മാതൃകയായിരിക്കട്ടെ.

---

### പ്രസാധകക്കുറിപ്പുകൾ

---

### സ്റ്റാലിൻെറ ചരമത്തിൽ തിരു-കൊച്ചി നിയമസഭ

തിരു-കൊച്ചി നിയമസഭയുടെ മാർച്ച് 7-ാംനു- യോഗത്തിൽ സ്റ്റാലിൻെറ ചരമത്തെപ്പററി ഒരു റഫറൻസുണ്ടായിരുന്നു. സഭാംഗങ്ങളിൽ ആരുടേയും ഔപചാരികമായ അഭ്യർത്ഥനയോ പ്രമേയമോ ഒന്നും കൂടാതെതന്നെ, ചോദ്യോത്തരങ്ങൾ കഴിഞ്ഞയുടനെ സ്പീക്കർ ഒരു പ്രസ്താവനയോടുകൂടി സഭാനടപടികൾ നിറുത്തിവച്ചിരിക്കുന്നതായി പ്രഖ്യാപിച്ചു. സഖാവു സ്റ്റാലിൻ ലോകത്തിലെ രാഷ്ട്രീയനേതാക്കളിൽ അത്യുന്നതനായ ഒരാളായിരുന്നുവെന്നും ആദർശങ്ങളിലുള്ള അഭിപ്രായവ്യത്യാസം എന്തുതന്നെ ആയിരുന്നാലും ഒരു വിശ്വമഹാൻ എന്ന നിലയിൽ അദ്ദേഹത്തോടു് ആദരവു പ്രകടിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും, അതിനാൽ അദ്ദേഹത്തിൻെറ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനസൂചകമായി അന്നു് സഭ പിരിച്ചുവിടുന്നുവെന്നും സ്പീക്കറുടെ പ്രസ്താവനയിൽ പറഞ്ഞിരുന്നു.

### കൗമുദി വീണ്ടും കത്തോലിക്കാ വൈദികരുടെ നേരെ

നിയമസഭയിൽ ഈ റഫറൻസ് നടന്നതിൻെറ പിറേറദിവസം മാർച്ച് 8-ാംനു- പുറപ്പെട്ട കേരളകൗമുദി പത്രത്തിൽ "രാഷ്ട്രീയ പാപ്പരത്വം" എന്ന ശീർഷകത്തിൽ എഴുതിയ സബ്ബ് ലീഡർ മുഖ്യമന്ത്രി ശ്രീ എ ജെ ജോണിനേയും കത്തോലിക്കാ വൈദികരേയും ഇങ്ങനെ അപലപിക്കുകയുണ്ടായി:—

"ഇപ്പോൾ നിയമസഭ നടന്നുകൊണ്ടിരിക്കുന്നു. പഞ്ചാബ്, ഡൽഹി, ഹൈദ്രാബാദു് തുടങ്ങിയ എല്ലാസംസ്ഥാനങ്ങളിലുംസ്റ്റാലിനോടുള്ള ബഹുമാനസൂചകമായി സഭാനടപടികൾ നിർത്തിവയ്ക്കുകയുണ്ടായല്ലോ. ഇതിൽ വിശേഷവിധിയായി ഞങ്ങൾ ഒന്നും കാണുന്നില്ല. ഇതുലോകമര്യാദയും സാമാന്യമര്യാദയും ആവശ്യപ്പെടുന്ന ഒരു കർത്തവ്യം മാത്രമാണു്. പക്ഷെ തിരു-കൊച്ചി നിയമസഭയിൽ അങ്ങനെയൊന്നും നടന്നതായി ഞങ്ങൾ കാണുന്നില്ല. ഒരുപക്ഷെ കത്തോലിക്കാ വൈദികരുടെ ആജ്ഞക്കു് എപ്പോഴും എന്നും വിധേയനായിക്കഴിയുന്ന, കഴിയേണ്ട,ജോൺ സഭാനേതാവായിരിക്കുന്ന തിരു-കൊച്ചി നിയമസഭയിൽ അങ്ങനെയൊന്നും നടക്കാതിരുന്നതിൽ അത്ഭുതപ്പെട്ടിട്ടും കാര്യമില്ല."

ഇങ്ങനെയെഴുതിയ കൗമുദിയുടെ ലോകമര്യാദയും സാമാന്യമര്യാദയും എങ്ങനെയിരിക്കുന്നു? അതിൽ ആരും അത്ഭുതപ്പെട്ടിട്ടു് കാര്യമില്ലെന്നു് ഞങ്ങൾക്കറിയാം. നിയമസഭയിൽ റഫറൻസ് നടന്നെങ്കിലും അങ്ങനെയൊന്നും നടന്നതായി കൗമുദി കാണാഞ്ഞതു് മി: ജോണിനേയും അദ്ദേഹം സകാരണം ബഹുമാനിക്കുന്ന കത്തോലിക്കാ വൈദികരേയും ചളിവാരിയെറിയുവാനുള്ള ആസക്തി കൗമുദിയുടെ കണ്ണിൻെറ മുമ്പിൽ തിമിരംപോലെ സദാ നില്ക്കുന്നതുകൊണ്ടായിരിക്കാം. ഏതു വടികൊണ്ടും കത്തോലിക്കരേയും അവ-

വരുടെ വൈദികരേയും അടിക്കണമെന്നുള്ള സമ്പ്രദായത്തിൻെറ വേറൊരുദാഹരണം മാത്രമാണിതു്.

### സ്റ്റാലിൻെറ ചരമത്തിൽ കൗമുദിയുടെ ദുഃഖാവേശം

കത്തോലിക്കരോടുള്ള വൈരാവേശം മാത്രമല്ല, സ്റ്റാലിൻെറ മരണത്തിലുള്ള ദുഃഖാവേശവും കൗമുദി ആ സബ്ബ്ലീഡറിൽ പ്രകടിപ്പിച്ചിട്ടുണ്ടു്.

"ഞങ്ങൾക്കു് ശ്രീ ജോണിനോടു് വലിയ അനുകമ്പയാണു തോന്നുന്നതു്" എന്നു പറഞ്ഞശേഷം ശ്രീ പനമ്പള്ളിയുടെ നേരെ തിരിയുന്നു. "അതിനേക്കാൾ വലിയ അനുകമ്പ ഞങ്ങൾക്കു് 'ബുദ്ധിരാക്ഷസനായ' പനമ്പള്ളിയോടു തോന്നുന്നു. ഈ ലോക മര്യാദകളൊന്നും നിശ്ചയമില്ലാത്ത ആളല്ല ശ്രീ പനമ്പള്ളി. പക്ഷെ, ശ്രീ പനമ്പള്ളി ഇന്നു് ഈ രാജ്യത്തിനു് ഒരു പൊതിയാതേങ്ങയായി പരിണമിച്ചിരിക്കുന്നുവെന്നു് വ്യസനസമേതം ഞങ്ങൾ പറയുമ്പോൾ അദ്ദേഹം പരിഭവിക്കരുതെന്നും, പറയാൻ ഇടയാക്കിയ സാഹചര്യങ്ങളെപ്പററി പരിചിന്തിക്കണമെന്നും ഞങ്ങൾക്കു് അപേക്ഷയുണ്ടു്." കൗമുദിയോടു് പരിഭവിക്കുമെന്നോ ശ്രീ പനമ്പള്ളി? കൗമുദിയുടെ സമ്പ്രദായങ്ങൾ നല്ലവണ്ണം അറിയാൻമാത്രം ബുദ്ധിയുള്ളവനാകയാൽ അദ്ദേഹം പരിഭവിക്കുകയില്ലെന്നു് ഞങ്ങൾ സധൈര്യം പറയുന്നു.'ഈ ലോകമര്യാദകളൊന്നും നിശ്ചയമില്ലാത്ത'വരോടു് ബുദ്ധിയുള്ളവരാരെങ്കിലും പരിഭവിക്കുമോ? കൗമുദി ഇതുകൊണ്ടും തൃപ്തിയടയുന്നില്ല. തുടന്നു് കമ്മ്യൂണിസ്റ്റു നേതാക്കന്മാരുടെ നേരെ തിരിയുന്നു. 'അനുകമ്പയല്ല പരിതാപം തന്നെയാണു് ഞങ്ങൾക്കു് കമ്മ്യൂണിസ്റ്റു് നേതാക്കന്മാരോടു തോന്നുന്നതു്. പ്രതിഭയററ നേതൃത്വമാണു് അവിടിനിപ്പോൾ ലഭ്യമായിരിക്കുന്നതെന്നു്, ശ്രീ തോമസിനോടു് ഞങ്ങൾക്കുള്ള ബഹുമാനത്തിനു് അല്പവും ലോപം കൂടാതെ പറഞ്ഞുകൊള്ളട്ടെ. സ്റ്റാലിൻെറ മരണവൃത്താന്തമറിഞ്ഞു് ദുഃഖിതരായിത്തീന്ന കമ്മ്യൂണിസ്റ്റു് എം. എൽ. എ മാർ ഈ രാജ്യത്തോടു ചെയ്യേണ്ടിയിരുന്ന ഉത്തരവാദിത്വം നിറവേററിയിട്ടില്ല. ജോൺ സഭാനേതാവായിരിക്കുന്ന നിയമസഭയുടെ ശുഷ്കസ്വഭാവം മനസ്സിലാക്കുവാനുള്ള ബുദ്ധി അവർക്കുണ്ടാകേണ്ടതായിരുന്നു. അതവർക്കു് ഇല്ലാതെപോയതുകൊണ്ടാണു് പ്രതിഭയററവരെന്നു് അവരെ ഞങ്ങൾ വിശേഷിപ്പിക്കുന്നതു്. ടി വി. തോമസു് ഇന്നലെ രാവിലെ നിയമസഭയിൽ ഒരനുശോചനപ്രമേയം അവതരിപ്പിക്കേണ്ടതായിരുന്നു എന്നാണു ഞങ്ങളുടെ അഭിപ്രായം. അതിനു് അനുമതി ലഭിച്ചിരുന്നില്ലെങ്കിൽ അവർ ഹാൾ വിട്ടു് ഇറങ്ങിപ്പോരേണ്ടതായിരുന്നു. അതിൻെറ പ്രത്യാഘാതം എന്തായിരിക്കുമായിരുന്നുവെന്നു് വിഭാവനചെയ്യാനുള്ള ഭാവനാസമ്പത്തു് അവർക്കില്ലാതെപോയി. അഥവാ കോൺഗ്രസ്സിൻെറ പേരിൽ ഇങ്ങനെ ഒരു അപരാധം വന്നുഭവിക്കട്ടെയെന്നു് അവർ മനഃപൂർവ്വം കരുതിയതായും വരാം. അതിൽ ഒരു ബുദ്ധിയും ഞങ്ങൾ കാണുന്നില്ല. സ്റ്റാലിനോടുള്ള അനാദരവായേ ലോകം ആ ബുദ്ധിപ്രയോഗത്തെ വ്യാഖ്യാനിക്കുകയുള്ളു. അവരുടെ ദുഃഖപ്രകടനംതന്നെ ആത്മാർത്ഥമായിരുന്നുവെന്നതിനു് എന്താണു് തെളിവു്? ദുഃഖനിമഗ്നനായിരുന്ന കമ്മ്യൂ: എം. എൽ. എ. അല്ലേ "നിങ്ങളെന്നെ കമ്മ്യൂണി-

സ്റ്റാക്കി" എന്ന നാടകം ഇന്നലെ രാത്രി രാജധാനിയിൽ പൊടിപൊടിച്ചഭിനയിച്ചതു?"

സ്റ്റാലിൻപപ്പായോടുള്ള കൗമുദിയുടെ ഭക്തിയും ബഹുമാനവും സ്നേഹവും എത്ര വലുതു്. ആ വികാരങ്ങളുടെ ആവേശത്താൽ ബുദ്ധിയും ഓർമ്മയും മര്യാദയും ഒക്കെ മറന്നു് നാലുപാടും ശകാരവർഷം ചെയ്തുകാണുന്നതിൽ ആർക്കും അനുകമ്പയോ പരിതാപമോ തോന്നുന്നുണ്ടതില്ല.

### കമ്മ്യൂ: എം. എൽ. എ. മാരുടെ കഴിഞ്ഞകൊല്ലത്തെ വാക്കൗട്ട്

"ജാൺ സഭാനേതാവായിരിക്കുന്ന" നിയമസഭയിൽ ഒരു വാക്കൗട്ടും അതിൻെറ പ്രത്യാഘാതവും കണ്ടു രസിക്കുവാനുള്ള കൗമുദിയുടെ മോഹം തൃപ്തിപ്പെടുത്തുവാൻ കമ്മ്യൂ: എം. എൽ. എ. മാർക്കു് കഴിഞ്ഞകൊല്ലത്തെ അവരുടെ ഒരു വാക്കൗട്ടു് വലിയ വിലങ്ങുതടിയായി നിൽക്കുന്നുണ്ടെന്നകാര്യം കൗമുദി ആ മോഹാവേശത്തിനിടയിൽ വിസ്മരിച്ചുപോയി. കഴിഞ്ഞകൊല്ലത്തെ ഒരു നിയമസഭായോഗത്തിൽ, മാർച്ച് 24-ാംനു-, ബ്രിട്ടീഷ് രാജാവിൻെറ ചരമത്തിൽ അനുശോചനം പ്രകടിപ്പിക്കുന്ന പ്രമേയം അവതരിപ്പിക്കാൻ സ്പീക്കർ എണീററപ്പോൾ, "ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാനുള്ള ബന്ധം എന്താണെന്നറിഞ്ഞാൽ കൊള്ളാം" എന്നായിരുന്നു ഒരു ഐ. മു. സാമാജികൻെറ ചോദ്യം. "സാമാന്യമര്യാദയുടെ പേരിലാണു് ഇതവതരിപ്പിക്കുന്നതു് അദ്ദേഹം ഇൻഡ്യാ ചക്രവർത്തിയുമായിരുന്നതു പരിഗണിച്ചും മററും" എന്നു സ്പീക്കർ മറുപടി നൽകി. അപ്പോൾ ഐ. മു. ലീഡറും കമ്മ്യൂ: നേതാവുമായ ടി. വി. തോമസു് ഇങ്ങനെ വാദിച്ചു:- "ബ്രിട്ടീഷ് രാജാവു് മരിച്ചതിനെ ഇവിടെ പരാമർശിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല മററു രാജാക്കന്മാർ മരിച്ചാൽ ഇവിടെ അനുശോചിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ബ്രിട്ടനുമായുള്ള ബന്ധത്തെ കുറിക്കുന്നതുതന്നെയാണു് ഈ പ്രമേയം. ഇതിനെ അനുകൂലിക്കാൻ ഞങ്ങൾക്കു നിവ്വാഹമില്ല" എന്നു പറഞ്ഞു് ഐ മു. ക്കാരായ 29 പേരും വാക്കൗട്ടു നടത്തി. ഈ സംഭവത്തിൻെറ വെളിച്ചത്തിൽ, "മനസ്സിലാക്കുവാനുള്ള ബുദ്ധി ഇല്ലെന്നു്" കുററപ്പെടുത്തപ്പെടുന്ന കമ്മ്യൂ: എം. എൽ. എ. മാർക്കോ, കുററപ്പെടുത്തുന്ന കൗമുദിക്കോ, ആർക്കാണു് മനസ്സിലാക്കുവാനുള്ള ബുദ്ധി ഇല്ലാതായിത്തീന്നിരിക്കുന്നതു്?

### ഗുരുവായ സ്റ്റാലിനും ശിഷ്യനായ ടിറേറായും

ജോസഫ് ബ്രോസു് (Broz) എന്ന നാമം വഹിച്ചിരുന്ന ടിറേറാ 1892-ൽ അന്നത്തെ ആസ്ത്രിയായിലെ ക്രൊയേഷ്യായിൽ ജാതനായി. 1-ാം ലോകമഹായുദ്ധത്തിൽ റഷ്യാക്കാരാൽതടവുകാരനായി പിടിക്കപ്പെട്ടു. ബോൾഷെവിക് ആശയങ്ങൾ മനസ്സിൽ കുത്തിച്ചെലുത്തപ്പെട്ടശേഷം അദ്ദേഹം ചെമ്പടയിൽ ചേന്നു. ആ ലോകമഹായുദ്ധത്തിനുശേഷം റഷ്യയിൽ നടന്ന ആഭ്യന്തരയുദ്ധത്തിൽ അദ്ദേഹത്തിനു് ആദ്യത്തെ സൈനികപരിശീലനം ലഭിച്ചു. യൂഗോസ്ലാവിയായിലേക്കു് മടക്കി അയക്കപ്പെട്ടപ്പോൾ അദ്ദേഹം സാഗ്രബിലെ(Zagrab) മെററൽ വക്കേഴ്സ് യൂണിയൻെറ സെക്രട്ടറിയായി. അനന്തരം മോസ്കോയിലെ ലെനിൻസ്കൂളിൽ പോസ്റ്റ് ഗ്രാഡുവേററു് അദ്ധ്യയനം നടത്തി. ആ സ്കൂളിൽനിന്നു്, സ്റ്റാലിനിസ്റ്റ്-

ആഭ്യന്തരയുദ്ധം സംബന്ധിച്ചുള്ള കൊമിൻടേണിന്റെ ചില പ്രധാന കത്തവ്യങ്ങൾ നിവ്വഹിക്കുവാൻ പാരീസിലേക്കയക്കപ്പെട്ടു. പാരീസിൽ അന്നുണ്ടായ "ശുദ്ധീകരണങ്ങളുടെ" രക്തത്തിൽ സ്വകരങ്ങൾ മുക്കി. ആ രക്തനിബിഡ ശുദ്ധീകരണങ്ങൾ സ്പെയിനിലേക്കു കടത്തിക്കൊണ്ടുപോവുകയും, സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ റിപ്പബ്ളിക്കൻ പക്ഷക്കാരെ അധർമ്മികളാക്കുവാൻ സേവനം നടത്തുകയും ചെയ്തു. ശുദ്ധീകരണങ്ങളിലെ ഈ ഭാഗഭാഗിത്വത്താൽ ടിറ്റോ യൂഗോസ്ലാവ് കമ്മ്യൂ. പാർട്ടിയിലെ അജ്ഞാതനായ രണ്ടാംതരം ഉദ്യോഗസ്ഥന്റെ നിലയിൽനിന്നു പാർട്ടിയുടെ നേതാവെന്ന നിലയിലേക്കു ഉയർത്തപ്പെട്ടു. 1941-ൽ യൂഗോസ്ലാവ് പാർട്ടിയിൽ 12000 അംഗങ്ങളാണുണ്ടായിരുന്നതു്. 2-ാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ കഷ്ടിച്ചു 3000 അംഗങ്ങളേ അതിജീവിച്ചുള്ളു. എന്നാൽ 1948 ആയപ്പോൾ ആ സംഖ്യ, 470,000 ആയി വർദ്ധിച്ചു. അവരിലധികംപേർക്കും ടിറ്റോയല്ലാതെ മറെറാരു നേതാജി ഉണ്ടായിരുന്നില്ല. അങ്ങനെ ടിറ്റോ യൂഗോസ്ലാവിയായിലെ സേച്ഛാധിപതിയായി. "കൊച്ചുസ്റ്റാലിൻ" എന്ന അപരനാമവും അദ്ദേഹത്തിനു ലഭിച്ചു. സ്റ്റാലിനും ടിറ്റോയും തമ്മിൽ ഗുരുശിഷ്യബന്ധമാണുണ്ടായിരുന്നതു്. തന്മൂലം സ്റ്റാലിനെ ഏററവും അടുത്തറിഞ്ഞിട്ടുള്ള ആൾ ടിറ്റോയാണെന്നു ന്യായമായി ഊഹിക്കാം.

### സ്റ്റാലിൻ ടിറ്റോയുടെ ദൃഷ്ടിയിൽ

### ഏററവും വലിയ സാമ്രാജ്യ ദുർമ്മോഹി

കമ്മ്യൂണിസ്റ്റ് ടിറ്റോ ഭരിക്കുന്ന യൂഗോസ്ലാവിയായെ, തെക്കുകിഴക്കൻ യൂറോപ്പിലെ മററു രാജ്യങ്ങൾപോലെ, സോവ്യററ് സാമ്രാജ്യത്തിന്റെ അസ്വതന്ത്രഘടകമാക്കുവാൻ സ്റ്റാലിൻ പരിശ്രമിച്ചു. ടിറ്റോ എതിർത്തു. എതിപ്പ് ഇപ്പോഴും തുടന്നുവരികയാണു്. യൂഗോസ്ലാവിയായിൽനിന്നു് ഒരു ഗുഡ്‌വിൽ മിഷൻ കഴിഞ്ഞ ഡിസംബറിൽ ഇൻഡ്യയിൽ സഞ്ചരിച്ചിരുന്നു. ആ സംഘത്തിന്റെ നേതാവു് യൂഗോസ്ലാവിയാ ഫെഡറൽ ഗവർമ്മെൻറിലെ വിദ്യാഭ്യാസമന്ത്രിയായ കൊലാകൊവിക് (Col k vi ) ആയിരുന്നു. ഡിസംബർ 28-ാംനു മദ്രാസിൽവച്ചു് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ സോവ്യററ് യൂണിയനെപ്പററി പ്രകാശിപ്പിച്ച അഭിപ്രായം ഈയവസരത്തിൽ ശ്രദ്ധാർഹമാണു്:

തങ്ങളുടെ ദേശീയസ്വാതന്ത്ര്യം ഇല്ലാതാക്കുവാൻ സോവ്യററുഷ്യ ശ്രമംതുടങ്ങി. തന്മൂലം സോവ്യററുയൂണിയനിലെ സാമുദായികവ്യവസ്ഥിതി കൂലങ്കഷമായി പരിശോധിക്കുവാൻ തങ്ങളുടെ രാജ്യം നിർബദ്ധമായി. ഇങ്ങനെയാണു്, സോവ്യററ് യൂണിയൻ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമല്ലെന്നും, രാഷ്ട്രമുതലാളിത്തമായി ( te Ca it ist ) അധഃപതിച്ചിരിക്കുകയാണെന്നും തങ്ങൾ കണ്ടുപിടിച്ചതു്. സോവ്യററ് റഷ്യയിൽ രാഷ്ട്രം "ഭീകരഭരണത്തിനുള്ള സജ്ജീകൃതോപകരണം" ആയിത്തീന്നിരിക്കുന്നു. ഇൻഡ്യയുൾപ്പെടെയുള്ള വിവിധരാജ്യങ്ങളിലെ സ്വാതന്ത്ര്യസമ്പാദനപ്രസ്ഥാനത്തെ പ്രസംഗകൻ പരാമശിച്ചുപറഞ്ഞു, വിവിധരാജ്യങ്ങളിലെ വിവിധങ്ങളായ വിമോചനപ്രസ്ഥാനങ്ങൾ തങ്ങളുടെ ആധിപത്യത്തിലാക്കുവാൻ സോവ്യററുയൂണിയൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു്. "ഇന്നു ലോകത്തിലെ പ്രധാനപ്പെട്ട ആക്രമണശക്തി സോവ്യററുയൂണിയൻ ആണെന്നു് ഞങ്ങൾ വിചാരിക്കുന്നു. പ്രധാനപ്പെട്ട അപകടവും ആ വസ്തുതയിലാണു് കിടക്കുന്നതെന്നും ഞങ്ങൾ കരുതുന്നു. ലോകത്തിലെ വിമോചനപ്രസ്ഥാനങ്ങളെ, കൊളോണിയലും ഇതരങ്ങളുമായ വിവിധരാജ്യങ്ങളിലെ പ്രസ്ഥാനങ്ങൾ മാത്രമല്ല, പ്രത്യുത ലോകത്തിൽ മററുസ്ഥലങ്ങളിലുള്ള പുരോഗമനപ്രസ്ഥാനങ്ങളെപ്പോലും പ്രയോജനപ്പെടുത്തി മുതലെടുക്കുവാൻ സോവ്യററുയൂണിയൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. തങ്ങളോടുകൂടി പ്രവത്തിക്കുന്നവക്കെല്ലാം സോവ്യററുസഹായം ലഭിക്കുമെന്നു് ജനതതികളെ ബോദ്ധ്യപ്പെടുത്താൻ സോവ്യററുയൂണിയൻ പരിശ്രമിക്കുന്നു. ഈ "സഹായം" യഥാത്ഥത്തിൽ "സോവ്യററുസാമ്രാജ്യസ്ഥാപനം" എന്ന അത്ഥത്തിലേ മനസ്സിലാക്കേണ്ടതുള്ളൂ. സോവ്യററുയൂണിയനും ചൈനയും തമ്മിലുള്ള ബന്ധങ്ങൾ ഒരുദാഹരണമാകുന്നു."

സോവ്യററുയൂണിയൻ സ്റ്റാലിനും, സ്റ്റാലിൻ സോവ്യററുയൂണിയനും ആണല്ലോ. ആകയാൽ സോവ്യററുയൂണിയനെപ്പററി ടിറ്റോയുടെ പ്രതിനിധി പ്രകാശിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ സ്റ്റാലിനെപ്പററിത്തന്നെ പ്രകാശിപ്പിച്ചിരിക്കുന്നതായി പരിഗണിക്കാം. കൊച്ചുസ്റ്റാലിനായ ടിറ്റോയുടെ പ്രതിനിധിയുടെ അഭിപ്രായം ടിറ്റോയുടേതാണെന്നു് തീർച്ചതന്നെ. ഗുരുവിനെപ്പററിയുള്ള ശിഷ്യന്റെ അഭിപ്രായത്തിനല്ലേ ഏററവും കൂടുതൽ വിലയുള്ളതു്. സ്റ്റാലിന്റെ ചരമംപ്രമാണിച്ചു് ഇതരരാജ്യങ്ങളിലെ ഔദ്യോഗികകേന്ദ്രങ്ങളിൽനിന്നു മുഴങ്ങിക്കൊണ്ടിരിക്കുന്ന ഭംഗിവാക്കുകളും, വിശിഷ്യ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ അനന്തരഗാമിയും കൂട്ടുകാരും ആലപിച്ച സ്തുതിഗീതങ്ങളും (മുഖപ്രസംഗം നോക്കുക) പ്രസ്തുതാഭിപ്രായത്തിന്റെ വെളിച്ചത്തിൽ കേവലം പൊള്ളയാണെന്നു തെളിയുന്നില്ലയോ? യൂഗോസ്ലാവുഗവർമ്മെൻറിലേക്കു് 1949 ആഗസ്റ്റ് 30-ാംനു സോവ്യററ് ഗവർമ്മെൻറിൽനിന്നും അയച്ച നോട്ടുകളിൽ ഈ വാചകം കാണാം: "പട്ടിക്കുഞ്ഞിനു് ആനയുടെനേരെ കുരയ്ക്കാൻമാത്രം ധൈര്യം തോന്നിയിരിക്കുന്നു." സ്റ്റാലിന്റെ സാമ്രാജ്യദുർമ്മോഹം തൊലിയുരിഞ്ഞു കാണിക്കുവാൻ ഏററവും പര്യാപ്തമായ വാചകംതന്നെ, സംശയമില്ല.

| സത്യദീപം വരിസംഖ്യ | പ്രതിവഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |

## അടുത്ത ആഴ്ചയിൽ

മാർച്ച്

22 ഞാ: നോമ്പു് 5-ാം ഞായർ
23 തി: വിക്ടോറിയൻ
24 ചൊ: ഗബ്രിയേൽ മാലാഖ
25 ബു: പ. കന്യകാമറിയത്തിന്റെ മംഗലവാത്ത
26 വ്യാ: ജോസഫ് ദിമാക്കൂസ്
27 വെ: പ. മറിയത്തിന്റെ ഏഴു വ്യാകുലങ്ങൾ
28 ശ: ഫ്രാൻസിസ്കൻ

——

## പ്രിയോർമാർ

സുറിയാനി കർമ്മലീത്താസഭയുടെ ജനറൽ ചാപ്ററർ മാർച്ച് 14-ാംനു എറണാകുളത്തു കൂടി വിവിധ കൊവേന്തകളിലേക്കുള്ള പ്രിയോർമാരെ തിരഞ്ഞെടുത്തിരിക്കുന്നു.

ദക്ഷിണപ്രോവിൻസ്

മാന്നാനം-ഫാ. ബ്ളാസിയൂസ്
പുളിങ്കുന്നു്- ഫാ. റെമീജിയൂസ്
മുത്തോലി- ഫാ. അന്ത്രയോസ്
ചെത്തിപ്പുഴ- ഫാ. ആൻജലൂസ്
കുഴ്നാട്- ഫാ. ജയിംസ്
ചമ്പക്കുളം- ഫാ. നോർബർട്ട്
പൂഞ്ഞാർ- ഫാ. ഹെർബർട്ട്
മുട്ടാർ- ഫാ. റുഡോൾഫ്
മണിമല ഫാ. തിയോഫിലോസ്
പ്രൊവിൻഷ്യൽപ്രൊക്കുറേറർ- ഫാ. ഷാബോർ.

മദ്ധ്യ പ്രോവിൻസ്

വാഴക്കുളം- ഫാ. സിപ്രിയാനോസ്
പള്ളിപ്പുറം- ഫാ. ഡോമിനിക്കോസ്
തേവര- ഫാ. ജോസഫാത്തു്
കൂനമ്മാവു്- ഫാ. ഇസയാസ്
ആലുവാ- ഫാ. എഡ്മൻഡ
കറുകുററി- ഫാ. ക്രിസാംതൂസ്
പ്രൊവിൻഷ്യൽപ്രൊക്കുറേറർ- ഫാ. ഫ്രാൻസിസ് സാലെസ്.

ഉത്തര പ്രോവിൻസ്

എൽത്തുരുത്തു്- ഫാ. ജോഷാഫാ
അമ്പഴക്കാട്ട് ഫാ. മലാക്കിയാസ്
പാവർട്ടി- ഫാ. കാസ്മീർ
തലോർ- ഫാ. ബനീസിയസ്
കടലുണ്ടി ഫാ. ലയോൻസിയൂസ്
കുന്ദംകുളം- ഫാ. ക്ളോഡിയസ്
പ്രൊവിൻഷ്യൽ പ്രൊക്കുറേറർ ഫാ. ആമോസ്.

## ഏകാന്തധ്യാനം

വിശുദ്ധ വാരത്തിനുമുമ്പു് ഏകാന്തധ്യാനം കഴിക്കുവാൻ ആഗ്രഹിക്കുന്നവരെ ഉദ്ദേശിച്ചു് മാർച്ച് 28-ാംനു ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചു് ഏപ്രിൽ 1-ാംനു ബുധനാഴ്ച കാലത്തവസാനിക്കത്തക്കവിധം ഒരു ഏകാന്തധ്യാനം എറണാകുളത്തു് ചിററൂർറോഡിലുള്ള "കാർമ്മൽ റിട്രീററി"ൽവച്ചു് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. വെരി റവ. ഫാദർ ജെറോം ഒ സി ഡി. എം. അവർകൾ ആയിരിക്കും ധ്യാനപ്രസംഗകൻ. 30-ൽ കൂടുതൽ പേക്കു് താമസസൗകര്യം ഇല്ലാത്തതിനാൽ ധ്യാനത്തിൽ ചേരുവാനാഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഒരാഴ്ചയ്ക്കുമുമ്പു് ആവശ്യപ്പെടുവിൻ. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ഭക്ഷണച്ചിലവു് 10 ക. മാത്രം.

Directo ,
Carm l Retre t,
C ittoor Road. Ern kulam

## കൊ-തിവാത്തകൾ

ജനനമരണനിരക്കു്

1951-52-ൽ 217032 ജനനങ്ങളും 59830 മരണങ്ങളും റിക്കാർഡുചെയ്യിട്ടുണ്ടു്. തലേവർഷം രജിസ്റ്റർചെയ്ത ജനനസംഖ്യ 212932-ം മരണസംഖ്യ 74609-ം ആയിരുന്നു. 1951-52 ലെ ജനനത്തിൽ 111588 ആൺകുട്ടികളും 105444 പെൺകുട്ടികളും ആയിരുന്നു. റിക്കാർഡുചെയ്ത മരണത്തിൽ 311551 പുരുഷന്മാരും 28285 സ്ത്രീകളും ആയിരുന്നു. ഈ കണക്കനുസരിച്ചു് 100 പെൺകുട്ടികൾക്കു ഏകദേശം 106 ആൺകുട്ടികൾവീതം ജനിക്കുകയും 100 സ്ത്രീകൾക്കു ഏകദേശം 112 പുരുഷന്മാർവീതം മരിക്കുകയും ചെയ്തിട്ടുണ്ടു്.

ബഡ്ജററ്

ധനകാര്യമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ മാർച്ച് 9-ാംനു തിരു-കൊച്ചി സ്റ്റേററിന്റെ 1953-54 ലെ ബഡ്ജററ് അസംബ്ളിയിൽ അവതരിപ്പിച്ചിരിക്കുന്നു. ബഡ്ജററുവർഷത്തിൽ 1713·87 ലക്ഷം ക. വരവും 1727·94 ലക്ഷം ക. ചെലവും അങ്ങനെ 14·07 ലക്ഷം ക. അധികച്ചെലവുമാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ വർഷത്തിൽ പുതിയനികുതികൾ ഏപ്പെടുത്തുന്നതിനോ, ഉള്ളവ വർദ്ധിപ്പിക്കുന്നതിനോ ഗവർമ്മെൻറു് ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ജലസേചനത്തിന്റെ ഗുണമനുഭവിക്കുന്ന ഭൂമികൾക്കു് ഒരു ലെവി ഏപ്പെടുത്തുന്നതാണു്.

### പ്രഥമചരമവാർഷികം



മേയ്ക്കാട്ടുകളങ്ങരെ
ലോനപ്പൻ ഭാര്യ അന്നമ്മ
ജനനം: 9—5—1865
മരണം: 19—2—1952

കരുണയുള്ള ഈശോയെ, ഇവർക്കു് നിത്യാശ്വാസം കൊടുത്തരുളേണമെ.

R. I. P.

## ഇന്ത്യാവാത്തകൾ

മൂന്നു മെത്രാന്മാരുടെ പട്ടാഭിഷേകം

മാർച്ച് 19-ാംനു മദ്രാസിൽവച്ചു നടക്കുന്ന മൂന്നു മെത്രാന്മാരുടെ (വെല്ലൂർ, തഞ്ചാവൂർ, മദ്രാസ്-മൈലാപ്പൂർ സഹായമെത്രാൻ) പട്ടാഭിഷേകം പ്രമാണിച്ചു് മദ്രാസ് നഗരത്തിൽ ഉദ്യോഗമുള്ള എല്ലാ കത്തോലിക്കാ ഗവർമ്മെൻറു ജീവനക്കാക്കും അന്നേദിനം അരദിവസത്തെ അവധി അനുവദിക്കുവാൻ ഗവർമ്മെൻറു ഉത്തരവായിരിക്കുന്നു.

മി. വെള്ളോടി

ഹൈദ്രബാദ് സ്റ്റേററ് കൗൺസിലറായ മി. എം. കെ. വെള്ളോടിയെ ഇൻഡ്യാഗവർമ്മെൻറിന്റെ ഹൗസിംഗ് ആൻഡ് സപ്ലൈവകുപ്പിലെ സിക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

പ്രൊ. കെ. ററി. ഷാ നിര്യാതനായി

സുപ്രസിദ്ധ ധനതത്വശാസ്ത്രജ്ഞനും മുൻ പാർലമെൻറു മെമ്പറുമായ പ്രൊഫസർ കെ. ടി. ഷാ മാർച്ച് 10-ാംനു 66-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

പ്രസിദ്ധീകരണരംഗത്തു ഇൻഡ്യയുടെ നില

വൃത്താന്തപ്പത്രങ്ങൾ, റേഡിയോ, സിനിമ എന്നീ വിഷയങ്ങളിൽ ഇൻഡ്യയും ജപ്പാനുമാണു് ഏഷ്യയിലേക്കും മികച്ചുനിൽക്കുന്നതെന്നു് 1952-ലെ ഐക്യരാഷ്ട്ര ഇയർബുക്കിൽ പറഞ്ഞിരിക്കുന്നു. 1952-ൽ ഇൻഡ്യയിൽ 578 ദിനപ്പത്രങ്ങളുണ്ടായിരുന്നു. അവയുടെ മൊത്തം പ്രചാരം 30 ലക്ഷം പ്രതികൾ—അതായതു് 1000 പേക്കു് 7 പ്രതിവീതം—ആയിരുന്നു. ലോകത്തിൽ ഏററവും കൂടുതൽ സിനിമാചിത്രങ്ങൾ നിർമ്മിക്കുന്നതു് അമേരിക്ക കഴിഞ്ഞാൽ പിന്നെ ഇൻഡ്യയിലാണത്രെ.

## വിദേശവാത്തകൾ

കമ്മ്യൂണിസ്റ്റുകളുടെ സംഖ്യ കുറയുന്നു

കഴിഞ്ഞ മൂന്നുവർഷങ്ങളായി ലോകമാകെയുള്ള കമ്മ്യൂണിസ്റ്റുകളുടെ സംഖ്യ പത്തുലക്ഷത്തോളം കുറഞ്ഞിട്ടുണ്ടെന്നു് സോവ്യററ് പത്രമായ പ്രവ്ദ സൂചിപ്പിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. 1950-ൽ കമ്മ്യൂണിസ്റ്റുകളുടെ സംഖ്യ 260 ലക്ഷത്തോളമായിരുന്നെന്നും ഇക്കൊല്ലം പ്രവ്ദയിലെ വാത്തയനുസരിച്ചു് 240 ലക്ഷത്തിൽപ്പരമേ വരുന്നുള്ളുവെന്നും പ്രസ്തുതറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

മൃതിയടഞ്ഞു

ചെക്കൊസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റ് പ്രസിഡൻറായിരുന്ന ഗോട്ട്‌വാൾഡ് മാർച്ച് 14-ാംനു കാലത്തു മൃതിയടഞ്ഞിരിക്കുന്നു.

57-ാമത്തെ വീറോ

ഐക്യരാഷ്ട്ര സെക്യൂരിററി കൗൺസിൽ മാർച്ച് 13-ാംനു ക്യാനഡായിലെ മി ലെസ്റ്റർ പീയേഴ്സനെ പുതിയ സെക്രട്ടറി ജനറലായി വോട്ടുചെയ്തു. എന്നാൽ റഷ്യ അതിനെ വീറോ ചെയ്തതിനാൽ മി പീയേഴ്സൺ തിരഞ്ഞെടുക്കപ്പെട്ടില്ല. റഷ്യയുടെ 57-ാമത്തെ വീറോയാണതു്.

റഷ്യൻ മറിമായങ്ങൾ

ലണ്ടനിലെ "ഡെയിലിസ്കെച്ചു്" എന്ന പത്രം റഷ്യൻ മറിമായങ്ങളെ സംബന്ധിച്ചു് സംഭ്രമജനകമായ രണ്ടു വാത്തകൾ ഈയിടെ പ്രസിദ്ധംചെയ്തിരിക്കുന്നു. മോസ്കോയിലെ ഇന്ത്യൻ അംബാസിഡർ മി കെ പി എസ് മേനോൻ ഫെ. 18-ാംനു സ്റ്റാലിനെകണ്ടു സംസാരിച്ചതായും സ്റ്റാലിൻ മാനസികമായും ശാരീരികമായും പൂർണ്ണാരോഗ്യവാനായി കാണപ്പെട്ടതായും റിപ്പോർട്ടു ചെയ്തിരുന്നു. എന്നാൽ മി മേനോൻ കണ്ടതു് സാക്ഷാൽ സ്റ്റാലിനെയല്ല, സ്റ്റാലിന്റെ ഭാഗം അഭിനയിക്കുന്ന അദ്ദേഹത്തിന്റെ ബദലായ മി വസ്സിലി കർഡിയോക്കിവിനെയാണെന്നുവിശ്വസനീയമായി അറിയാൻ സാധിച്ചിരിക്കുന്നെന്നു് ഡെയിലിസ്കെച്ചു് പ്രസ്താവിക്കുന്നു. പ്രസ്തുതപത്രം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ വാത്ത സ്റ്റാലിൻ മരിച്ചതു മാർച്ച് 5-ാംനുയല്ല, ഫെബ്രുവരി 28-ാംനു ആണെന്നും ജനങ്ങളുടെ ക്ഷോഭത്തേയും കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ തകിടംമറിച്ചിലിനേയും ഭയപ്പെട്ടു് ആവാത്ത അഞ്ചുദിവസത്തേക്കു രഹസ്യമായി സൂക്ഷിക്കയും വേണ്ട മുൻകരുതലുകൾ ചെയ്യുകയും ചെയ്തശേഷമാണു് ആ വാത്ത പുറത്തു വിട്ടതെന്നുംമററുമുള്ളതാണു്. ക്രെംലിൻ സെനററുമന്ദിരത്തിന്റെ മൂന്നാംനിലയിലുള്ള ഓഫീസിൽ ജോലിയിലിരിക്കുമ്പോൾ പെട്ടെന്നു നടുക്കം തട്ടിയാണത്രെ സ്റ്റാലിൻ നിര്യാതനായതു്.

ജപ്പാനിൽ പുതിയ തിരഞ്ഞെടുപ്പു്

മി ഷിഗേരു യോഷിദായുടെ നേതൃത്വത്തിലുള്ള ജാപ്പനീസ് മന്ത്രിസഭയുടെ പേരിൽ അവിശ്വാസപ്രമേയം പാസ്സായതിനാൽ ഏപ്രിൽ 19-ാംനു ഒരു പൊതുതിരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചിരിക്കുന്നു.

Per us u E c ia tico
Print d & Published by
K. L. Varkey
at the Mar L u s Me no ial P ess
Ern kulam

പ്രഭാഷണം

# മൂന്നു കാരണങ്ങൾ

നിങ്ങളിൽ ആർ ആകുന്നു പാപത്തെക്കുറിച്ച് എന്നിൽ കുററം ചുമത്തുന്നതു? ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാതിരിക്കുന്നതെന്തുകൊണ്ട്? ദൈവത്തിൽനിന്നുള്ളവൻ ആരോ അവൻ ദൈവത്തിന്റെ വചനങ്ങൾ കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽനിന്നല്ല എന്നു ഇതുകൊണ്ടുതന്നെ നിങ്ങൾ കേൾക്കുന്നില്ല. യൂദന്മാർ ഉത്തരമായി അവനോടു: നീ ഒരു ശമ്രായക്കാരൻ ആകുന്നു എന്നും നിനക്കു പിശാചുണ്ട് എന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ? എന്നു ചോദിച്ചു. ഈശോ അവരോട് അരുളിച്ചെയ്യുന്നു: എനിക്കു പിശാച് ഇല്ല, പിന്നെയോ ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളോ എന്നെ അവമാനിക്കുന്നു. ഞാൻ എന്റെ സ്തുതി അന്വേഷിക്കുന്നില്ല. അന്വേഷിക്കയും വിധിക്കയും ചെയ്യുന്നവൻ ഉണ്ട്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കാക്കുന്നവൻ ഒരിക്കലും മരണം കാണുകയില്ല. യൂദന്മാർ അവനോടു പറയുന്നു: നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി. അബ്രാഹവും പ്രവാചകന്മാരും മരിച്ചു. എങ്കിലും എന്റെ വചനം കാക്കുന്നവൻ ഒരിക്കലും മരണം ആസ്വദിക്കയില്ല എന്നു നീ പറയുന്നു. ഞങ്ങളുടെ പിതാവായ മരിച്ചുപോയ അബ്രാഹത്തെക്കാളും മരിച്ചുപോയ പ്രവാചകന്മാരെക്കാളും നീ വലിയവനായിരിക്കുമോ? നീ നിന്നെത്തന്നെ ആർ ആക്കിത്തീർക്കുന്നു? ഈശൊ അവരോട് അരുളിച്ചെയ്യുന്നു: ഞാൻ എന്നെത്തന്നെ സ്തുതിക്കുന്നു എങ്കിൽ എന്റെ സ്തുതി ഒന്നുമില്ല. എന്നെ സ്തുതിക്കുന്നതു് ഞങ്ങളുടെ ദൈവമാകുന്നു എന്നു നിങ്ങൾ പറയുന്ന എന്റെ പിതാവാകുന്നു. നിങ്ങൾ അവനെ അറിഞ്ഞിട്ടില്ല. ഞാനോ അവനെ അറിയുന്നു. അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ ഞാൻ നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വാക്കു കാക്കുകയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രാഹം എന്റെ ദിവസം കാണുവാൻ ആഗ്രഹിച്ചിരുന്നു. അവൻ കണ്ടു സന്തോഷിക്കുകയുംചെയ്തു. യൂദന്മാർ അവനോട്: നിനക്ക് ഇനിയും അൻപതു വയസ്സായിട്ടില്ല. എന്നിരിക്കെ നീ അബ്രാഹത്തെ കണ്ടുവോ? എന്നു ചോദിച്ചു. ഈശോ അവരോട്: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട് എന്ന് അരുളിച്ചെയ്യുന്നു. അപ്പോൾ അവർ അവനെ എറിയുവാൻ കല്ലുകൾ എടുത്തു. എന്നാൽ ഈശോ മറഞ്ഞ് (ദൈവ)ആലയത്തിൽനിന്നു പുറപ്പെട്ട് അവരുടെ ഇടയിൽക്കൂടെ കടന്നുപോയി. (പീഡാനുഭവഞായർ. യോഹ: 8, 46—59)

"ഞങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, അബ്രാഹം ഞങ്ങളുടെ പിതാവാണ്, മൂശവഴി ദൈവം പ്രദാനം ചെയ്ത ഒരു പ്രമാണസംഹിത ഞങ്ങൾക്കുണ്ട്" എന്നെല്ലാം പെരുമ്പറയടിച്ചിരുന്ന ഒരു ജനാവലിയാണു യഹൂദർ. പ്രശസ്തിയുടെ പരിവേഷമണിഞ്ഞിരുന്ന പൂർവ്വചരിത്രത്തിന്റെ തണലിൽ, സ്വവംശത്തിന്റെ നേട്ടങ്ങൾ അയവിറക്കിക്കൊണ്ട്, "ബഹുമാനിയാം ഞാനാരെയും തൃണവൽ" എന്ന അഹങ്കാരവിജൃംഭിതമായ മനോഭാവത്തോടെ അവരങ്ങനെ വിശ്രമംകൊള്ളുകയായിരുന്നു. അപ്പോഴാണു ക്രിസ്തു, ഒരാശാരിപ്പണിക്കാരന്റെ പുത്രനായി പരിഗണിക്കപ്പെട്ടിരുന്ന ആ നവീനപ്രവാചകൻ, അശ്രുതപൂർവ്വങ്ങളായ ചില തത്വശകലങ്ങളുമായി അവരെ സമീപിച്ച്, അവരുടെ സുഖസുഷുപ്തിയിൽനിന്നും അവരെ തട്ടിയുണർത്തുന്നതിനു ശ്രമിക്കുകയും അവരുടെ മിഥ്യാഭിമാനത്തെ കുത്തിമുറിപ്പെടുത്തുകയും ചെയ്തതു്. ആന്തരികമായ വിശുദ്ധിവേണം, ബാഹ്യമായ ആചാരനടപടികൾ അക്ഷരംപ്രതി അനുഷ്ഠിച്ചതുകൊണ്ടുമാത്രമായില്ല, പ്രവൃത്തി പ്രസംഗത്തിനൊത്തതാകണം, സത്യത്തിന്റെ നെടുംതൂണുകൾ എന്നു സ്വയം അഭിമാനിച്ചതുകൊണ്ടോ നീതിയുടെ നെററിപ്പട്ടം കെട്ടിയതുകൊണ്ടോ പ്രയോജനമില്ല, ആ ഉൽകൃഷ്ടാദർശങ്ങൾ വരച്ചുതരുന്ന വഴിയിൽകൂടി യാത്രചെയ്യാനുള്ള വിനയംവേണം, എന്നിങ്ങനെയായിരുന്നു ക്രിസ്തുവിന്റെ ഉപദേശങ്ങളുടെ പോക്ക്. അവ കുറിക്കുകൊള്ളുകതന്നെചെയ്തു. തൽഫലമായി, യഹൂദപ്രമാണികളുടെ മൂത്തുമുരടിച്ച അഹങ്കാരം, അടികൊണ്ട സർപ്പത്തെപ്പോലെ ഫണമുയർത്തി. "നീ സമരിയാക്കാരനാണ്; നിന്നിൽ പിശാചുണ്ട്" എന്നെല്ലാം അവർ തിരിച്ചടിച്ചു. പക്ഷേ ഈശൊ പരാജിതനായില്ല. അവിടുന്നു അവരുടെ അബദ്ധധാരണകളെ ഓരോന്നായി വലിച്ചു പുറത്തിടുവാനും സത്യത്തിന്റെ വെളിച്ചത്തിൽ അവയെ പരിശോധിക്കാനുംതുടങ്ങി. അവസാനം ഉത്തരംമുട്ടിയപ്പോൾ, ഇനി ബലപ്രയോഗമല്ലാതെ വേറെ മാർഗ്ഗമില്ലെന്നുകണ്ട്, ഒരു കല്ലേറു നടത്തുവാൻതന്നെ അവർ തീരുമാനിച്ചു. അവക്ക് തല്ക്കാലം പിടികൊടുക്കുവാൻ ക്രിസ്തുനാഥൻ ഉദ്ദേശിക്കാതിരുന്നതുകൊണ്ട് ഞൊടിയിടയിൽ അവരുടെ മദ്ധ്യത്തിൽനിന്നും അവിടുന്നു മറയുകയും ചെയ്തു.

അന്നത്തെ യഹൂദന്മാരുടെ മനോഭാവമുള്ള മനുഷ്യർ ഇന്നും സുലഭമാണ്. അവരുടെ ചിന്താഗതിയേയും അവർ തട്ടിമൂളിക്കുന്ന അഭിപ്രായങ്ങളേയും ആരും ചോദ്യംചെയ്യരുതു്: സത്യത്തിന്റേയും നീതിയുടേയും ധർമ്മത്തിന്റേയും പേരിൽ അവയെ ആരെങ്കിലും ചോദ്യം ചെയ്യാൻ മുതിർന്നാൽ, കോപമായി, വഴക്കായി, വക്കാണമായി, കൂക്കുവിളിയായി, അവസാനം കല്ലേറുമായി. ന്യായമായ പൗരാവകാശങ്ങളുടെ പരിധിക്കുള്ളിൽ നടത്തപ്പെടുന്ന ചില യോഗങ്ങൾ അക്രുട്ടർ അലങ്കോലപ്പെടുത്തുവാനുള്ള കാരണമിതാണ്.

ക്രിസ്തുവിന്റെ ദിവ്യബോധനങ്ങൾ സ്വീകരിക്കാതെ യഹൂദർ അവരുടെ ഹൃദയത്തിന്റെ ഉള്ളറകളെ അടച്ചിട്ടു. കാരണമെന്താണ്? അവർ "ദൈവത്തിൽനിന്നുള്ളവരല്ലായിരുന്നു." അവർക്ക് ആദ്ധ്യാത്മികപ്രബുദ്ധത ഇല്ലായിരുന്നു; ദൈവദാനം വിനയസമേതം സ്വീകരിക്കുവാനും ദൈവഹിതത്തിന്റെ മുമ്പിൽ തലകുനിക്കാനും അവർ സന്നദ്ധരല്ലായിരുന്നു. സ്വാർത്ഥത്തെ പൂജിക്കുന്നതിനുവേണ്ടി, ദൈവികനിയമങ്ങളെ സ്വന്തം താല്പര്യങ്ങൾക്ക് അനുയോജ്യമായവിധത്തിൽ വലിച്ചുനീട്ടുന്നതിൽ ബഹുവിരുതന്മാരായിരുന്നു അവർ. ഇത്തരക്കാർ ഇന്നുമില്ലേ ലോകത്തിൽ? ഉണ്ട്, തീർച്ചയായുമുണ്ട്. അവരുടെ സംഖ്യ "ലീജിയൻ" ആണെന്നു പറയാം.

ദൈവത്തിന്റെ അസ്തിത്വം കരതലാമലകംപോലെ സുവിദിതമായ ഒരു സംഗതിയാണ്. ആകാശത്തിലെ നക്ഷത്രങ്ങളും മനുഷ്യഹൃദയത്തിന്റെ അഭിനിവേശങ്ങളും അതിനു് അനിഷേദ്ധ്യമായ സാക്ഷ്യം നൽകുന്നുണ്ട്. തത്വജ്ഞനായ കാൻറ് പറയുന്നു, രണ്ടു സംഗതികളാണു തന്നെ വിസ്മയസ്തബ്ധനാക്കുന്നതെന്ന്—ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും മനുഷ്യഹൃദയത്തിൽ ആലേഖനം ചെയ്തിരിക്കുന്ന ധാർമ്മികപ്രമാണവും. പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ ഒരിക്കൽ പ്രസ്താവിച്ചതുപോലെ, ശാസ്ത്രം തുറക്കുന്ന ഓരോ വാതിലിന്റെ പിന്നിലും ദൈവം നില്ക്കുന്നതുപോലെ തോന്നുന്നു. ശാസ്ത്രത്തിന്റെ പുരോഗതി ദൈവത്തിന്റെ ദീർഘവീക്ഷണത്തിനും കരകൗശലത്തിനും സ്പഷ്ടമായ തെളിവുകൾ നൽകിക്കൊണ്ടിരിക്കുന്നുവെന്നു സാരം. ഇങ്ങനെയെല്ലാമായിട്ടും തങ്ങളുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ കുറച്ചുപേർമാത്രം യഥായോഗ്യം അറിയുകയും സ്നേഹിക്കയും ചെയ്യുന്നു. അതിനു മൂന്നു കാരണങ്ങളുണ്ടെന്നാണ് അമേരിക്കയിലെ സുപ്രസിദ്ധ ഗ്രന്ഥകാരനും പ്രാസംഗികനുമായ ബിഷപ്പ് ഫുൾട്ടൺ ഷീന്റെ അഭിപ്രായം.

ഒന്നാമത്തെ കാരണം, നാം മുക്തിപ്രാപിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും പാപത്തിൽനിന്നും മുക്തിപ്രാപിക്കാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. ദാരിദ്ര്യം, യുദ്ധം, അജ്ഞത, രോഗം, സാമ്പത്തികമായ അരക്ഷിതാവസ്ഥ, ഇവയിൽനിന്നെല്ലാം നമുക്കു രക്ഷവേണം. എന്നാൽ, നമ്മുടെ ദുർവാസനകളും പാപജീവിതവും അതേപടി നിലനിത്തിക്കൊണ്ടുപോകയും വേണം. ബിഷപ്പ് ഷീന്റെ ഈ പ്രസ്താവം എത്ര യഥാർത്ഥമായിരിക്കുന്നു. ദാരിദ്ര്യത്തേയും സാമ്പത്തികാസമത്വത്തേയും അതിവർണ്ണനം ചെയ്ത് ശ്രോതാക്കളെ ആവേശഭരിതരാക്കയും ദൈവപരിപാലനയെപ്പോലും ചോദ്യംചെയ്കയും ചെയ്യുന്ന പ്രാസംഗികർ, പാപത്തെപ്പററി ഒരക്ഷരമെങ്കിലും മിണ്ടാറുണ്ടോ? "നിങ്ങളാദ്യമായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ......" എന്ന ദിവ്യപ്രബോധനം ഏവരും വിസ്മരിച്ചതുപോലെ തോന്നുന്നു.

പലരും മുക്തിദാതാവായ ദൈവത്തെ കണ്ടെത്താത്തതിനുള്ള രണ്ടാമത്തെ കാരണം, അവർ രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നെങ്കിലും അതിനായി "അത്ര വലിയ" വിലകൊടുക്കാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. കാരണം ദൈവം പരിപൂർണ്ണമായ ആത്മസമർപ്പണമാണ് ആവശ്യപ്പെടുന്നതു്. ദൈവം നല്ലവനാണ് എന്ന കാരണത്താൽത്തന്നെ അങ്ങയെ ഭയപ്പെടുന്നവരുണ്ട്. അപൂർണ്ണമായതൊന്നും അങ്ങേക്കു സംതൃപ്തിനൽകുകയില്ലെന്ന് അവർക്കറിയാം. ബിഷപ്പ് ഷീന്റെ ഈ പ്രസ്താവവും നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. ദൈവവിശ്വാസമുണ്ടെങ്കിലും, രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും, കരിഞ്ചന്ത, അസാന്മാർഗ്ഗികമായ ചലച്ചിത്രങ്ങൾ, സുഖലോലുപത്വം ആദിയായവ പരിത്യജിക്കാൻ മടിക്കുന്നവർ എത്രപേരാണു നമ്മുടെ ഇടയിലുള്ളതു്. ദൈവം സകലനന്മസ്വരൂപനാകയാൽ, തിന്മയുടെ നിഴൽപോലും അവിടുത്തേക്ക് അപ്രീതി വരുത്തുന്നെന്നു നാം ഓർത്തിരിക്കണം. ദൈവത്തെ നാം "മുഴുഹൃദയത്തോടെ" സ്നേഹിക്കേണ്ടതാണ്. ത്യാഗസന്നദ്ധതയില്ലാത്തവർക്ക്, സ്വന്തം സുഖസൗകര്യങ്ങളും സ്വാർത്ഥപരമായ താല്പര്യങ്ങളും നീതിരഹിതമായ ആദായമാർഗ്ഗങ്ങളും ഉപേക്ഷിക്കാൻ സന്നദ്ധതയില്ലാത്തവർക്ക്, ഇതു സാദ്ധ്യമല്ല.

പലരും രക്ഷകനായ ദൈവത്തെ അറിയാത്തതിനുള്ള മൂന്നാമത്തെ കാരണം, ദൈവം കാണിച്ചു തന്നിരിക്കുന്ന മാർഗ്ഗത്തിൽക്കൂടിയല്ല, തങ്ങൾക്ക് ഇഷ്ടപ്പെടുന്ന മാർഗ്ഗത്തിൽക്കൂടിയാണ് അവർ രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കുന്നതു് എന്നതത്രെ. എല്ലാ മതങ്ങളും ഒരുപോലെ ശരിയാണെന്നും, മതം കേവലം വ്യക്തിപരമായ ഒരു കാര്യമാണെന്നും ബാഹ്യാനുഷ്ഠാനങ്ങൾ ആവശ്യമില്ലെന്നും, വിവാഹമോചനം, ജനനനിയന്ത്രണം തുടങ്ങിയവ നിഷിദ്ധമല്ലെന്നും വാദിക്കുന്നവർ ഇത്തരത്തിൽപ്പെടുന്നു. മാംസവർജ്ജനം, ഉപവാസം തുടങ്ങിയവ വ്യക്തിസ്വാതന്ത്ര്യത്തിലുള്ള അനധികൃതമായ കൈകടത്തലാണെന്നു വിചാരിക്കുന്ന കത്തോലിക്കരേയും ഈ ഗണത്തിൽത്തന്നെയാണ് ഉൾപ്പെടുത്തേണ്ടതു്. പ്രമാണങ്ങളൊന്നും ഇല്ലായിരുന്നെങ്കിൽ, നരകമില്ലായിരുന്നെങ്കിൽ എന്നെല്ലാം അഭിലഷിക്കുന്നവരും ഇക്കാലത്തു ധാരാളമുണ്ട്. എന്നാൽ ദൈവനിശ്ചിഷ്ടമായ മാർഗ്ഗത്തിൽക്കൂടി മാത്രമേ രക്ഷപ്രാപിക്കുവാൻ സാധിക്കയുള്ളുവെന്നതു പതിരററ പരമാർത്ഥമാണ്.

മേൽപ്പറഞ്ഞ കാരണങ്ങളിൽ ഏതിനെപ്രതിയായാലും സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെനേർക്കു പുറംതിരിച്ചുകളയുന്നവൻ നിർഭാഗ്യവാനാണ്. ദൈവസ്നേഹമില്ലാത്ത മനുഷ്യഹൃദയം കാഴ്ചയില്ലാത്ത കണ്ണുപോലെയും കേൾവിയില്ലാത്ത ചെവിപോലെയുമാണ്. കണ്ണുകാണാനും ചെവി കേൾക്കാനുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; ഹൃദയമാകട്ടെ ദൈവത്തെ സ്നേഹിക്കുവാനും. മുൻപറഞ്ഞ ഏതെങ്കിലും ഗണത്തിൽ നമ്മളും ഉൾപ്പെടുമോ എന്ന് ആത്മശോധന ചെയ്തുനോക്കുന്നതു ഏററവും പ്രയോജനപ്രദമായിരിക്കും. P. I. J.

——

ജീവചരിത്രപംക്തി

## വി. ബനഡിക്ട്

(തിരുനാൾമാർച്ച് 21)

പാശ്ചാത്യരുടെ ഇടയിൽ ആദ്യമായി സന്യാസമന്ദിരങ്ങൾ സ്ഥാപിച്ചതു് ഈ വിശുദ്ധനാണ്. ഉദ്ദേശം 480-ൽ നർസിയ എന്ന സ്ഥലത്തു് ഇദ്ദേഹം ഭൂജാതനായി. 543-ൽ ഇററലിയിലെ മോന്തെ കസ്സീനോ ആശ്രമത്തിൽവച്ചു മൃതിയടയുകയും ചെയ്തു. വി. സ്കൊളാസ്തിക്ക ഇദ്ദേഹത്തിന്റെ സഹോദരിയായിരുന്നു. 17 വയസ്സിൽ ഇദ്ദേഹം ലോകസുഖങ്ങളെല്ലാം പരിത്യജിച്ചു സുബിയാക്കൊ എന്ന സ്ഥലത്തുള്ള ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. അനേകകൊല്ലം

നിത്യമായ സന്തോഷത്തിനു്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻതക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ - കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

തൈക്കാട്ട്മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# പരസ്നേഹത്തിന്റെ ഓളംതല്ലൽ

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

"പരസ്നേഹപ്രവൃത്തികൾ ധാരാളമായി ചെയ്തിട്ടുള്ള ഒരാൾ നിർഭാഗ്യമരണം പ്രാപിച്ചതായി ഞാൻ കേട്ടിട്ടില്ല. അവക്കു് പല മദ്ധ്യസ്ഥന്മാരുണ്ടായിരിക്കും. പലരുടെ പ്രാർത്ഥന കേൾക്കപ്പെടാതിരിക്കുക അസാദ്ധ്യമാണ്." വി. ഈറാനിമൂസ്.



"ഞാൻ അനാവശ്യമായി ചെലവുചെയ്തതു് എന്നന്നേക്കുമായി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ കൈവശമുണ്ടായിരുന്നതു് അന്യർക്കായി ശേഷിച്ചിരിക്കുന്നു. ഞാൻ ധർമ്മം ചെയ്തതു് എന്റെ കൂടെ സ്ഥിതി ചെയ്യുന്നു." ലണ്ടൻ പട്ടണത്തിലുള്ള പഴയ ഒരു ശവകുടീരത്തിന്റെ മീതെ വയ്ക്കപ്പെട്ടിരിക്കുന്ന ഒരു മാർബിൾകല്ലിൽ രേഖപ്പെടുത്തിയിരിക്കുന്നതും ജോസഫ് അഡിസൺ എന്ന ആംഗ്ലേയ സാഹിത്യകാരൻ കണ്ടുപിടിച്ചതുമായ വാക്കുകളാണു് ഞാൻ മേലുദ്ധരിച്ചതു്. മനുഷ്യവംശത്തിനുള്ളതിലേക്കും മഹനീയമായ ഗുണവിശേഷം പരസ്നേഹമാണ്. അതിനു് എന്റെ മാന്യവായനക്കാർ ദയയെന്നോ കരുണയെന്നോ സാഹോദര്യമെന്നോ ഏതുവിധമെങ്കിലും നിർവ്വചനം നൽകിക്കൊള്ളുക. അതു മന്ദസ്മിതമോ ഹസ്തദാനമോ സ്തുതിവർണ്ണനയോ അല്ല. പ്രത്യുത കർമ്മോദ്യുക്തമായ ഒരു ഗുണവിശേഷമത്രെ. ചുരുക്കിപ്പറഞ്ഞാൽ പരസ്നേഹമെന്നതു് മററുള്ളവർക്കു നന്മചെയ്യുക, ഏതെങ്കിലും പ്രകാരത്തിൽ അവരെ സഹായിക്കുക, ദൈവത്തിന്റെ സന്താനങ്ങളായി അവരെ കരുതുക, എന്നിവയാകുന്നു. അനുകമ്പാനിർഭരമായ ഒരു പരസ്നേഹപ്രവൃത്തി, അതേ, സ്നേഹംനിറഞ്ഞ കൊച്ചുവാക്കുകളോ, സ്നേഹം തുളുമ്പുന്ന മുഖഭാവമോ, അന്ധനായ ഒരു മനുഷ്യനെ തെരുവീഥിയിൽക്കൂടി നയിക്കുന്ന പ്രവൃത്തിയോ, രോഗിയുടെ സമീപെ ഇരുന്നു് ആശ്വാസപ്രദായകമായ ഒരു പുസ്തകം വായിച്ചുകേൾപ്പിക്കുന്നതോ, എന്തെങ്കിലുമാകട്ടെ, അതിനു അസാധാരണമായ ഒരു സൗന്ദര്യമുണ്ടു്. ഈ നാട്ടിൽ സുഖമായി കഴിഞ്ഞുപോരുന്ന നാമോരോരുത്തരുടേയും സ്നേഹവും സാന്നിദ്ധ്യവും സന്മനസ്സും പ്രതീക്ഷിക്കുന്നവരായി അനാഥശാലകൾ നിറയെ ശിശുക്കളും ബാലന്മാരും ബാലികകളും ആശുപത്രി നിറയെ രോഗികളുമുണ്ടു. അപ്രകാരമുള്ള ഒരു അനാഥശാലയും ആശുപത്രിയും ഈയിടെ കാണുന്നതിനും അവിടെ കുറേദിവസം താമസിക്കുന്നതിനും എനിക്കു് അവസരമുണ്ടായി. മദ്രാസിനു ഏകദേശം 80 മൈൽ തെക്കായി വെല്ലൂർ എന്ന സ്ഥലത്തു് സലേഷ്യൻ സഭാവൈദികരാൽ നടത്തപ്പെടുന്ന ഒരു അനാഥശാലയുണ്ടു്. 500 അനാഥബാലന്മാരും 500 അനാഥബാലികകളും ഈ സ്ഥാപനത്തിലുണ്ടു്. പെൺകുട്ടികളെ അന്വേഷിക്കുന്നതു് സലേഷ്യൻ കന്യാസ്ത്രീകളാണ്. മാതാപിതാക്കന്മാരില്ലാതെ റോഡരികിൽ കിടന്നു വിലപിക്കുന്ന ശിശുക്കളെ ഈ കന്യകകൾ എടുത്തുവളർത്തുന്നു. അഞ്ചുവയസ്സാകുമ്പോൾ ബാലന്മാരെ ബ. വൈദികരുടെ സംരക്ഷണത്തിനു് അവർ ഏല്പിക്കുന്നു. ജാതിമതഭേദമെന്യേ എല്ലാ അനാഥകുട്ടികൾക്കും ഇവിടെ പ്രവേശനമുണ്ടു്. മാതൃഭാഷ(തമിഴ്)ഒന്നാംക്ലാസ്സുമുതൽ ഇംഗ്ലീഷ് സ്കൂൾ ഫൈനൽവരെയുള്ള പഠനം എല്ലാ കുട്ടികൾക്കും സൗജന്യമായി ലഭിക്കുന്നു. സ്കൂൾഫൈനൽ പാസാകുമ്പോൾ ഓരോരുത്തരുടേയും സ്വാതന്ത്ര്യമനുസരിച്ചുള്ള അന്തസ്സും ജോലിയും തെരഞ്ഞെടുക്കുന്നതിനു പറഞ്ഞയക്കുന്നു. എന്നാൽ സ്കൂൾഫൈനൽ പാസ്സായതുകൊണ്ടുമാത്രം ഒരു അനാഥബാലനു് കാലക്ഷേപത്തിനുള്ള മാർഗ്ഗം ലഭിക്കുകയില്ലായെന്നുള്ള വിചാരത്തോടുകൂടി ഈ കുട്ടികളുടെ പതിനൊന്നുകൊല്ലത്തെ വിദ്യാഭ്യാസത്തിനിടയിൽ, സംഗീതം, തയ്യൽ, ടൈപ്പ്റൈററിംഗ്, ബാൻറു്, കൃഷി, ആശാരിപ്പണി, ഡ്രൈവിംഗ്, ഇതരഭാഷാഭ്യസനം മുതലായവയും നടത്തുന്നുണ്ടു്. ഈ ആയിരം അനാഥബാലകരുടേയും വളർത്തുപിതാവു്, സ്വിററ്സർലണ്ടുകാരനായ ബ. തുവേന (Fr. Tuena) അച്ചനാണ്. അദ്ദേഹത്തിനു സഹായികളായി വേറെ അഞ്ചു ബ. വൈദികർകൂടി ഉണ്ടു. തമിഴ്നാട്ടുകളിൽ വൈദികരെ വിശ്വാസികൾ സംബോധനചെയ്യുന്നതു "സ്വാമി" എന്നാണെങ്കിലും ഈ കുട്ടികൾ ബ. തുവേന അച്ചനെ വിളിക്കുന്നതു "പപ്പാ" എന്നാണ്. അവരുടെ ഏതൊരാവശ്യത്തിനും ഈ വത്സലപിതാവിനെ അവർ സമീപിക്കുന്നു. ഒരു കൊച്ചൻ "പപ്പാ, എന്റെ നിക്കർ കീറിപ്പോയി" എന്നു പറഞ്ഞു അദ്ദേഹത്തെ സമീപിക്കുമ്പോൾ, വേറൊരു ബാലൻ "പപ്പാ, അരുളപ്പൻ എന്നെ തല്ലി" എന്നു പറഞ്ഞു ആവലാതിപ്പെടുന്നു. അതേസമയം ഇതാ വേറൊരു പയ്യൻ സന്നിപാതജ്വരം ബാധിച്ചിട്ടു കുളിക്കുന്നതിനുമുമ്പായി "പപ്പാ, ഇന്നുച്ചയ്ക്കു എനിക്കു ചോറുതരണം" എന്നു പറഞ്ഞു കരയുന്നു. ആ വത്സലപിതാവു് അദ്ദേഹത്തിന്റെ കൈലേസു് എടുത്തു അവന്റെ കണ്ണുനീർ തുടച്ചുകൊണ്ടുപറയുന്നു, "എന്റെ മകൻ ഇന്നു കഞ്ഞികുടിക്കുക, നാളെ ഉച്ചയ്ക്കു പപ്പാ ചോറുതരാം" എന്നു്. ആയിരത്തോളം ബാലികാബാലന്മാർക്കു് നാലു നേരം ഭക്ഷണംകൊടുക്കാൻ സാധിക്കുന്നതു് ദൈവപരിപാലന ഒന്നുകൊണ്ടുമാത്രമാണെന്നു് ആ സ്ഥലം സന്ദർശിക്കുന്നവർക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഭക്ഷണത്തെക്കാൾ പ്രയാസമേറിയ പ്രശ്നം ഇവരുടെ താമസസൗകര്യമാണ്. പകൽസമയം ആശാരിപ്പണിക്കു് പണിപ്പുരയായും അഭ്യസനത്തിനു ക്ലാസ്സുമുറികളായും ഉപയോഗിക്കുന്ന സ്ഥലങ്ങളാണ് രാത്രിയിൽ കിടക്കമുറികളായി രൂപാന്തരപ്പെടുത്തുന്നതു. കേവലം ബാലന്മാരായിരിക്കുന്ന കുട്ടികൾ അത്താഴംകഴിഞ്ഞു് ക്ലാസ്സുമുറികളിൽ ഉള്ള ബെഞ്ചു്, ഡസ്ക്, കസേര മുതലായവയും പണിപ്പുരയിൽ പണിതീർന്നതും തീരാത്തതുമായ സാമഗ്രികളും (Furnitures മററത്തു നിരത്തുന്നു. രാത്രി അഞ്ചോ ആറോ മണിക്കൂറിലെ ഉറക്കംകൊണ്ടു സമ്പാദിച്ച ശരീരസുഖം പിറേറദിവസം രാവിലെ പ്രസ്തുതസാധനങ്ങൾ യഥാസ്ഥാനത്തു പുനഃസ്ഥാപിക്കുന്നതുമൂലം നഷ്ടപ്പെടുന്നു. "കുനിന്മേൽ കുരു"വെന്നു കണക്കെ ഈ താമസസ്ഥലവും അവർക്കില്ലാതാകുവാൻപോകുന്നു. ഇപ്പോഴുള്ള അനാഥശാലയും കപ്പേളയും പൊളിച്ചു് തൽസ്ഥാനത്തു പുതിയതായി രൂപമെടുത്തിരിക്കുന്ന വെല്ലൂർ രൂപതയ്ക്കുള്ള അരമനയും കത്തീഡ്രൽ ദേവാലയവും പണിചെയ്യാനുള്ള കല്പന ഉണ്ടായിരിക്കുന്നു. ഈ മേയ് മാസത്തോടുകൂടി "പപ്പായും മക്കളും" സ്ഥലംവിടണം. സ്വപിതാവും മക്കളും കാട്പാടി റെയിൽവേസ്റ്റേഷനടുത്തു ഒരു ഭവനം പണിതുടങ്ങിയിരിക്കുന്നു. "വെച്ചുകെട്ടിന്റെ മുളകഷണങ്ങളുടെ അഗ്രഭാഗങ്ങൾ കാററത്തു കൂട്ടിമുട്ടുമ്പോൾ ഒരു മർമ്മരശബ്ദമുണ്ടാകുകയും അതു തീവണ്ടിയിൽ യാത്രചെയ്യുന്നവരുടെ സഹായങ്ങൾ അഭ്യർത്ഥിക്കുന്ന നിലവിളിയായി യാത്രക്കാർക്കനുഭവപ്പെടുകയും ചെയ്യുന്നു. സാധുകുട്ടികളെ സംരക്ഷിക്കുകയെന്നതു മാത്രമല്ല ഈ സ്ഥാപനം ചെയ്യുന്ന സൽപ്രവൃത്തികൾ. പ്രത്യുത, വെല്ലൂർ ആശുപത്രിയിൽ ചികിത്സയ്ക്കായും ബന്ധുക്കളായ രോഗികളെ ശുശ്രൂഷിക്കുവാനും ദൂരദേശങ്ങളിൽനിന്നും, പ്രത്യേകിച്ചു് കേരളക്കരയിൽനിന്നും അവിടെ എത്തുന്ന ബ. അച്ചന്മാർക്കു് താമസസൗകര്യങ്ങളും ഭക്ഷണവും ഈ സ്ഥാപനം നൽകുന്നു. യാതൊരു വൈദികനും കൈയുംവീശി യാതൊന്നും കൊടുക്കാതെ പോകുന്നില്ല. എന്നാലും അവരുടെ സഹായം ഈ സ്ഥാപനത്തിനു നിവർന്നുനിൽക്കുവാൻ പര്യാപ്തമാകുന്നില്ല. ആശുപത്രിയിലുള്ള രോഗികൾക്കു് എല്ലാ ദിവസവും രാവിലെ 5 മണിക്കു് ദിവ്യകാരുണ്യം നൽകുക, ഞായറാഴ്ച ദിവസം ആശുപത്രിയിൽ ദിവ്യബലി അർപ്പിക്കുക, മരണാസന്നരായ രോഗികൾക്കു് അന്ത്യകൂദാശകൾ നൽകുക, ശവസംസ്കാരകർമ്മം നടത്തുക, മുതലായവ ഈ അനാഥശാലയിലെ ബ. അച്ചന്മാരുടെ ജോലിയാണ്.

ഞാൻ ഏകദേശം ഒരു മാസത്തോളം ഡോൺബോസ്കോ അനാഥശാലയിലെ ബ. റെക്ടറച്ചന്റെ അതിഥിയായി താമസിച്ചതിനുശേഷം അദ്ദേഹത്തോടു യാത്രചൊല്ലി പിരിഞ്ഞപ്പോൾ ആ ത്യാഗിവര്യൻ ഇപ്രകാരം പറഞ്ഞു: "പ്രിയ അച്ചാ, എന്റെയും എന്റെ വളർത്തുമക്കളുടേയും ദയനീയസ്ഥിതി അവിടുന്നു കേരളത്തിൽ എത്തുമ്പോൾ കേരളീയരെ അറിയിക്കണം. എന്റെ മക്കളിൽ മൂന്നിലൊരുഭാഗം കേരളീയരാണ്. കേരളത്തിലെ കുഞ്ഞുങ്ങളുടെ മുമ്പാകെ മേശയിൽ പാത്രം നിറയെ മധുരപലഹാരങ്ങളും ചോറും നിരത്തുമ്പോൾ എന്റെ വളർത്തുമക്കളുടെ ചട്ടിയിൽ കഞ്ഞിവെള്ളം നിറച്ചുകൊടുക്കുന്നതിനുള്ള എന്റെ കഴിവില്ലായ്മയെ അവിടുന്നു് അവരെ അറിയിക്കണം. കേരളത്തിലെ കുഞ്ഞുങ്ങൾ ദൈനംദിനം വെള്ളവസ്ത്രം ധരിക്കുമ്പോൾ എന്റെ വളർത്തുമക്കൾ ഒരു നിക്കറുംഷർട്ടുംകൊണ്ടു് ദേവാലയത്തിലും ക്ലാസ്സിലും പണിപ്പുരയിലും കഴിഞ്ഞുകൂടുന്നതായി പറയണം." ബ. തുവേനാഅച്ചന്റെ അഭ്യർത്ഥന വനരോദനമായി തീരുകയില്ലെന്നു് ഈ ലേഖകൻ വിശ്വസിക്കുന്നു. പ്രസ്തുതധർമ്മസ്ഥാപനവുമായി താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുത്തുകുത്തുകൾ നടത്തണമെന്നഭ്യർത്ഥിക്കുന്നു.

Ve y Rev. Fr. Rector
Don Bosco Orphanage
Vellore, N. A. Dt.

---

ധനം നഷ്ടപ്പെടുമ്പോൾ യാതൊന്നും നഷ്ടപ്പെടുന്നില്ല; ആരോഗ്യം നഷ്ടപ്പെടുമ്പോൾ അല്പമായ നഷ്ടം ഉണ്ടാകുന്നു; സൽസ്വഭാവം നഷ്ടപ്പെടുമ്പോഴാകട്ടെ, സകലതും നഷ്ടപ്പെടുന്നു.

---

അവിടെ തപസ്സനുഷ്ഠിച്ചു. വളരെപ്പേർ അദ്ദേഹത്തെ അനുഗമിക്കാനുണ്ടായി. അവർക്കു വേണ്ടി അദ്ദേഹം 12 ആശ്രമങ്ങൾ സ്ഥാപിക്കുകയും അവരുടെ പൊതുശ്രേഷ്ഠൻഎന്നനിലയിൽ ഭരണം നടത്തുകയും ചെയ്തു. മതപീഡനം നിമിത്തം 529-ൽ സുബിയാക്കാവിൽനിന്നും പലായനം ചെയ്യേണ്ടിവന്നു. അനന്തരം മോണ്ടെകസ്സീനായിലെത്തി അവിടെ വലിയൊരാശ്രമം പണിചെയ്തു വാസമുറപ്പിച്ചു. ഈ ആശ്രമത്തിൽ വച്ചാണു വി. ബനഡിക്ട് സുപ്രസിദ്ധമായ തന്റെ സന്യാസനിയമങ്ങൾ ക്രോഡീകരിച്ചതു്. കൈവേലയ്ക്കും പ്രാർത്ഥനയ്ക്കും അവയിലദ്ദേഹം സുപ്രധാനമായസ്ഥാനം നൽകിയിരിക്കുന്നു. ദിവ്യകാരുണ്യം സ്വീകരിച്ചശേഷം അൾത്താരയുടെ മുമ്പിൽവച്ചു അദ്ദേഹം മൃതിയടഞ്ഞു. വിഷബാധക്കെതിരായി വിശ്വാസികൾ വി. ബനഡിക്ടിന്റെ മാദ്ധ്യസ്ഥ്യം തേടാറുണ്ടു്. 'വി. ബനഡിക്ടിന്റെ കാശുരൂപം" പിശാചുബാധയിൽ നിന്നും മോചനം പ്രാപിക്കാനുള്ള ഒരു പാധിയായി പരിഗണിക്കപ്പെട്ടുവരുന്നു. ബനഡിക്ടൻ സഭക്കാർ ഇന്നു് സിലോണും ഇന്ത്യയും ഉൾപ്പെടെ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലുമുണ്ടു്. അവരുടെ കേന്ദ്രമായ മോണ്ടെകസ്സീനൊ ആശ്രമം ഇക്കഴിഞ്ഞ യുദ്ധകാലത്തു ബോംബു് പതിച്ചു നശിച്ചുപോയി. ഇപ്പോഴതു പുനരുദ്ധരിച്ചുവരുന്നു.

Thanksgiving




for favours received
M. K. Rosakutty

അരുന്തൂററിമംഗലം കരിശുമലകയററം
നാല്പതാം വെള്ളിയാഴ്ച, (27-3-1953)
പാപമോചനവും ആത്മശാന്തിയും പ്രാപിക്കുന്നതിനുള്ള സുവർണ്ണാവസരം. പ്രശസ്തവാഗ്മികളുടെ പ്രസംഗങ്ങൾ. വിവിധസ്ഥലങ്ങളിൽനിന്നും ഭക്തജനങ്ങൾ മരക്കുരിശും വഹിച്ചുകൊണ്ടു് പരിഹാരപ്രദക്ഷിണമായി വന്നുചേരുന്നതു് ഇക്കൊല്ലം ഒരു പ്രത്യേകതയായിരിക്കും.
ടി. പള്ളിക്കാര്യത്തിൽനിന്നും

(11-ാം പേജ് തുടർച്ച)

മുള്ളവരല്ലെന്നാണു പുതിയ പാർട്ടിയെപ്പററി അവർഉന്നയിക്കുന്നതായി നിങ്ങൾ സൂചിപ്പിച്ച ആക്ഷേപങ്ങളിൽനിന്നു കാണുന്നതു്. ആ സ്ഥിതിക്കു് രണ്ടു് കമ്മ്യൂണിസ്റ്റ് സാമാജികന്മാരെയും മുനിസിപ്പൽ ഭരണത്തിൽ ഒററപ്പെടുത്തി നിർത്താൻ, അവരുടെ അടവുകളൊന്നും വിലപ്പോകാതിരിക്കാൻ, വളരെ സാദ്ധ്യതയുണ്ടു്. മുനിസിപ്പാലിററിയുടെ ക്ഷേമത്തെ മുൻനിർത്തി തിരഞ്ഞെടുപ്പുമത്സരങ്ങളെല്ലാം മറന്നു് മററു സാമാജികന്മാരെല്ലാം പുതിയപ്രസിഡൻറിനു പരമാർത്ഥമായ പിൻതുണ നൽകിയാൽ മതി. ഏതായാലും ഒന്നു തീർച്ചയാണ്. മുനിസിപ്പൽ ഭരണക്കൂടത്തിൽ ഒരു പ്രതിപക്ഷമുണ്ടായി. ജനക്ഷേമത്തിൽ യഥാർത്ഥ താല്പര്യമുള്ള പ്രതിപക്ഷം നിയമസഭയിലെപ്പോലെ മുനിസിപ്പാലിററിയിലും ഉണ്ടായിരിക്കുന്നതു് എപ്പോഴും രക്ഷാകരമാണ്. ഭരിക്കുന്ന കൂട്ടർക്കു് തോന്ന്യാസങ്ങൾചെയ്യാൻ കൂടുതൽവിഷമമായിരിക്കും.

തോ:- ഇത്ര ദീർഘമായ സംഭാഷണം നടന്നെങ്കിലും ഞാൻ ആദ്യം ചോദിച്ച കാര്യത്തിനു് മറുപടി കിട്ടിയില്ലല്ലോ.

ചാ:- അതിനു മറുപടിയാണല്ലോ ഞാൻ ആദ്യം തന്നതു്. വീണ്ടും അതു പറയാം. പഞ്ചായത്തുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികൾക്കു് വോട്ടുകൊടുക്കാൻ സാക്ഷാൽദേശഭക്തന്മാർക്കു് പാടുള്ളതല്ല. ഒരു കത്തോലിക്കനു് അത്രപോലും പാടുള്ളതല്ല. അതിനെക്കാൾ ഭയങ്കരമായ കുററമായിരിക്കും മററാളുകളുടെ വോട്ടുകൂടി പിടിച്ചെടുത്തു് കമ്മ്യൂ: പാർട്ടി സ്ഥാനാർത്ഥിക്കു കൊടുക്കുന്നതു്. ഒരു കത്തോലിക്കന്റെ ദൃഷ്ടിയിൽ അതെല്ലാം സാക്ഷാൽ പിശാചിന്റെ വേലയായിരിക്കും. ഇതൊക്കെ ഞാനെത്രയോ തവണ നിങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ളതാണ്. നിങ്ങളിപ്പോൾ ചോദിക്കാൻ വന്നതു് എന്നെ അകപ്പെടുത്താനുള്ള ഒരു കുടുക്കുംകൊണ്ടാണെന്നു് എനിക്കാദ്യമേ തോന്നി. അതുകൊണ്ടാണു് നിങ്ങൾ പറഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പിന്റെ കാര്യം ഇത്ര ദീർഘമായി പരാമർശിക്കാൻ ഇടയായതു്. ഒരു കത്തോലിക്കനെന്ന നിലയിൽ സ്വന്തം കർത്തവ്യം നിർവ്വഹിക്കണമെന്നു് നിശ്ചയമുണ്ടെങ്കിൽ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ നിങ്ങൾ കമ്മ്യൂ: പാർട്ടിക്കു് വോട്ടുകൊടുക്കുകയോ അവരെ സഹായിക്കുകയോ ചെയ്തുകൂടാ. കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ നൽകുന്ന ശമ്പളമോ വേതനമോ മററു സഹായമോ ആ കർത്തവ്യനിർവ്വഹണത്തിൽനിന്നു് നിങ്ങളെ വഴി തെററിക്കാൻ ഇടവരരുതു. ഇതാണു് എനിക്കു പറയാനുള്ളതു്. ഏതാണു ചെയ്യേണ്ടതെന്നു് നിശ്ചയിക്കേണ്ടതു് നിങ്ങളാണല്ലോ. ദൈവം നിങ്ങൾക്കു നല്ല ബുദ്ധിയും ശക്തിയും തരട്ടെ.

തോ:- എന്നാൽ ഞാൻ പോകട്ടെ. (തുടങ്ങിയതുപോലെ സ്തുതിയും പറഞ്ഞു പോയി.)

വിമർശനവീഥി

# "പഞ്ചായത്തുതിരഞ്ഞെടുപ്പിൽ ഞാൻ എന്തു ചെയ്യണം?"

(ഒരു സംവാദം)

തോമ:- ഈശോമിശിഹായ്ക്കു് സ്തുതിയായിരിക്കട്ടെ.

ചാക്കോ:- എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ. എന്താ വിശേഷം?

തോ:- ചേട്ടനോടു് ഒരു കാര്യം ചോദിച്ചറിയാൻ വന്നതാണു്. പഞ്ചായത്തു തിരഞ്ഞെടുപ്പു് അടുത്തുവരുന്നുണ്ടല്ലോ. അതിൽ ഞാനെന്താണു ചെയ്യേണ്ടതു്?

ചാ:- ചോദ്യം മനസ്സിലായില്ലല്ലോ.

തോ:- അല്ലാ, കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഞാൻ കമ്മ്യൂണിസ്റ്റുപാർട്ടിക്കുവേണ്ടി പരിശ്രമിച്ചല്ലോ. അവർ പഞ്ചായത്തുതിരഞ്ഞെടുപ്പിനും ഇവിടെ സ്ഥാനാർത്ഥികളെ നിർത്തുന്നുണ്ടു്. അവർ എന്റെ അടുത്തുവന്നിരുന്നു, നമ്മുടെ ആളുകളെക്കൊണ്ടു് അവർക്കു ഞാൻ വോട്ടുചെയ്യിക്കാൻ. ആക്കാര്യത്തെപ്പററിയാണു ഞാൻ ചോദിച്ചതു്.

ചാ:- അതിൽ എന്താ ചോദിക്കാനുള്ളതു്? കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടുചെയ്യാൻ കത്തോലിക്കർക്കു് പാടുള്ളതല്ലെന്നു ഞാൻ നിങ്ങളെ പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതിന്റെ കാരണവും വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. പിന്നെ ഇപ്പോൾ എന്താ സംശയം?

തോ:- ഇപ്പോഴത്തെ കോൺഗ്രസ്സ് ഗവർമ്മെന്റിന്റെ മർദ്ദനം ഏററവർ അവർക്കു് എങ്ങനെയാ വോട്ടുചെയ്യുക? കമ്മ്യൂണിസ്റ്റുകാരാണെന്നുപറഞ്ഞു് ഗവർമ്മെന്റുദ്യോഗസ്ഥന്മാർ ഒന്നുമറിയാത്ത പാവങ്ങളെ പിടിച്ചു് തല്ലിച്ചിട്ടുണ്ടു്. ആ ഗവർമ്മെന്റിനു് വോട്ടുകൊടുക്കാൻ ആ പാവങ്ങൾക്കു് മനസ്സുണ്ടാകുമോ?

ചാ:- മർദ്ദിച്ചതു് ശരിയായില്ല. മർദ്ദിച്ചവർക്കു് വോട്ടുകൊടുക്കേണ്ടതുമില്ല. എന്നാൽ കമ്മ്യൂണിസ്റ്റുപാർട്ടി ഭരണം പിടിച്ചെടുത്താൽ ആ ഗവർമ്മെന്റിന്റെ മർദ്ദനം ആയിരംമടങ്ങു് കൂടിയിരിക്കും. റഷ്യയിലേയും ചൈനയിലേയും കമ്മ്യൂ: പാർട്ടി ഭരിക്കുന്ന മററു രാജ്യങ്ങളിലേയും അനുഭവം ഇതാണു്. കമ്മ്യൂ: പാർട്ടിയോടു് അനുഭാവം ഉള്ളവരും ആ പാർട്ടിയുടെ അംഗങ്ങളായിരുന്നവരും പലരും ഈ മർദ്ദനത്തെ ശക്തിയായി ആക്ഷേപിക്കുകയും, അംഗത്വവും അനുഭാവവും പിൻവലിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള പ്രസിദ്ധന്മാരായ ആറുപേർ എഴുതിയിട്ടുള്ള ലേഖനങ്ങൾ അടങ്ങിയ ഒരു പുസ്തകം എന്റെ കൈവശം ഉണ്ടു്. ഇംഗ്ലീഷ് അറിയാവുന്ന ആരെക്കൊണ്ടെങ്കിലും വായിപ്പിച്ചുനോക്കുക. മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകളിൽ ഈ മർദ്ദനത്തെപ്പററി ശക്തിയായി ആക്ഷേപിച്ചിട്ടുണ്ടു്. കത്തോലിക്കരല്ലാത്തവരിൽപ്പോലും, കാര്യവിവരം ഉള്ളവർ സമ്മതിക്കും, ആ തിരുവെഴുത്തുകളിൽ പറയുന്ന വസ്തുതകൾ ഏററവും വിശ്വാസയോഗ്യങ്ങളാണെന്നു്. എന്തിനു്? ഇവിടത്തെ നമ്മുടെ അനുഭവം എടുക്കുക. കമ്മ്യൂണിസ്റ്റുകാർ ഇവിടെ അവർക്കു് ഇഷ്ടമില്ലാത്ത പൗരന്മാരോടു ചെയ്തിട്ടുള്ള അക്രമങ്ങൾ എത്ര ഭയങ്കരം, എത്ര മൃഗീയം. ഇവിടെ അടുത്തുതന്നെ ചിലരോടു് അവർ ചെയ്ത അക്രമം നിങ്ങൾക്കു് അറിയാമല്ലോ. അധികാരം ഇല്ലാത്തപ്പോൾ, ശിക്ഷകിട്ടുമെന്നു് അറിവുള്ളപ്പോൾ, ഇങ്ങനെ അക്രമം പ്രവർത്തിക്കാൻ മടിക്കാത്തവർ അധികാരം കിട്ടിയാൽ എന്തായിരിക്കും ചെയ്യുന്നതു്? ആകയാൽ കോൺഗ്രസ്സ് ഗവർമ്മെന്റിന്റെ മർദ്ദനം വെറുത്തിട്ടു് കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിനെ വരുത്താൻവേണ്ടി വോട്ടുകൊടുക്കുന്നവർ കറിച്ചട്ടിയിൽനിന്നു് എരിതീയിലേക്കു ചാടുകയാണു്. ഇതൊക്കെ ഞാൻ നിങ്ങളോടു് മുമ്പേ പറഞ്ഞിട്ടുള്ളതും നിങ്ങൾ സമ്മതിച്ചിട്ടുള്ളതും ആണല്ലോ. പിന്നെ എന്താ ഇപ്പോൾ സംശയംവന്നതു്? വല്ല പുതിയ കാര്യങ്ങളും മനസ്സിന്റെ പിന്നിൽ കിടക്കുന്നുണ്ടോ? അവരുടെ പ്രേരണയിലാണോ ഇപ്പോഴത്തെ ചോദ്യം?

തോ:- അതെ. ഒരു സ്ഥലത്തു് മുനിസിപ്പൽ തിരഞ്ഞെടുപ്പു നടന്നു. അവിടെ കുറേപേർ കോൺഗ്രസ്സിനു് എതിരായി ഒരു പുതിയപാർട്ടി രൂപീകരിക്കുകയും, കമ്മ്യൂണിസ്റ്റുപാർട്ടിയുമായിയോജിച്ചുപ്രവർത്തിക്കുകയും ചെയ്തു. അവരുടെ പാർട്ടിയിൽ ഒരാൾ, പ്രധാനസ്ഥാനം വഹിച്ച ആൾ, ഒരു കത്തോലിക്കനാണു്. അദ്ദേഹം ഒരു പണക്കാരനുമാണു്. കത്തോലിക്കനായ അദ്ദേഹത്തിനു് കമ്മ്യൂണിസ്റ്റുപാർട്ടിയുമായി യോജിച്ചുപ്രവർത്തിക്കുവാൻ പാടുണ്ടായിരുന്നോ? അദ്ദേഹം ഉൾപ്പെട്ട പാർട്ടി കമ്മ്യൂണിസ്റ്റുകാരുമായി യോജിച്ചുപ്രവർത്തിച്ചാൽ അദ്ദേഹം ആ പാർട്ടിയിൽനിന്നു് ഒഴിയണ്ടേ? ആക്കാര്യത്തിൽ വേണ്ട നിർദ്ദേശവും, വേണ്ടിവന്നാൽ നിരോധനവും കൊടുക്കാൻ ചുമതലപ്പെട്ടവർ അങ്ങനെ ചെയ്തില്ല. ആ കത്തോലിക്കൻ പണക്കാരനായതുകൊണ്ടല്ലേ അതു്? പണക്കാർക്കു് കമ്മ്യൂണിസ്റ്റുകാരോടു യോജിക്കാം. പാവങ്ങൾക്കു് പാടില്ല!

ചാ:- ഈ പുതിയ പാർട്ടിക്കു് എതിരായും കോൺഗ്രസ്സിനു് അനുകൂലമായും ഉത്തമവിശ്വാസത്തോടുകൂടി നിന്ന കത്തോലിക്കാ പണക്കാർ ഉണ്ടായിരുന്നോ?

തോ:- ഉണ്ടായിരുന്നു.

ചാ:- പുതിയ പാർട്ടിയിൽ അംഗമായിരുന്ന കത്തോലിക്കനെക്കാൾ കൂടുതൽ പണക്കാരായിരുന്നോ ആ കത്തോലിക്കർ?

തോ:- കൂടുതൽ പണക്കാരും അവരിൽ ഉണ്ടു്.

ചാ:- പണം നോക്കിയാണു് ചുമതലപ്പെട്ടവർ പ്രവർത്തിച്ചതെങ്കിൽ അവർ കൂടുതൽ പണക്കാരോടു് ചേർന്നുനിൽക്കുമായിരുന്നില്ലേ? അപ്പോൾ അവർ പുതിയ പാർട്ടിക്കു് എതിരായി നിർദ്ദേശവും നിരോധനവും കൊടുക്കുമായിരുന്നില്ലേ?

തോ:- കൊടുക്കുമായിരുന്നു.

ചാ:- എന്നിട്ടും കൊടുത്തില്ലെന്നു നിങ്ങൾ പറയുമ്പോൾ ന്യായമായി വിചാരിക്കേണ്ടതു് എന്താണു്?

തോ:- പണംനോക്കിയല്ല അവർ പ്രവർത്തിച്ചതെന്നു്. പിന്നെ എന്തുകൊണ്ടായിരിക്കാം അവർ നിർദ്ദേശവും നിരോധനവും കൊടുക്കാഞ്ഞതു്?

ചാ:- നിർദ്ദേശത്തിന്റെ കാര്യം തല്ക്കാലം വിടാം. നിർദ്ദേശം കൊടുത്തോ ഇല്ലയോ എന്നു് പുറത്തുള്ളവർക്കു് അറിയാൻ എളുപ്പമല്ലല്ലോ. നിരോധനത്തിന്റെ കാര്യം എടുക്കാം. ചുമതലപ്പെട്ടവർ ചുമതലാബോധത്തോടുകൂടി വേണമല്ലോ നിരോധനം കൊടുക്കാൻ. തക്ക ന്യായത്തോടുകൂടിവേണമെന്നു സാരം.

തോ:- പുതിയ പാർട്ടി കമ്മ്യൂണിസ്റ്റുപാർട്ടിയുമായി യോജിച്ചതു്, സഹകരിച്ചതു്, നിരോധനത്തിനുള്ള ന്യായമല്ലേ?

ചാ:- ഇവിടെ യോജിപ്പിന്റെ, സഹകരണത്തിന്റെ, സ്വഭാവമാണു് ആലോചിക്കേണ്ടതു്. കമ്മ്യൂണിസ്റ്റുകാരുമായുള്ള സഹകരണം സഹകരിക്കുന്നവർക്കു് ദോഷകരമായേ സാമാന്യം കലാശിക്കൂ. അതുകൊണ്ടു് പൊതുവേ പറഞ്ഞാൽ കമ്മ്യൂണിസ്റ്റുകാരുമായി തിരഞ്ഞെടുപ്പിലുംമററും കത്തോലിക്കർ സഹകരിക്കാതിരിക്കുകയാണു് വേണ്ടതു്. ചുമതലപ്പെട്ടവർ എന്നു് നിങ്ങൾ പറഞ്ഞവർ ആ നിർദ്ദേശം പുതിയ പാർട്ടിയിൽപെട്ട കത്തോലിക്കനു് കൊടുത്തിട്ടുണ്ടെന്നുവേണം, മറിച്ചു തെളിയാത്ത കാലത്തോളം, ന്യായമായി ഊഹിക്കുവാൻ.

തോ:- നിർദ്ദേശം കൊടുത്തിട്ടു് അതിനു വഴിപ്പെട്ടില്ലെങ്കിൽ നിരോധനംതന്നെ കൊടുക്കേണ്ടിയിരുന്നില്ലേ? എന്നാൽ നിരോധനംകൊടുക്കയുണ്ടായില്ലല്ലോ.

ചാ:- ചുമതലപ്പെട്ടവരെന്നു നിങ്ങൾ പറഞ്ഞതു് ഔദ്യോഗികമായി ചുമതലപ്പെട്ടവരാകാം; ഔദ്യോഗികമല്ലാതെ, ഇങ്ങനെയുള്ള കാര്യങ്ങളിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്ന നിലയിൽ, ചുമതലപ്പെട്ടവരാകാം. ഔദ്യോഗികമായി ചുമതലപ്പെട്ടവർക്കേ നിരോധനം കൊടുക്കാൻ അവകാശവും അധികാരവും ഉള്ളൂ. ഏതായാലും ഔദ്യോഗികമായി ചുമതലപ്പെട്ടവരുടെ കാര്യമെടുക്കാം. കമ്മ്യൂണിസ്റ്റ്പാർട്ടിയുമായുള്ള കത്തോലിക്കരുടെ സഹകരണം നിരോധനത്തെ ശരിക്കു് അർഹിക്കണമെങ്കിൽ ആ സഹകരണത്തിനു് ചില ലക്ഷണങ്ങളുണ്ടായിരിക്കണം.

തോ:- സഹകരിക്കുക എന്നു പറഞ്ഞാൽ കൂടിപ്രവർത്തിക്കുക എന്നല്ലേ അർത്ഥം. കൂടി പ്രവർത്തിക്കുന്നതു് നിരോധനത്തെ ശരിക്കു് അർഹിക്കണമെങ്കിൽ പിന്നെ വേറെ എന്തു ലക്ഷണമാണു് ഉണ്ടായിരിക്കേണ്ടതു്?

ചാ:- കൂടി പ്രവർത്തിക്കുക എന്നു നിങ്ങൾ പറഞ്ഞതിൽത്തന്നെ ആ ലക്ഷണങ്ങൾ അടങ്ങിയിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തിക്കുന്നതു് ചില ആദർശങ്ങൾ വച്ചാണല്ലോ. ആ ആദർശങ്ങളാണു് അവരുടെ പ്രവൃത്തിയെ സ്വതവേ കത്തോലിക്കർക്കു് നിഷിദ്ധമാക്കുന്നതു്. ആകയാൽ ആ ആദർശങ്ങൾ സ്വീകരിച്ചോ, അവയോടു് ആദരവു കാണിച്ചോ കമ്മ്യൂണിസ്റ്റ് പാർട്ടിയോടു് ഒരു കത്തോലിക്കൻ കൂടിപ്രവർത്തിച്ചാൽ അതു് നിരോധനത്തെ ശരിക്കു് അർഹിക്കുന്ന സഹകരണമായിരിക്കും. രണ്ടാമതു്, കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തിക്കുന്നതു്, ജനങ്ങളുടെയിടയിൽ അവരുടെ ശക്തി വർദ്ധിപ്പിക്കാനാണു്. കമ്മ്യൂണിസ്റ്റ് പാർട്ടിയോടു് ഒരു കത്തോലിക്കൻ കൂടി പ്രവർത്തിക്കുന്നതിന്റെ ഫലം യഥാർത്ഥത്തിൽ അവരുടെ ശക്തിവർദ്ധനവാണെങ്കിൽ, അപ്പോഴും കത്തോലിക്കന്റെ സഹകരണം നിരോധനത്തെ അർഹിക്കുന്നതായിരിക്കും. പുതിയ പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദർശങ്ങൾ സ്വീകരിക്കുകയോ അവയോടു് ആദരവു കാണിക്കുകയോ ചെയ്തിരുന്നോ? പുതിയ പാർട്ടി കമ്മ്യൂണിസ്റ്റ്പാർട്ടിയോടു് കൂടിപ്രവർത്തിച്ചതിന്റെ ഫലമായി മുനിസിപ്പൽ രംഗങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ശക്തി വർദ്ധിച്ചിട്ടുണ്ടോ?

തോ:- മുനിസിപ്പൽതിരഞ്ഞെടുപ്പിൽ 4 കൂട്ടക്കാർ സ്ഥാനാർത്ഥികളെ നിർത്തി. 1. മുനിസിപ്പാലിററി ഭരണം നടത്തിക്കൊണ്ടിരുന്നവർ; 2. അവർ പേരിൽ കോൺഗ്രസ്സുകാരാണെങ്കിലും, അവരോടു് വോട്ടർമാർക്കു് ഇഷ്ടമില്ലെന്നുള്ള കാരണത്താലാണെന്നു തോന്നുന്നു, സാക്ഷാൽ കോൺഗ്രസ്സിന്റെ ആദർശങ്ങൾ തങ്ങളാണു് സ്വീകരിക്കുന്നതെന്ന ഭാവമുള്ള വേറൊരു കൂട്ടർ; 3. ഞാൻ പറഞ്ഞ പുതിയ പാർട്ടി; 4. കമ്മ്യൂ. പാർട്ടി. ഈ നാലുകൂട്ടരിൽ കമ്മ്യൂ. പാർട്ടിക്കാണു് വാർഡു് തിരഞ്ഞെടുപ്പിൽ ഏററവും കുറഞ്ഞ വിജയം കിട്ടിയതു്, ഏററവും കൂടുതൽ തോൽവി പററിയതു്. അവർ 7 സ്ഥാനാർത്ഥികളെ നിർത്തി; അവരിൽ 2 പേരേ ജയിച്ചുള്ളൂ. ആ ജയം ഒരേ വാർഡിൽത്തന്നെയാണു്. ഒരാൾ ജനറൽസീററിലും, മറെറയാൾ റിസർവേഷനിലും. അതും 4-ാം 5-ാം വോട്ടിന്റെ കൂടുതലോടുകൂടി മാത്രം. പുതിയ പാർട്ടിയാകട്ടെ 9 സ്ഥാനാർത്ഥികളെ നിർത്തി. അവരിൽ 6 വിജയിച്ചു. ആ പാർട്ടിക്കാണു് വാർഡുതിരഞ്ഞെടുപ്പിൽ ഏററവും കൂടിയ വിജയം.

ചാ:- ആ സ്ഥിതിക്കു് പുതിയ പാർട്ടി കമ്മ്യൂ. പാർട്ടിയോടു കൂടിപ്രവർത്തിച്ചതിന്റെ ഫലം കമ്മ്യൂ. പാർട്ടിയുടെ ശക്തി വർദ്ധനവല്ലെന്നു കാണുന്നു. ഞാൻ പറഞ്ഞ രണ്ടു ലക്ഷണങ്ങളിൽ രണ്ടാമത്തേതാണല്ലോ ഇതു്. ഇനി ഒന്നാമത്തേതിനെപ്പററി നോക്കാനുണ്ടു്. പുതിയപാർട്ടി കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ആദർശങ്ങൾ സ്വീകരിച്ചോ, അവയെ ആദരിച്ചോ കൂടിപ്രവർത്തിച്ചിട്ടുണ്ടോ എന്നറിയണം.

തോ:- അതറിയേണ്ടതു് പ്രധാനമായും പുതിയ പാർട്ടിയുടെ വിജ്ഞാപനത്തിലും പ്രസിദ്ധീകൃതമായ പരിപാടിയിലും നിന്നല്ലേ? അവ രഹസ്യങ്ങളല്ലല്ലോ. അവസംബന്ധിച്ചുള്ള അവരുടെ പ്രമാണരേഖകൾ പരിശോധിച്ചാൽ അതറിയാവുന്നതാണു്. അക്കാര്യത്തിൽ അവരെപ്പററി എതിരാളികൾപോലും ആക്ഷേപം പറഞ്ഞുകേട്ടിട്ടില്ല. എന്നാൽ തിരഞ്ഞെടുപ്പുസംബന്ധിച്ചുണ്ടായ പ്രചരണങ്ങളിലും നോട്ടീസുകളിലും നിന്നുംമററും കാണുന്നതു്, പുതിയ പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒരുമിച്ചുനിന്നു് പ്രവർത്തിച്ചെന്നാണു്.

ചാ:- ഒരുമിച്ചു പ്രവർത്തിച്ചു എന്നു കണ്ടതുകൊണ്ടായില്ല. അതിന്റെ സ്വഭാവത്തെപ്പററിയല്ലേ നമ്മളിപ്പോൾ പര്യാലോചിക്കുന്നതു്. മുൻപറഞ്ഞ രണ്ടിലേതെങ്കിലും ലക്ഷണങ്ങൾ ഉള്ളതാണെങ്കിൽ ഒന്നിച്ചുകൂടിയുള്ള യോഗങ്ങളും പ്രചരണങ്ങളുംമററും നിരോധനത്തെ അർഹിക്കുന്നതാണു്. അല്ലാത്തപക്ഷം നിരോധനത്തെ അവശ്യം അർഹിക്കുന്നില്ല. ആ ലക്ഷണങ്ങളിൽ ഒന്നും അതിനില്ലെന്നു നാം കണ്ടുകഴിഞ്ഞു.

തോ: കമ്മ്യൂണിസ്റ്റ് സാമാജികന്മാരുടെ വോട്ടോടുകൂടിയാണു് പുതിയ പാർട്ടിയിലെ പ്രസിഡൻറു് സ്ഥാനാർത്ഥിക്കു് വിജയിക്കാൻ സാധിച്ചതു്. അതിനെപ്പററി എന്തുപറയുന്നു? അതു കത്തോലിക്കന്റെ ദൃഷ്ടിയിൽ നിഷിദ്ധമായ സഹകരണമല്ലേ?

ചാ:- ആ ചോദ്യത്തിനും മറുപടി മുൻപറഞ്ഞതുതന്നെ. രണ്ടു ലക്ഷണങ്ങളുടെ കാര്യം പറഞ്ഞതു് ഈ സഹകരണത്തേയും ബാധിക്കുന്നു. ഇനി ഞാനൊന്നു ചോദിക്കട്ടെ. പുതിയ പാർട്ടി ഇല്ലായിരുന്നെങ്കിൽ, അവർ തിരഞ്ഞെടുപ്പിനു് സ്ഥാനാർത്ഥികളെ നിർത്തിയില്ലായിരുന്നെങ്കിൽ മുനിസിപ്പാലിററിഭരണം നടത്തിക്കൊണ്ടിരുന്ന കൂട്ടക്കാർമാത്രം കോൺഗ്രസ്സിന്റെ പേരുംപറഞ്ഞോ അല്ലാതെയോ തിരഞ്ഞെടുപ്പിനു് എല്ലാ വാർഡുകളിലും സ്ഥാനാർത്ഥികളെ നിർത്തിയിരുന്നെങ്കിൽ, സംഗതികൾ എങ്ങനെ വന്നുഭവിച്ചേനെ?

തോ:- അവർമാത്രം എല്ലാ വാർഡിലും സ്ഥാനാർത്ഥികളെ നിർത്തിയിരുന്നെങ്കിൽ, അവരോടു് മത്സരിച്ചു കമ്മ്യൂ. പാർട്ടി എല്ലാ വാർഡുകളിലും അവരുടെ സ്ഥാനാർത്ഥികളെ നിർത്തിയേനെ. ആ മത്സരത്തിൽ തീർച്ചയായും കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് ഇപ്പോഴത്തേക്കാൾ കൂടുതൽ സീററുകൾ, ഒരുപക്ഷേ ഭൂരിപക്ഷം സീററുകൾ, കിട്ടുമായിരുന്നു. അങ്ങനെ മുനിസിപ്പൽഭരണം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കൈയിൽ ചെന്നുവീഴുമായിരുന്നു. കാരണം, മുനിസിപ്പൽഭരണംനടത്തിക്കൊണ്ടിരുന്ന കൂട്ടരോടു്, അവർ കോൺഗ്രസ്സിന്റെനാമമുള്ളവരായിരുന്നെങ്കിലും, ശരിയായോ തെററായോ, മുനിസിപ്പൽ അതിർത്തിയിലെ വോട്ടർമാർക്കു് വളരെ വിരോധമായിരുന്നു. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ അക്കാര്യം ഏററവും സ്പഷ്ടമായി തെളിഞ്ഞു. അന്നത്തെ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയുടെ എതിരാളി കോൺഗ്രസ്സ് ടിക്കററിന്മേലാണു് നിന്നതെങ്കിലും, മുനിസിപ്പൽ അതിർത്തിയിലുള്ള കോൺഗ്രസ്സ് അനുഭാവികളായ വോട്ടർമാർപോലും അദ്ദേഹത്തിനെതിരായിട്ടാണു് വോട്ടുചെയ്തതെന്നു് പരക്കെ ബോദ്ധ്യമാണു്. അതു്, മുനിസിപ്പൽ പ്രസിഡൻറായിരുന്ന അദ്ദേഹത്തോടു് ആ വോട്ടർമാർക്കുള്ള ഇഷ്ടക്കേടുകൊണ്ടാണെന്നും പരക്കെ പറയുന്നുണ്ടു്.

ചാ:- അതു വാസ്തവമാണെങ്കിൽ രംഗപ്രവേശം ചെയ്തതും സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചതുമായ പുതിയ പാർട്ടിയെ നിരോധിച്ചു് കുഴപ്പമുണ്ടാക്കാഞ്ഞതു് ഫലത്തിൽ നന്നായെന്നല്ലേ വിചാരിക്കേണ്ടതു്? കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് നിങ്ങൾ മുൻ പറഞ്ഞ വിരോധംകൊണ്ടു് വോട്ടു കൊടുക്കുമായിരുന്ന ആളുകൾ അവർക്കു വോട്ടുകൊടുക്കാതിരിക്കാൻ സംഗതിയായതു് നിരോധനത്തിന്റെ അഭാവത്താലാണെന്നു് വിചാരിക്കരുതോ?

തോ:- അതു ശരിയാണു്. എങ്കിലും കമ്മ്യൂണിസ്റ്റ് കൗൺസിലറന്മാരുടെ സഹായത്തോടുകൂടി പുതിയ പ്രസിഡൻറു് വിജയിച്ചതിനാൽ കമ്മ്യൂണിസ്റ്റ് കാരുടെ അടവുകളിൽ ആ പ്രസിഡൻറു് ഭരണം കുടുങ്ങുകയില്ലായെന്നു് എന്താണു് ഉറപ്പു്?

ചാ : അതു നല്ലൊരു ചോദ്യമാണു്. പക്ഷെ ആ ഭയം അടിസ്ഥാനരഹിതമാണെന്നു തോന്നുന്നു, പുതിയ പ്രസിഡൻറു് കമ്മ്യൂണിസ്റ്റ് അനുഭാവിയല്ലെന്നു് അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള എതിരാളികളിൽ ചിലർ പറഞ്ഞുകേട്ടു. അദ്ദേഹമുൾപ്പെട്ട പുതിയ പാർട്ടി കമ്മ്യൂണിസ്റ്റനുഭാവമുള്ളതല്ലെന്നു് നിങ്ങൾ തന്നെ സമ്മതിച്ചു. ബാക്കിയുള്ള സാമാജികന്മാരും കമ്മ്യൂ. പാർട്ടിയോടു് അനുഭാവ

(ശേഷം 10-ാം പേജിൽ)

---

(12-ാം പേജ് തുടർച്ച)

1500 ഭക്തപടങ്ങളും ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. "കൊറിയാ ഒരു ദയനീയ രാജ്യമാണു്. എങ്കിലും നമ്മുടെ യുവഭടന്മാരുടെ മദ്ധ്യത്തിൽ ഞാൻ ആനന്ദം കണ്ടെത്തും" എന്നത്രെ യാത്ര പുറപ്പെടുകയിൽ ആ മഹാശയൻ പ്രസ്താവിച്ചതു്.

# Sathya Deepam

Vol. 26 Ernakulam March 18, 1953 No. 30


കുടുംബപംക്തി

## അമ്മ

തോമസ് കാർലൈൽ തന്റെ വിശ്രമരഹിതമായ സാഹിതീസേവനങ്ങൾക്കിടയിലും സ്വന്തം മാതാവിനു് പതിവായി കത്തുകൾ അയച്ചുകൊണ്ടിരുന്നതായി പറയപ്പെടുന്നു. ഒരിക്കൽ ഫ്റൗഡ് അദ്ദേഹത്തിന്റെ ഫയൽ പരിശോധിച്ചുകൊണ്ടിരുന്നപ്പോൾ അപ്രകാരമുള്ള ഒരെഴുത്തു് കണ്ടെത്തുകയുണ്ടായി. "എന്റെ അമ്മയ്ക്കുള്ള അവസാനത്തെ എഴുത്തു്" എന്നായിരുന്നു അതിന്റെ തലവാചകം. പ്രസ്തുത കത്തു് ഇപ്രകാരം തുടരുന്നു: "അമ്മ ഇപ്പോൾ എത്രതന്നെ ക്ഷീണിച്ചിരിക്കയാണെങ്കിലും, ആരോഗ്യവതിയായിരുന്ന കാലമെല്ലാം ഞങ്ങളുടെ ഉത്തമയായ മാതാവു് എന്ന നിലയിൽ അമ്മയുടെ ഭാഗം പ്രശസ്തമായി നിർവ്വഹിച്ചിട്ടുണ്ടെന്നു് അമ്മയ്ക്കു് ന്യായമായി സമാധാനിക്കാവുന്നതാണു്. എനിക്കാണെങ്കിൽ ഇപ്പോൾ ഏറെ പ്രായമായി. അനേകവർഷങ്ങളായി എനിക്കു പലതും പ്രവർത്തിക്കുവാനും സഹിക്കുവാനുമുണ്ടായിരുന്നു. എന്നാൽ മറ്റെല്ലാ കാര്യങ്ങളുമപേക്ഷിച്ചു് എനിക്കു ലഭിച്ച അമ്മയുടെ കാര്യത്തിലാണു് ഞാനേററവുമധികം കൃതജ്ഞനായിരിക്കേണ്ടതു്. എനിക്കു വളരെ ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു സംഗതിയാണതു്; അതിൽ അമ്മയ്ക്കു് ഇപ്പോഴും അഭിമാനംകൊള്ളുകയും ചെയ്യാം. ഞാൻ ലോകത്തിന്റെ അറിവിനായി ഇതുവരെ പറഞ്ഞിട്ടുള്ളതിൽ എന്തെങ്കിലും നന്മയായിട്ടുണ്ടെങ്കിൽ അതു് എന്നിൽക്കൂടി സംസാരിച്ചിരുന്ന അമ്മയുടെ ശബ്ദമായിരുന്നു, സംശയമില്ല. അമ്മയും ധീരനായ എന്റെ പിതാവും മനസ്സിലാക്കുകയും എന്നെ പഠിപ്പിക്കുകയും ചെയ്തതുമാത്രമാണു് ഞാൻ സംസാരിക്കുകയും എഴുതുകയും ചെയ്തിട്ടുള്ളതു്. ഇനിയും എനിക്കു ശേഷിച്ചിട്ടുള്ള അല്പകാലത്തിനുള്ളിൽ കൂടുതലായി എന്തെങ്കിലും എഴുതാൻ സാധിക്കുകയാണെങ്കിൽ അതിന്റെയും അവകാശം അവർക്കുതന്നെയായിരിക്കും. ഏററവും പ്രിയപ്പെട്ട അമ്മേ, എനിക്കുവേണ്ടി അങ്ങു ചെയ്തിട്ടുള്ളവയ്ക്കെല്ലാം ദൈവം പ്രതിഫലം നൽകട്ടെ; എന്നാൽ സാദ്ധ്യമല്ല. ഞാൻ അവയെ കൃതജ്ഞതയോടും ഭക്ത്യാദരവുകളോടുംകൂടി സ്മരിക്കും, എനിക്കു് ചിന്താശക്തിയുള്ളിടത്തോളംകാലം."

——

## സംഭവകഥകൾ

### സത്യസന്ധത

#### മഹാന്മാരുടെ ലക്ഷണം

ഉദ്ദേശം 1830-ൽ ഡൽഹിചക്രവർത്തി ഒരു ദിവസം സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് വിവിധ സ്ഥാനമുദ്രകൾ നൽകുകയായിരുന്നു. എന്നാൽ അവിടെ സന്നിഹിതനാകേണ്ട ഒരു യുവാവു്—സെയ്തു് അഹമ്മദ്—മാത്രം എത്തിയിരുന്നില്ല. സമ്മാനദാനമെല്ലാം കഴിഞ്ഞു ചക്രവർത്തി സിംഹാസനത്തിൽനിന്നും ഇറങ്ങിയ ഉടനെ യുവാവെത്തി.

"നിങ്ങളുടെ മകൻ താമസിച്ചുപോയി—" ചക്രവർത്തി സെയ്തു് അഹമ്മദിന്റെ പിതാവിനോടു പറഞ്ഞു.

എന്നാൽ അല്പംകഴിഞ്ഞു്, ചക്രവർത്തി യുവാവിനെ വിളിച്ചു്, അവന്റെ കൈകൂ പിടിച്ചുകൊണ്ടു്, അവൻ താമസിച്ചുവരാനുള്ള കാരണമന്വേഷിച്ചു. അവൻ ഉള്ള വാസ്തവം പറഞ്ഞു: "ഞാൻ ഉറക്കമുണർന്നപ്പോൾ താമസിച്ചുപോയി."

ഇതുകേട്ടു് അരമനവാസികൾ ആശ്ചര്യപ്പെട്ടു. വേറെ വല്ല കാരണവും പറഞ്ഞു സമ്മാനം തട്ടിയെടുക്കാൻ അവൻ ശ്രമിക്കുമായിരുന്നുവെന്നാണവർ വിചാരിച്ചിരുന്നതു്. അവർ അവനെ അതിനു പ്രേരിപ്പിക്കുകകൂടി ചെയ്തതാണു്. എന്നിട്ടും സെയ്തു് അഹമ്മദ് സത്യം മറയ്ക്കാൻ സന്നദ്ധനായില്ല. ചക്രവർത്തിയാകട്ടെ, അവന്റെ സത്യസന്ധതയിൽ അതീവസന്തുഷ്ടനായി, അവനു നൽകുവാൻ ഉദ്ദേശിച്ചിരുന്ന സമ്മാനങ്ങളെല്ലാം കൊടുക്കുകയും ചെയ്തു. ഈ യുവാവാണു് പിന്നീടു് സർ സെയ്തു് അഹമ്മദ് ഖാൻ എന്നപേരിൽ പ്രസിദ്ധനായി ഭവിച്ചതു്. "അലിഗാർ സർവ്വകലാശാല"യുടെ സ്ഥാപകരിൽ പ്രധാനനും ഇദ്ദേഹമായിരുന്നു. (Life and work of Syed Ahmed Khan)

#### ദൈവത്തിൽനിന്നു്

മേരി രാജ്ഞി കിരീടാവകാശിനിയായ രാജകുമാരി (എലിസബെത്തു രാജ്ഞി) യുമൊരുമിച്ചു് ലാംബെത്തിൽക്കൂടി യാത്രചെയ്കയിൽ റോസ് മേരി ജങ്കിൻസ് എന്ന ബാലികയുടെ മനോഹരമായ കേശഭാരംകണ്ടു് ചോദിച്ചു: "നിനക്കീ തലമുടി എവിടെനിന്നു കിട്ടി?"

"ദൈവത്തിൽനിന്നു്."

ഒരു റെയിൽവെ പോർട്ടരുടെ മകളായ റോസ് മേരിക്കു് അന്നു് ഏഴുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. (Daily Express, March 22, 1939)

——

#### അമേരിക്കയുടെ പേരു്
#### ഒരു വിശുദ്ധന്റേതാകുന്നു

അമേരിക്കാ ഭൂഖണ്ഡത്തിന്റെ ഏതാനും ഭാഗങ്ങൾ കണ്ടുപിടിക്കുകയും അതിന്റെ ഭൂപടം ആദ്യമായി നിർമ്മിക്കയും ചെയ്തതു് അമേരിഗോ വെസ്പൂച്ചി എന്ന ഇററാലിയനാണല്ലോ. അദ്ദേഹത്തിന്റെ നാമത്തിലാണു് ആ വൻകര വിളിക്കപ്പെടുന്നതു്. എന്നാൽ അദ്ദേഹം ധരിച്ചിരുന്ന നാമം ഒരു വിശുദ്ധന്റേതത്രെ. ഹംഗറിയിലെ വി. സ്റ്റീവൻ രാജാവിന്റെ പുത്രനായിരുന്ന വി. എമേറിക്കായിരുന്നു അദ്ദേഹത്തിന്റെ നാമകാരണൻ. പതിനൊന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഈ രാജകുമാരൻ മദ്ധ്യയുഗങ്ങളിൽ യൂറോപ്പിലെങ്ങും വളരെ പ്രഖ്യാതി പ്രാപിച്ചിരുന്ന ഒരു പുണ്യവാനാണു്. ഇററാലിയൻ ഭാഷയിൽ അമ്മേരിഗോ എന്നാണു് അദ്ദേഹം വിളിക്കപ്പെട്ടിരുന്നതു്. ഇററാലിയൻ ശിശുക്കൾക്കു പുണ്യവാനോടുള്ള ഭക്തിപ്രകടനാർത്ഥം ഈ നാമം ധാരാളമായി അക്കാലങ്ങളിൽ നല്കപ്പെട്ടിരുന്നു.

---

### ചോദ്യോത്തരപംക്തി

**ചോ:** അലക്സാണ്ടർ ഡ്യൂമസിന്റെ നോവലുകൾ വായിക്കാൻ പാടുണ്ടോ?

**ഉ:** പാടില്ല. 1863 ജൂൺ 22-ാം തീയതിയിലെ ഡിക്രിപ്രകാരം തിരുസിംഹാസനം അവയെല്ലാം നിരോധിത ഗ്രന്ഥങ്ങളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ടു്.

**ചോ:** വൈദികവൃത്തിയേയൊ സന്യാസജീവിതത്തേയൊ അധിക്ഷേപിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കാൻ പാടുണ്ടോ?

**ഉ:** പാടില്ല. 1399-ാം കാനോൻ പ്രകാരം "വൈദികാദ്ധ്യക്ഷന്മാരേയൊ വൈദികവും സന്യാസപരവുമായ ജീവിതാവസ്ഥയേയൊ മനഃപൂർവ്വം അധിക്ഷേപിക്കുന്ന" ഗ്രന്ഥങ്ങൾ മുടക്കപ്പെട്ടവയാണു്.

**ചോ:** ഗ്രന്ഥങ്ങളെ നിരോധിക്കുകയെന്നതു തിരുസഭയുടെ സേച്ഛാധിപത്യത്തിനുള്ള പ്രത്യക്ഷമായ തെളിവല്ലേ?

**ഉ:** അല്ല. ആത്മാക്കളുടെ രക്ഷയിൽ തിരുസഭയ്ക്കുള്ള ആകാംക്ഷയുടെ പ്രത്യക്ഷമായ തെളിവാണതു്. ദുഷിച്ച ഗ്രന്ഥങ്ങളുടെ പാരായണം നിമിത്തം പലരുടേയും വിശ്വാസവും സന്മാർഗ്ഗബോധവും നശിച്ചുപോകുന്നുണ്ടെന്നു് അനുഭവം തെളിയിക്കുന്നു. അതുകയാൽ അത്തരം ഗ്രന്ഥങ്ങൾ നിരോധിക്കേണ്ടതു് സ്വന്തം മക്കളുടെ വിശ്വാസവും സന്മാർഗ്ഗവും സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കടപ്പെട്ടിരിക്കുന്ന തിരുസഭയുടെ ചുമതലയാണു്. പകർച്ചവ്യാധികളിൽനിന്നു് പൗരന്മാരെ സംരക്ഷിക്കുന്നതിനുവേണ്ടി രാഷ്ട്രം ഏതെല്ലാം കരുതൽ നടപടികളാണു സ്വീകരിക്കുന്നതു്. കുത്തിവയ്പു് നടത്തുക, രോഗം പടർന്നുപിടിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നു ജനങ്ങൾ മററു സ്ഥലങ്ങളിലേക്കു പോകുന്നതിനെ നിരോധിക്കുക, രോഗബീജങ്ങൾ കണ്ടേക്കാവുന്ന ഭക്ഷ്യവിഭവങ്ങളുടെ വില്പന തടയുക ആദിയായവ സർവ്വസാധാരണമാണു്. മററുള്ളവർക്കു ജീവഹാനി വരുത്തിയേക്കാവുന്ന വിഷദ്രവ്യങ്ങൾ വില്ക്കുന്നതിനെ ഗവർമ്മെൻറു് നിരോധിക്കുകയും വിഷാംശം കലർന്ന ഔഷധങ്ങൾ വില്ക്കുന്നതിനെ നിയന്ത്രിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ശാരീരികജീവൻ സംരക്ഷിക്കുന്നതിൽ ഒരു രാഷ്ട്രം പതിക്കുന്നിടത്തോളം ശ്രദ്ധയെങ്കിലും അവന്റെ ആത്മീയജീവൻ സംരക്ഷിക്കുന്നതിൽ തിരുസഭ പ്രദർശിപ്പിക്കേണ്ടതല്ലേ? അതുകൊണ്ടാണു് ആദ്ധ്യാത്മികദുഷ്ട്യാ, വിഷംകലർന്നതും നാശം വരുത്തുന്നതുമായ ഗ്രന്ഥങ്ങളുടെ മുദ്രണത്തേയും പ്രചരണത്തേയും പാരായണത്തേയും തിരുസഭ നിരോധിച്ചിരിക്കുന്നതു്.

എഫേസൂസിൽവച്ചു പുതുതായി ക്രിസ്തുമതം സ്വീകരിച്ച പലരും തങ്ങളുടെ മന്ത്രവാദഗ്രന്ഥങ്ങൾ ദഹിപ്പിച്ചുകളഞ്ഞതായി നാം വായിക്കുന്നു. "ക്ഷുദ്രക്കാരായ പലർപോലും തങ്ങളുടെ പുസ്തകങ്ങൾ ഒരുമിച്ചുകൂട്ടിക്കൊണ്ടുവന്നു് എല്ലാവരുടേയും മുമ്പാകെ വെച്ചു് അവ ചുട്ടുകളഞ്ഞു. അവയുടെ വില കണക്കുകൂട്ടിയാൽ അമ്പതിനായിരം വെള്ളിനാണയങ്ങൾവരെ എത്തിയിരുന്നു." (നടപടി 19: 19). 325-ൽ നിക്യായിൽ കൂടിയ സൂനഹദോസ് ആരിയൻ പാഷണ്ഡത അടങ്ങിയിരുന്ന എല്ലാ ഗ്രന്ഥങ്ങളും ദഹിപ്പിച്ചുകളയാൻ ആജ്ഞാപിച്ചതായി സഭാചരിത്രത്തിൽ നാം വായിക്കുന്നുണ്ടു്. മഹാനായ ലിയോ മാർപ്പാപ്പാ (440—461) സ്പെയിനിലെ പ്രിഷില്ലിയൻ പാഷണ്ഡകരുടെ ലിഖിതങ്ങളെ ശപിക്കുകയും അവ വായിക്കുന്ന യാതൊരുവനേയും ഒരു നല്ല കത്തോലിക്കനായി പരിഗണിക്കാൻ നിവൃത്തിയില്ലെന്നു പ്രസ്താവിക്കുകയുംചെയ്തു. ആകയാൽ ഗ്രന്ഥനിരോധനം തിരുസഭയുടെ പുരാതനപാരമ്പര്യത്തിനു തികച്ചും അനുയോജിച്ചതായിരിക്കുന്നു.

ഇന്നത്തെ ഏതൊരു പരിഷ്കൃതഗവർമ്മെൻറും പ്രസിദ്ധീകരണശാലകളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും അസാന്മാർഗ്ഗികഗ്രന്ഥങ്ങളും പത്രമാസികകളും നിരോധിക്കുകയും ചെയ്യുന്നുണ്ടു്. പ്രഷ്യയിൽ ബിസ്മാർക്ക് ചെയ്തതുപോലെയും കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ ഇപ്പോൾ ചെയ്തുവരുന്നതുപോലെയും ഈ അവകാശവും അധികാരവും ചിലപ്പോൾ ദുരുപയോഗിച്ചെന്നുവരാം. ബിസ്മാർക്കു 12 കൊല്ലത്തിനിടയ്ക്കു പ്രതിപക്ഷത്തിൽപ്പെട്ടവരുടെ 16000 കൃതികളാണു നിരോധിച്ചതു്. അതെല്ലാം സേച്ഛാപ്രമത്തതയാണെങ്കിലും, രാഷ്ട്രീയാധികാരികൾക്കു പ്രസിദ്ധീകരണങ്ങളുടെമേൽ പരിശോധനാവകാശം ഉണ്ടെന്ന സംഗതി അവിതർക്കിതമായിരിക്കുന്നു. യുദ്ധകാലത്താണു് ഈ അവകാശം ഏററവുമധികമായി രാഷ്ട്രങ്ങൾ വിനിയോഗിക്കുന്നതു്. കത്തോലിക്കാ തിരുസഭയാകട്ടെ, പാഷണ്ഡതയ്ക്കും അന്ധവിശ്വാസത്തിനും അസാന്മാർഗ്ഗികതയ്ക്കും നിർമ്മതത്വത്തിനും എതിരായി സദാ സമരംചെയ്തുകൊണ്ടിരിക്കുകയാണു്. ആകയാൽ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ സഭ സദാ ജാഗരൂകയായിരിക്കണം. എന്നാൽ മനുഷ്യരുടെ ന്യായമായ സ്വാതന്ത്ര്യത്തിനു സഭ ഒരിക്കലും എതിരല്ല. അബദ്ധസിദ്ധാന്തങ്ങളും അസാന്മാർഗ്ഗികതയും അവരുടെ യഥാർത്ഥസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനാലാണു് സഭ അവയെ എതിർക്കുകയും അവയുടെ പ്രചരണത്തെ തടയുവാനായി സകല കഴിവുകളുമുപയോഗിച്ചു ശ്രമിക്കുകയും ചെയ്യുന്നതു്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും. പാപംചെയ്യുന്നവനാരോ അവൻ പാപത്തിന്റെ അടിമയാകുന്നു" (യോഹ. 8: 32, 34) എന്നാണല്ലോ ദിവ്യരക്ഷകന്റെ പ്രബോധനം. ആകയാൽ ഒരു നല്ല കത്തോലിക്കൻ സഭയുടെ ഈ രക്ഷാനടപടികളെപ്പററി പരാതിപ്പെടുന്നതല്ല.

——

#### കാർഡിനൽ സ്റ്റെപ്പിനാക്കിനെ ബഹിഷ്കരിക്കാൻ ആലോചന

പാരീസിൽനിന്നുള്ള ഒരു റിപ്പോർട്ടിൽനിന്നു ടിറേറാഗവർമ്മെൻറു്, കാർഡിനൽ സ്റ്റെപ്പിനാക്കുതിരുമേനിയെ യൂഗോസ്ലാവിയായിൽനിന്നു നാടുകടത്തുന്നതിനു ആലോചിച്ചുവരുന്നതായി അറിയുന്നു. ആഭ്യന്തരമന്ത്രി റാൻകോവിക്കിന്റെ ഒരു പ്രസ്താവനയിൽനിന്നാണു് ഈ വിവരം ആദ്യം പുറത്തുവന്നിട്ടുള്ളതു്. സ്റ്റെപ്പിനാക്കിന്റെ മോചനത്തോടു് അനുബന്ധിച്ചു നൽകപ്പെട്ട നിർദ്ദേശങ്ങൾ അദ്ദേഹം അനുസരിക്കാത്തതിനാൽ ഇനി മററു മാർഗ്ഗം കാണുന്നില്ലെന്നാണു് റാൻകോവിക്കു പ്രകടമാക്കിയിരിക്കുന്നതു്. അതിനാൽ ബഹിഷ്കരണം തീർച്ചയാണെന്നും, എപ്പോഴെന്നുള്ള കാര്യമേ തീർച്ചപ്പെടാനുള്ളുവെന്നും മേല്പറഞ്ഞ പാരീസ്റിപ്പോർട്ടിൽ പറയുന്നു. ടിറേറായുടെ ഇംഗ്ലണ്ടുസന്ദർശനം കഴിയുംവരേക്കും കാത്തിരുന്നേക്കുമെന്നും പ്രസ്താവിക്കപ്പെടുന്നു.

#### കാർഡിനൽ സ്പെൽമൻ തപാൽശിപ്പൂൻ ജോലിയിൽ


നവവത്സരം പ്രമാണിച്ചു് അമേരിക്കൻഭടന്മാരെ സന്ദർശിക്കുന്നതിനായി തിരുമേനി കൊറിയായിലെത്തിയിരുന്നു. ഒരു പോസ്റ്റ്പ്യൂണിന്റെ ജോലിയാണു് തദവസരത്തിൽ അദ്ദേഹം നിർവ്വഹിച്ചതെന്നു പറയാം. ഭടന്മാർക്കു കൊടുക്കാനുള്ള പല കെട്ടുകളും തിരുമേനി തന്നോടൊന്നിച്ചു കൊണ്ടുപോയിരുന്നു. ഒരു ലക്ഷത്തോളം സിഗററുകളും, ഇരുപതിനായിരം കാശുരൂപങ്ങളും,

(ശേഷം 11-ാം പേജിൽ)




പത്രാധിപർ: "ഈ കഥ എഴുതിയിരിക്കുന്നതൊന്നും വായിക്കാൻ പാടില്ലല്ലോ. ഒന്നു ടൈപ്പുചെയ്തു കൊണ്ടു വരാൻപാടില്ലായിരുന്നോ?"

"ടൈപ്പു ചെയ്യാനറിയാമായിരുന്നെങ്കിൽപ്പിന്നെ ഈ തൊഴിലിനു തുനിയുമായിരുന്നോ സാറെ?"



"അല്ലാ, മോർണിംഗ് വാക്കിനു് വഴിമുഴുവനങ്ങെടുത്താലോ? ഞാനുമങ്ങോട്ടൊന്നു കടന്നു പൊയ്ക്കോട്ടെ!"